# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

പുസ്തകം 79
ലക്കം 11
നവംബർ 2007
നുബുവ്വത്ത് 1386
ശവ്വാൽ - ദുൽഖഅദ് 1428



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 120 ക.
ഒറ്റപ്രതി - 12 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 6520733
**ഫാക്സ്: 0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**



**4** ***യുഗശബ്ദം***

**5** ***മുഖക്കുറിപ്പ്***

**6** ***ദൈവനിയോഗിതനായ ഇമാമുസ്സമാൻ***
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**ഖുത്ബ**

**7** ***സമ്പന്നർ ദരിദ്രരായ ബന്ധുക്കളെ സഹായിക്കുക***
ഹദ്റത്ത് ഖലീഫത്തുൽ മസീഹ്

**ലേഖനം**

**10** ***ഭരണവ്യവസ്ഥകളുടെ ഇസ്‌ലാമിക മാനങ്ങൾ***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**14** ***ഇൻക്വിസിഷൻ: ഒരു ധൈഷണിക ഭീകരത***
സക്കരിയ്യാ വിർക്ക്

**17** ***വൈദികധർമ്മവും മാംസാഹാരവും***
മർഹൂം മൗലവി നാസിറുദ്ദീൻ അബ്ദുല്ലാഹ്, എച്ച്.എ.

**18** ***അത്ഭുതങ്ങൾ നിറഞ്ഞ ഒരു പ്രബന്ധാവതരണം***
ഹദ്റത്ത് ഭായി അബ്ദുറഹ്മാൻ (റ) ഖാദിയാൻ

**22** ***'ബറാഹീനെ അഹ്മദിയ്യ' - ഹദ്റത്ത് അഹ്മദി(അ)ന്റെ ഒരു ദിവ്യഗ്രന്ഥം***
ഏ.ക്യു. മഹ്ദി

**25** ***പാകിസ്താനിലെ അഹ്മദികളുടെ ദുരവസ്ഥ***
ഡോ. ജോനതൻ എൻസർ, യു.കെ.

**28** ***സൊറോസ്റ്റർ മതം***
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് IV

**32** ***യൂറോപ്പിലെ അഹ്മദിയ്യാ കേന്ദ്രങ്ങൾ***
മുഹമ്മദ് ഉമർ എച്ച്.എ.

**36** ***ഇസ്‌ലാമിലെ അറവുക്രമം***
എൻ. അബ്ദുർറഹീം

**കുറിപ്പുകൾ**

**39** ***യഅ്ജൂജ് മഅ്ജൂജും ബോംബുകളുടെ പിതാവും***

**42** ***അനുസ്മരണം***



Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

Regd. No: 3337/75, Postal Regn. No: KL/CT/108/2006-08. Estd. 1925.
Licensed to post without pre-payment. Licence No: CT/WPP/25/2006-08
THE SATHYADOOTHAN MONTHLY

## ഖുർആനിൽ നിന്ന്


വിശ്വസിച്ചവരേ, നിങ്ങൾ പരിപൂർണ്ണമായി നീതിപാലിക്കുന്നവരും അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ, അത് നിങ്ങൾക്ക് തന്നെയോ (നിങ്ങളുടെ) മാതാപിതാക്കന്മാർക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും. അയാൾ (ആ കക്ഷി) ധനികനോ ദരിദ്രനോ ആണെങ്കിൽ, അല്ലാഹുവാണ് അവർ രണ്ടുപേരോടും (അനുകമ്പ കാണിക്കാൻ) കൂടുതൽ അവകാശപ്പെട്ടവൻ. അതിനാൽ നിങ്ങൾ സ്വേഛയെ പിൻപറ്റരുത്. നിങ്ങൾ നീതി പാലിക്കുന്നതിന് വേണ്ടിയാണിത്. **(4:137)**

## തിരുവചനം

അബൂയൂസുഫ് അബ്ദുല്ലാഹിബ്നു സലാം (റ) നിവേദനം ചെയ്യുന്നു: തിരുമേനി(സ) അരുളിയതായി ഞാൻ കേട്ടു. അല്ലയോ മനുഷ്യരേ! പരസ്പരം സലാം (സമാധാനാശംസ) വ്യാപിപ്പിക്കുക. (അഗതികൾക്ക്) ആഹാരം നൽകുക. ബന്ധുത്വം പാലിക്കുക, ജനങ്ങൾ ഉറങ്ങിക്കിടക്കുമ്പോൾ നിങ്ങൾ നമസ്കരിക്കുക. ഇങ്ങനെ ചെയ്താൽ നിങ്ങൾക്ക് തീർച്ചയായും രക്ഷയോടെ സ്വർഗ്ഗത്തിൽ പ്രവേശിക്കാം.

**(തിർമിദി)**

**യുഗശബ്ദം**



# സ്വാതന്ത്ര്യം അനുവദിക്കുന്ന ഭരണകൂടത്തോട് സമരം അരുത്

**വാഗ്ദത്ത മസീഹ് (അ)**

ഇക്കാലത്ത് അമുസ്ലിം ഭരണാധിപന്മാർ ഇസ്ലാമിന്റെ കാര്യത്തിൽ ഇടപെടുന്നില്ല എന്നത് പ്രത്യക്ഷമാണ്. ഇസ്ലാമിന്റെ അടിസ്ഥാനകർമ്മാനുഷ്ഠാനങ്ങളെ അവർ നിരോധിച്ചിട്ടില്ല. പുതു മുസ്ലിംകളെ അവർ കൊന്നുകളയുന്നുമില്ല. അവരെ തുറുങ്കിലടച്ചു ഭേദ്യം ചെയ്യുന്നുമില്ല. അങ്ങനെയിരിക്കെ, അവർക്കെതിരെ ഇസ്ലാമിന്റെ വാൾ എന്തിനു ചുഴറ്റപ്പെടണം? മതകാര്യത്തിൽ ഇസ്ലാം ഒരിക്കലും ബലപ്രയോഗത്തെ അനുകൂലിച്ചിട്ടില്ല. വിശുദ്ധ ഖുർആനും ഹദീസുകളും ചരിത്രരേഖകളും സൂക്ഷ്മമായി പരിശോധിച്ചിരുന്നുവെങ്കിൽ മതധർമ്മം വളർത്താനായി ഇസ്ലാം വാൾ ചുഴറ്റി എന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതമാണെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടാവുമായിരുന്നില്ല.

***'മസീഹ് ഹിന്ദുസ്ഥാൻ മെ'***

മുഖക്കുറിപ്പ്

# ജനാധിപത്യം

മഹത്തായ ഒരു ഭരണസമ്പ്രദായം എന്ന നിലക്ക് രാഷ്ട്രതന്ത്രജ്ഞന്മാർ ഏറെ വാഴ്ത്തിയിട്ടുള്ള ഒരു ഭരണക്രമമാണ് ജനാധിപത്യം. 'ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ജനങ്ങളുടെ ഭരണം' എന്ന അബ്രഹാംലിങ്കന്റെ ഭുവനപ്രശസ്തമായ നിർവചനം ആളുകൾക്കിടയിൽ ജനാധിപത്യത്തെ ഉദാത്തമായ ഒരു ആദർശമാക്കി മാറ്റി. ആധുനിക ഗവൺമെന്റുകളുടെ പ്രായോഗികാനുഭവങ്ങളുടെ വെളിച്ചത്തിൽ ഇത്രയധികം പവിത്രത കല്പിക്കാൻ മാത്രം നിസ്തുലമായ ഒരു ഭരണസമ്പ്രദായമാണോ ജനാധിപത്യം? മറ്റൊരു ബദൽ അനുഭവത്തിലില്ലാത്തത് കൊണ്ട് നാം ഉത്തമമായി കണക്കാക്കുന്ന ഒരു ആദർശ സങ്കല്പം എന്നേ ഇതിനെ കണക്കാനാവൂ.

ജനാധിപത്യത്തിന്റെ ഈറ്റില്ലമായ പുരാതന ഗ്രീസിൽ നിന്നു തന്നെ അതിന് വിമർശനമുണ്ടായിട്ടുണ്ട്. 'ഭരണഘടനാധിഷ്ഠിതമായ ഭരണക്രമങ്ങളിൽ വെച്ച് ഏറ്റവും താഴ്ന്നതും തലതിരിഞ്ഞതുമായ ഭരണസമ്പ്രദായം' എന്നാണ് അരിസ്റ്റോട്ടലിന്റെ ജനാധിപത്യത്തിന്നെതിരായ വിമർശനം. ഗുണത്തേക്കാളേറെ എണ്ണത്തിന് പ്രാധാന്യം കല്പിക്കുന്ന ജനാധിപത്യം 'തലക്കകത്തുള്ളതെന്തെന്ന് മനസ്സിലാക്കാതെ തലയെണ്ണി കാര്യങ്ങൾ തീരുമാനിക്കുന്നു' എന്നും വിലയിരുത്തപ്പെടുന്നു. ജനാധിപത്യത്തിന്റെ പ്രത്യേകതയാണ് കക്ഷി സമ്പ്രദായം. മൂന്നും നാലും സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ വിജയിക്കുന്നത് പലപ്പോഴും പകുതിയിൽ താഴെ വോട്ട് കിട്ടിയയാളായിരിക്കും. മാത്രമല്ല, അങ്ങനെ ജയിക്കുന്നയാൾക്ക് ജനാധിപത്യത്തിൽ മുഴുവൻ അധികാരവും നൽകപ്പെടുന്നു. അപ്പോൾ അതെങ്ങനെ ജനങ്ങളുടെ ഗവൺമെന്റാകും? ഇത്തരം അടിസ്ഥാന ദൗർബല്യങ്ങൾ പണ്ടുമുതൽക്കെ ജനാധിപത്യത്തിനു നേരെ ഉന്നയിക്കപ്പെട്ട വിമർശനങ്ങളാണ്. കെടുകാര്യസ്ഥതയും ഉത്തരവാദിത്വമില്ലായ്മയും ഉദ്യോഗസ്ഥമേധാവിത്വവും പ്രഷർ ഗ്രൂപ്പുകളുടെയും മാഫിയകളുടെയും സ്വാധീനവും മെല്ലെപ്പോക്കും ജനാധിപത്യത്തിന്റെ നിറം കെടുത്തുന്നു.

ജനാധിപത്യത്തിന്റെ പറുദീസ എന്ന് വിളിക്കപ്പെടുന്ന അമേരിക്കയിലേക്ക് നോക്കൂ. ഇന്ന് തിരഞ്ഞെടുപ്പ് അവിടെ എന്റർടെയ്ൻമെന്റ് മെഗാഷോ പോലെയാണ്. കോടിക്കണക്കിന് ഡോളറുകളുടെ ഫണ്ടും കോടീശ്വരന്മാരുടെ പിന്തുണയുമില്ലെങ്കിൽ ആധുനിക ജനാധിപത്യത്തിന്ന് മൂല്യങ്ങൾ നൽകിയ അബ്രഹാംലിങ്കന്റേയും തോമസ് ജെഫേഴ്സന്റേയും നാട്ടിൽ തിരഞ്ഞെടുപ്പിൽ ജയിക്കാൻ സാധ്യമല്ല. മറ്റൊരു ഈറ്റില്ലമായ ബ്രിട്ടണിൽ ഇറാഖ് യുദ്ധത്തിൽ ജനഹിതത്തിന് വിരുദ്ധമായി പ്രവർത്തിക്കാൻ ടോണി ബ്ലയറിന് സാധിച്ചു. പാകിസ്താനിൽ ഇപ്പോഴത്തെ നിലവെച്ച് നോക്കുമ്പോൾ ജനാധിപത്യത്തേക്കാൾ നല്ലത് പട്ടാളഭരണകൂടമാണെന്ന് തോന്നുന്നു. അവിടെ ജനാധിപത്യം, അധികാരത്തിലെത്തുന്ന കക്ഷി നേതാക്കന്മാർക്ക് കട്ടുമുടിക്കാനും മുല്ലായിസം നടപ്പാക്കാനുമുള്ള ഉപാധിയാണ്. അഴിമതിക്കാരായ മുൻഭരണാധികാരികൾക്ക് നാട്ടിൽ കാലുകുത്താൻ അവസരം നൽകാതെ പാകിസ്താനിൽ പട്ടാളജനറൽ നടത്തിയ തിരഞ്ഞെടുപ്പ് ജനാധിപത്യത്തെ ഏറ്റവും പരിഹാസ്യമാക്കിത്തീർത്തിരിക്കുന്നു. മേൽപറഞ്ഞ തിന്മകളെല്ലാം ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ മറ്റൊരു മഹത്തായ ജനാധിപത്യരാജ്യമായ നമ്മുടെ നാട്ടിലും പ്രതിഫലിക്കുന്നു. ഇങ്ങനെ എല്ലാ ബലഹീനതകളുണ്ടെങ്കിലും ജനാധിപത്യം തന്നെയാണ്. മനുഷ്യന് നീതിപൂർവ്വം ജനക്ഷേമം കൊണ്ടുവരാൻ കഴിയുന്ന ഭരണസമ്പ്രദായം. പക്ഷേ, അത് ജനങ്ങളുടെ ഗുണനിലവാരത്തെ ആശ്രയിച്ചു നിൽക്കുന്നു. ഇസ്‌ലാം ഒരു ഭരണഘടനാസമ്പ്രദായങ്ങളും നിർദ്ദേശിച്ചിട്ടില്ല. സാമൂഹികമൂല്യങ്ങളെ സംബന്ധിച്ചും ചില രീതികളെക്കുറിച്ചും മാത്രം പ്രതിപാദിച്ചു കൊണ്ട് ബാക്കി രാഷ്ട്രീയകാര്യങ്ങൾ മനുഷ്യന്റെ വിവേചനബോധത്തിന് വിടുകയാണ് ചെയ്തത്. ജനങ്ങളുടേയും ഭരണാധികാരികളുടേയും ധാർമ്മിക മൂല്യങ്ങളും നീതിബോധവുമാണ് ഭരണത്തെ ജനക്ഷേമകരമാക്കിത്തീർക്കേണ്ടത്. ജനാധിപത്യത്തേയും, ഏകാധിപത്യത്തേയും പട്ടാളാധിപത്യത്തേയും, അല്പാധിപത്യത്തേയും രാജാധിപത്യത്തേയും മഹത്തരമാക്കിതീർക്കാൻ ധർമ്മത്തിനും നീതിക്കും സാധ്യമാണ് എന്നാണ് മാനവചരിത്രം നൽകുന്ന പാഠം. ●

ലേഖനം

# 'ദൈവനിയോഗിതനായ ഇമാമുസ്സമാൻ'

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

### (വാഗ്ദത്ത മഹ്ദീ മസീഹ്)

ഇപ്പോൾ അവശേഷിക്കുന്ന ചോദ്യം ഇതാണ്: സകലമാന മുസ്‌ലിംകളും യോഗിവര്യന്മാരും (സാഹിദ്) സ്വപ്നദർശികളും, ദിവ്യഭാഷണം സിദ്ധിച്ചവരും (മുൽഹം) എല്ലാം തന്നെ ആരെ പിന്തുടരാൻ ദൈവത്തിൽ നിന്ന് നിർബന്ധിതമാക്കപ്പെട്ടിരിക്കുന്നുവോ ആ ഇമാമുസ്സമാൻ ആരാണ്? ഞാനീ അവസരത്തിൽ നിർഭയം പ്രഖ്യാപിക്കുന്നു. ദൈവാനുഗ്രഹത്താലും അവന്റെ വരപ്രസാദത്താലും ആ ഇമാമുസ്സമാൻ ഞാൻ തന്നെയാകുന്നു:* എന്നിൽ, ആ എല്ലാ അടയാളങ്ങളും എല്ലാ നിബന്ധനകളും ദൈവം ഒരുമിച്ചുകൂട്ടിയിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ തലയ്ക്കൽ തന്നെ എന്നെ നിയോഗിക്കുകയും ചെയ്തിരിക്കുന്നു. അതിൽ പന്ത്രണ്ടു കൊല്ലം കഴിഞ്ഞുകടന്നു. ഇസ്‌ലാമിക വിശ്വാസങ്ങൾ (അഖീദ) ഭിന്നാഭിപ്രായങ്ങൾ കൊണ്ട് നിറഞ്ഞുകിടന്നിരുന്നു. യാതൊരു വിശ്വാസവും തർക്കവിമുക്തമല്ലായിരുന്നു. മസീഹിന്റെ ആരോഹണപ്രശ്നത്തിലും ഏറെ തെറ്റിദ്ധാരണകൾ പരന്നിരുന്നു. വിശ്വാസത്തിലുള്ള ഭിന്നതകളുടേയും സ്ഥിതിയിതാണ്. ചിലർ ഹദ്റത്ത് ഈസാ(അ) ജീവിച്ചിരിക്കുന്നു എന്ന വിശ്വാസക്കാരായിരുന്നു. ചിലർ മരിച്ചു എന്ന വിശ്വാസക്കാരും. ചിലർ ശാരീരികമായ ഇറക്കത്തിൽ വിശ്വസിച്ചുവെങ്കിൽ മറ്റു ചിലർ പ്രതിരൂപാത്മകമായ ഇറക്കത്തിൽ വിശ്വസിക്കുന്നവരായിരുന്നു. ചിലർ ദിമിഷ്കിൽ അദ്ദേഹം ഇറങ്ങുമെന്ന് വിശ്വസിച്ചു. മറ്റു ചിലർ മക്കത്തും വേറെ ചിലർ ബൈത്തുൽ മഖ്ദിസിലും ഇനിയും ചിലർ ഇസ്‌ലാമിക സൈന്യത്തിനിടയിലും ഇറങ്ങുമെന്ന് വിശ്വസിച്ചുപോന്നിരുന്നു. അദ്ദേഹം ഇന്ത്യയിൽ അവതരിക്കുമെന്ന് കരുതിയവരും ഉണ്ടായിരുന്നു. ഈ എല്ലാ അഭിപ്രായവ്യത്യാസങ്ങളും വ്യത്യസ്തങ്ങളായ പ്രസ്താവങ്ങളും ഇവയ്ക്കെല്ലാം തീർപ്പുകൽപിക്കുന്ന ഒരു 'ഹക്ക'മിന്റെ അതായത് വിധികർത്താവിന്റെ ആവശ്യകതയെ ഉയർ ത്തിക്കാട്ടിയിരുന്നു. ആ വിധികർത്താവ് ഞാൻ തന്നെയാകുന്നു. ഞാൻ ആത്മീയാടിസ്ഥാനത്തിൽ കുരിശുമുറിക്കുന്നതിനും മറ്റു തർക്കങ്ങൾ ദൂരീകരിക്കുന്നതിനും അയക്കപ്പെട്ടിരിക്കുകയാണ്. ഈ രണ്ട് കാര്യങ്ങളും തന്നെ ഞാൻ അയക്കപ്പെടുന്നതിനുള്ള നിർബന്ധങ്ങളായിരുന്നു. ഞാൻ എന്റെ സത്യതയിലേക്ക് മറ്റെന്തെങ്കിലും തെളിവ് കാണിക്കേണ്ടതുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, ആവശ്യം തന്നെ സ്വയം തെളിവായിരിക്കുകയത്രെ. എന്നാലും എന്റെ പിന്തുണയ്ക്കായി അല്ലാഹു അനേകം അടയാളങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. ഞാൻ മറ്റ് തർക്കങ്ങളിൽ തീർപ്പ് കൽപിക്കുന്നതിൽ 'ഹക്കം' (വിധികർത്താവ്) ആയിരിക്കുന്നതുപോലെ മസീഹിന്റെ ജീവിപ്പും (ഹയാത്ത്) മരണവും (മൗത്ത്) സംബന്ധിച്ച തർക്കത്തിലും വിധികർത്താവ് ആകുന്നു. മസീഹിന്റെ മരണം സംബന്ധിച്ച് ഇമാം മാലിക്കിന്റെയും ഇമാം ഇബ്നുഹസ്മിന്റെയും പ്രസ്താവനകൾ ശരിയാണെന്ന് പ്രഖ്യാപിക്കുന്നു. മറ്റ് അഹ്‌ലുസുന്നത്തികൾ ഇക്കാര്യത്തിൽ പിഴച്ചവരാണെന്നും കരുതുന്നു. എങ്കിലും 'ഹക്കം' അഥവാ, വിധികർത്താവ് എന്ന നിലയിൽ ഈ കൂട്ടംകൂടുന്നവരിൽ 'നുസൂ'ലിന്റെ പൊതുവെയുള്ള അർത്ഥത്തിൽ അഹ്‌ലുസുന്നത്ത് വിഭാഗം സത്യത്തിൽ തന്നെയെന്നും ഞാൻ വിധി നൽകുന്നു. എന്തുകൊണ്ടെന്നാൽ, മസീഹിന്റെ 'ബുറൂ'സിയായ (പ്രതിച്ഛായാപരമായ) ഇറക്കം ഉണ്ടാവേണ്ടത് ആവശ്യമായിരുന്നു. എന്നാൽ, അവരോഹണത്തിന്റെ അവസ്ഥകൾ വിവരിക്കുന്നതിൽ ഇവരിൽ ചിലർക്ക് തെറ്റുപറ്റിയിരിക്കയാണ്. ഇറക്കം പ്രതിച്ഛായാപരമായ സിഫത്ത് ആയിരുന്നു. അത് 'ഹഖീഖി' അഥവാ അസ്സൽ ആയിട്ടുള്ള ഇറക്കമായിരുന്നില്ല. മസീഹിന്റെ 'വഫാ'ത്തിന്റെ പ്രശ്നത്തിൽ മുഅ്തസിലികളും ഇമാം മാലിക്ക് (റഹ്), ഇമാം ഇബ്നുഹസ്മ് (റഹ്) തുടങ്ങിയവരും അവരുടെ അഭിപ്രായക്കാരും സത്യത്തിലാകുന്നു. എന്തുകൊണ്ടെന്നാൽ, ഖണ്ഡിതവചനമെന്ന നിലയിൽ 'ആയത്തുകരീമ' അതായത് 'ഫലമ്മാ തവഫൈത്തനീ' എന്ന ആയത്തുപ്രകാരം, ക്രിസ്ത്യാനികൾ വഴിപിഴക്കുന്നതിനുമുമ്പെ മസീഹ് മരിച്ചിരിക്കേണ്ടത് ആവശ്യമായിരു

*(ശേഷം 9-ൽ)*

ഖുത്ബ

# സമ്പന്നർ ദരിദ്രരായ ബന്ധുക്കളെ സഹായിക്കുക

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ്

### 8-6-2007ന് ബയ്ത്തുൽ ഫുതൂഹിൽ (ലണ്ടൻ) വെച്ച് ചെയ്ത ഖുത്ബ

സാമ്പത്തികമായ അവസ്ഥയ്ക്ക് സമൂഹത്തിന്റെ ശാന്തിയും സമാധാനവുമായി വലിയ ബന്ധമുണ്ട്. ഇതിനെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയാം. ഏതു സമൂഹത്തിലും സമ്പന്നരും ദരിദ്രരും ഉണ്ടാകും. ആവശ്യക്കാരുമുണ്ടാകും, മറ്റുള്ളവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കി കൊടുക്കുന്നവരുമുണ്ടാകും. ചിലർ സമ്പന്നരായിരുന്നിട്ടും, പിശുക്ക് സ്വഭാവം കാരണത്താൽ, ദീനീപരമായ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കില്ല. ദുരിതങ്ങൾ അനുഭവിക്കുന്നവരുടെ ആവശ്യങ്ങൾ നിറവേറ്റാനും ചെലവഴിക്കില്ല. എത്രത്തോളമെന്നാൽ, അടുത്ത ബന്ധുക്കളോടു നല്ല രീതിയിൽ പെരുമാറാൻ പോലും അവർ തയ്യാറാകുന്നില്ല. അവരുടെ സാമ്പത്തികമായ ആവശ്യങ്ങൾ പരിശോധിച്ച്, തനിക്ക് അല്ലാഹു നല്കിയ ധനത്തിൽ നിന്ന് അവർക്കുവേണ്ടിയും ചെലവഴിക്കണമെന്ന വിചാരമേ ഉണ്ടാകുന്നില്ല. ഇതിന്റെ ഫലമായി ചില നേരത്ത് അത്തരം ബന്ധങ്ങളിൽ വിള്ളലുകൾ ഉണ്ടാകാൻ തുടങ്ങുന്നു. അത് വർദ്ധിച്ച് വർദ്ധിച്ച്, ബന്ധുത്വത്തിന്റെ ബോധം പോലും അവസാനിച്ചുപോകുന്നു. ചിലപ്പോൾ ദരിദ്രരായ ബന്ധുക്കൾക്ക്, സാമ്പത്തികബുദ്ധിമുട്ടുണ്ടാകുന്ന നേരത്ത് ആവശ്യങ്ങൾ ഉണ്ടാകുകയും, അത് പൂർത്തിയാക്കാൻ കഴിയാതെ വരികയും അവരുടെ അടുത്ത ബന്ധുക്കൾ അത് നിറവേറ്റാതിരിക്കുകയും ചെയ്യുമ്പോൾ അതുമുഖേന വെറുപ്പ് അതിന്റെ തീവ്രത കാണിക്കുന്നു.

ആഴത്തിൽ പരിശോധിക്കുകയാണെങ്കിൽ സാമ്പത്തികാടിസ്ഥാനത്തിൽ ദുർബലരായ അഹ്മദികളുടെ ധനത്യാഗം - അവരുടെ വരുമാനത്തെ അപേക്ഷിച്ച് തങ്ങളുടെ സമ്പന്നരായ സഹോദരങ്ങളെക്കാൾ ഉന്നതമാണ്.

എന്തായാലും സമ്പന്നരായ ആളുകൾ, അല്ലെങ്കിൽ മറ്റുള്ളവരെ അപേക്ഷിച്ച് നല്ല നിലയിൽ കഴിയുന്നവർ - അവർ സാമ്പത്തികമായി ദുർബലരായ തങ്ങളുടെ സഹോദരങ്ങളെ ഗൗനിക്കേണ്ടതാണ്. പരസ്പരമുള്ള സ്നേഹവും സന്തോഷവും വർദ്ധിപ്പിക്കാനുള്ള വളരെ വലിയൊരു മാർഗ്ഗമാണിത്. ഞാൻ മുമ്പേയും പറഞ്ഞിരുന്നതുപോലെ, ഒരു മനുഷ്യൻ സലാം പറയുമ്പോൾ, അതുകൊണ്ടുദ്ദേശിക്കുന്നത് ആ വ്യക്തി ആഗ്രഹങ്ങൾക്കും കോപത്തിനും വിധേയനാകാൻ പാടില്ല എന്നതാണ്. തന്റെ ആഗ്രഹങ്ങൾ മാത്രം നിറവേറ്റുക എന്നതാകാതെ തന്റെ സഹോദരന്മാരുടേയും സഹോദരിമാരുടേയും ബന്ധുമിത്രാദികളുടേയും ആഗ്രഹങ്ങളും മാനിക്കേണ്ടവനായിരിക്കേണ്ടതാണ്. ദരിദ്രരേയും ആവശ്യക്കാരേയും ഗൗനിക്കുന്നവനായിരിക്കേണ്ടതാണ്. വെറുപ്പുകൊണ്ടോ ദ്വേഷംകൊണ്ടോ ആവശ്യക്കാരനെ അവഗണിക്കാനോ അവരെ സഹായിക്കുന്നതിൽ നിന്ന് കൈവലിച്ചുകളയാനോ പാടില്ല. ഇതു സംബന്ധിച്ചുള്ള അല്ലാഹുവിന്റെ വ്യക്തമായ നിർദ്ദേശങ്ങൾ നാം എപ്പോഴും ഓർമ്മവയ്ക്കേണ്ടതാണ്.

ഹദ്റത്ത് ആയിശ(റ)യുടെ മേൽ ചിലയാളുകൾ ആരോപണം ഉന്നയിക്കുകയുണ്ടായി. അതൊരു ദീർഘമായ സംഭവമാണ്. ഏതായാലും ആ ആരോപണത്തിൽ നിന്ന് അല്ലാഹു അവരെ മോചിതയാക്കി. ആ ആരോപണം ഉന്നയിച്ചവരിൽ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) സഹായിച്ചുകൊണ്ടിരുന്നവരിൽ ഒരാളുമുണ്ടായിരുന്നു. അദ്ദേഹം വളരെ നല്ല മനുഷ്യനായിരുന്നു. എങ്ങനെയോ കപടവിശ്വാസികളുടെ വാക്കുകളിൽ കുടുങ്ങിപ്പോയതാണ്. അങ്ങനെ ഹദ്റത്ത് ആയിശ(റ) ആ ആരോപണത്തിൽ നിന്ന് മോചിതയായപ്പോൾ, ഹദ്റത്ത് അബൂബക്കർ(റ) ആ ആളെ ഇനിയൊരിക്കലും താൻ സഹായിക്കുകയില്ല എന്ന് സത്യം ചെയ്തു പറഞ്ഞു. അപ്പോൾ അല്ലാഹു പറഞ്ഞു:

***''അതുകൊണ്ട്, അടുത്ത ബന്ധുക്കൾക്കും അഗതികൾക്കും യാത്രക്കാർക്കും അവരുടെ അവകാശങ്ങൾ നൽകുക. അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കുന്നവർക്ക് ഉത്തമം അതാണ്. അവർ തന്നെയാണ് വിജയികൾ. ജനങ്ങളുടെ ധനത്തിൽ വർദ്ധനവുണ്ടാകുന്നതിനുവേണ്ടി നിങ്ങൾ പലിശയായി നല്കുന്ന ധനം, അത് അല്ലാഹുവിന്റെ പക്കൽ വർദ്ധിക്കുന്നില്ല. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് നിങ്ങൾ കൊടുക്കുന്ന സകാത്ത് (വർദ്ധനവുണ്ടാക്കുന്നു). അപ്പോൾ, അവർ തന്നെയാണ് ഇരട്ടിപ്പിക്കുന്നവർ (30:39, 40).***

ഇവിടെ അല്ലാഹു പറഞ്ഞിരിക്കുന്നത്, നിങ്ങളുടെ അടുത്ത ബന്ധുക്കൾക്കും, അഗതികൾക്കും, ദരിദ്രർക്കും, യാത്രക്കാർക്കും അവരുടെ അവകാശം കൊടുക്കുക എന്നാണ്. എന്താണ് അവകാശം, അവരുടെ അവകാശം എന്നു പറയുന്നത് അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിനായി, സാമ്പത്തികമായി നല്ല നിലയിലുള്ളവർ, ചെലവഴിക്കുക എന്നതാണ്. ഇവരിൽ അടുത്തബന്ധുക്കളുണ്ട്, അഗതികളുണ്ട്, ദരിദ്രരുണ്ട്, യാത്രക്കാരുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളേയും ഗൗനിക്കാതെ, തങ്ങളുടെ സഹോദരങ്ങളെ അനാവശ്യം പ്രവർത്തിക്കാൻ വിടുകയാണെങ്കിൽ അത് അത്തരം ദുർബലവിഭാഗങ്ങളെ കുറ്റകൃത്യം ചെയ്യാൻ നിർബന്ധിക്കും.

തന്റേയും തന്റെ ഭാര്യാമക്കളുടേയും ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി സമൂഹത്തിലെ സമാധാനം കെടുത്തുന്ന പ്രവൃത്തികൾ ചെയ്യാൻ അവർ നിർബന്ധിതരാകും. ദരിദ്രരും അഗതികളുമായ ജനവിഭാഗം തങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാകാത്ത കാരണത്താൽ ചിലപ്പോൾ തങ്ങളേക്കാൾ ഉന്നതരായവരെക്കുറിച്ച് അസൂയയും കുശുമ്പും ഊട്ടിവളർത്തും. അവരുടെ ചിന്താഗതികളെ ചൂഷണം ചെയ്ത് സ്വാർത്ഥമതികൾ, സമൂഹത്തിൽ കലഹമുണ്ടാക്കാൻ അവരെ തങ്ങളോടൊപ്പം ചേർക്കുകയും ചെയ്യും. പൊതുവെ നിങ്ങൾ നോക്കുക. ദരിദ്രരാഷ്ട്രങ്ങളിൽ അല്ലെങ്കിൽ അവികസിതരാഷ്ട്രങ്ങളിൽ അവരോടൊപ്പം തെരുവിലിറങ്ങുന്നവർ ഇത്തരക്കാരാണ്. ഇത്തരക്കാർ സമ്പന്നർക്കെതിരിൽ ശബ്ദമുയർത്തുന്നു. സർക്കാറിന്നെതിരിലും ശബ്ദമുയർത്തുന്നു. ഹർത്താലുകൾ നടത്തുന്നു. നിയമലംഘനം ഉണ്ടാക്കുന്നു. അങ്ങനെ രാജ്യം മുഴുവൻ ആഭ്യന്തരകലഹമുണ്ടാകുന്നു. ഇത്തരം കലഹങ്ങൾ ചരിത്രം കാണിച്ചുകൊണ്ടിരുന്നിട്ടുണ്ട്. ഇത്തരം ചില രാഷ്ട്രങ്ങളിലും ഇതു കാണുന്നു. കുഴപ്പങ്ങൾ ഉണ്ടാകാനുള്ള കാര്യങ്ങളിൽ ഒരു വലിയ കാരണം സാമ്പത്തിക പരാധീനതയാണ്. പിന്നീടിത് ഇവിടെ നില്ക്കുകയില്ല. അത്തരം വിഭാഗം പിന്നീട് അല്ലാഹുവിൽ നിന്നും അകന്നുകൊണ്ടേ പോകും. ഇപ്രകാരം, തങ്ങളുടെ പണം തങ്ങളിൽ മാത്രം പരിമിതപ്പെടുത്തി വയ്ക്കുന്നവരും, ദരിദ്രരോടുള്ള കടമ നിറവേറ്റാത്തവരും അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കാത്ത കാരണത്താൽ, അല്ലാഹുവിൽ നിന്ന് അകന്നുപോകുന്നു.

ഇസ്‌ലാമിന്റെ വാദം, അത് തികവാർന്നതും പരിപൂർണ്ണവുമാണെന്നതാണ്. ഇതിൽ എല്ലാ കാര്യത്തിന്റേയും എല്ലാതരം ആളുകളുടേയും ആവശ്യങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്; സമൂഹം സമാധാനപൂരിതമായിരിക്കുന്നതിനും, സ്രഷ്ടാവായ അല്ലാഹുവിലേക്ക് ശ്രദ്ധയുണ്ടാകുന്നതിനും അതിന്റെ കടമ നിറവേറ്റപ്പെടുന്നതിനും വേണ്ടിയാണിത്. ഒരു മുസ്‌ലിമിന്റെ പരിശുദ്ധമായ കർമ്മാവസ്ഥ തന്നെയാണ്, അവനെ ഇസ്‌ലാമിന്റെ യഥാർത്ഥ മാതൃക കാണിക്കുന്നവനാക്കിത്തീർക്കുന്നത്. അല്ലാഹു നമുക്കു നല്കിയ അധ്യാപനത്തിന്റെ കിരണങ്ങൾ അവൻ കാണിക്കുന്നു. ഇല്ലെങ്കിൽ കേവലം മുസ്‌ലിമാണെന്നുള്ള വാദത്തിന് ഒരു പ്രാധാന്യവുമില്ല. നാം കണ്ടതുപോലെ, അല്ലാഹുവിന്റെ കല്പനകളിൽ ഒന്ന്, സമൂഹത്തിലെ ദുർബലരും ദരിദ്രരുമായ ജനവിഭാഗത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുക എന്നതാണ്. ഇതിനുവേണ്ടിയാണ് ഇസ്‌ലാമിൽ സക്കാത്ത് കൊടുക്കാനും സദഖ കൊടുക്കാനും പരസ്പരം സമ്മാനം കൈമാറാനുമുള്ള കല്പനയുള്ളത്. ഹദീസിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: "പരസ്പരം നിങ്ങൾ സമ്മാനം കൊടുക്കുക, അതുമുഖേന സ്നേഹം വർദ്ധിക്കുന്നു." സക്കാത്തിന് ഇസ്‌ലാമിൽ എത്രമാത്രം പ്രാധാന്യമാണുള്ളത്. വിശുദ്ധ ഖുർആനിൽ വിവിധ സ്ഥലങ്ങളിൽ ഇതിനെക്കുറിച്ച് കല്പനകൾ വരുന്നുണ്ട്. കാരണം ഇതുമുഖേനയാണ് ഇസ്‌ലാമിക സർക്കാരിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നത്. അതുകൊണ്ട് ദരിദ്രരുടെ ആവശ്യങ്ങൾ നിറവേറ്റാനും ശ്രദ്ധിക്കുന്നു.

നമസ്കാരം നിലനിറുത്താൻ പറയുന്നതിനോടൊപ്പം സക്കാത്തിനെക്കുറിച്ചും അധികമായി പറഞ്ഞിരിക്കുന്നു. ഇതു വളരെ പ്രധാനപ്പെട്ട കാര്യമാണ്. സക്കാത്ത് നിർബന്ധമായിട്ടുള്ളവർ അതുകൊടുക്കുക തന്നെ വേണം. ഇപ്രകാരം കഴിവുള്ള മുസ്‌ലിം തന്റെ ധനത്തിൽ നിന്ന് അടുത്ത ബന്ധുക്കൾക്കും അഗതികൾക്കും വേണ്ടി ചെലവഴിക്കേണ്ടത് അങ്ങേയറ്റം നിർബന്ധമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: സത്യസന്ധമായ നിലയിൽ നന്മ പ്രവർത്തിക്കുന്നവർ, അല്ലാഹുവിന്റെ ഇഷ്ടത്തിനായി തങ്ങളുടെ അടുത്ത ബന്ധുക്കളെ തങ്ങളുടെ ധനംകൊണ്ട് സഹായിക്കുന്നു. ഇപ്രകാരം, യതീംകളുടെ വിദ്യാഭ്യാസത്തിനും പരിപാലനത്തിനും വേണ്ടി ചെലവഴിക്കുന്നു. അഗതികളെ പട്ടിണിയിൽ നിന്ന് രക്ഷിക്കുന്നു. യാത്രക്കാരേയും യാചകരേയും സേവിക്കുന്നു. ഇതാണ് സത്യവിശ്വാസികളുടെ സമൂഹത്തിന്റെ യഥാർത്ഥ മാതൃക. ഇതു തന്നെയാണ് അനുവർത്തിക്കപ്പെടേണ്ടതും.

ഞാനോതിയ രണ്ടാമത്തെ വചനത്തിൽ അല്ലാഹു സമൂഹത്തിലെ ഒരു സാമ്പത്തിക പ്രശ്നത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അത് എന്നെന്നും സമൂഹത്തിൽ കുഴപ്പമുണ്ടാക്കിക്കൊണ്ടേയി

രിക്കുന്ന ഒന്നാണ്. ഇന്നും അതിനെ ഉത്തമമായ സമ്പദ്‌വ്യവസ്ഥിതിക്കുള്ള ഒരു പ്രധാന വസ്തുവായിട്ടാണ് മനസ്സിലാക്കുന്നത്. പക്ഷേ, അത് വാസ്തവത്തിൽ ഓരോ വ്യക്തിയേയും അവരറിയാതെ കടക്കെണിയിൽ കുടുക്കിക്കൊണ്ടുപോകുകയാണ്. അതാണ് ഈ പരിശുദ്ധവചനത്തിൽ പറഞ്ഞ പലിശ. പലിശ അല്ലാഹു ശക്തമായ നിലയിൽ നിരോധിച്ചിരിക്കുന്നു. കാരണം ഇത് ദരിദ്രരെ എന്നെന്നേക്കുമായി ദാരിദ്ര്യത്തിൽ കുടുക്കിയിടുന്നു. ഈ ആയത്തിൽ പലിശയെക്കുറിച്ച് പറഞ്ഞുകൊണ്ട് ഇതിനു മുമ്പേയുള്ള വചനവുമായി താരതമ്യം ചെയ്തിരിക്കുകയാണ്. പലിശ നിങ്ങൾക്കെന്താണ് തരുന്നത്? ദരിദ്രരെ സഹായിക്കുന്നതിനായി അവരുടെ അവകാശം എന്ന നിലയിൽ നിങ്ങൾ കൊടുക്കുന്ന സക്കാത്തും സമ്മാനവും കൊണ്ട് നിങ്ങൾക്കെന്ത് നേട്ടമാണ് ലഭിക്കുന്നത്?

ഒന്നാമത്തെ കാര്യം ഓർക്കുക, അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ട് നിങ്ങൾ ചെയ്യുന്നതിൽ തീർച്ചയായും നിങ്ങൾക്ക് വിജയമുണ്ടാകുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഇതിന്റെ കാഴ്ചകൾ ഈ ലോകത്തും നിങ്ങൾ കാണും, അടുത്ത ലോകത്തും കാണും. ഏറ്റവും വലിയ വിജയമെന്നു പറയുന്നത്, അല്ലാഹു തൃപ്തിപ്പെടുക എന്നതാണ്. രണ്ടാമത്തെ വിജയം തികവാർന്നതും പരിപൂർണ്ണമായതുമായ സമൂഹത്തിന്റെ സ്ഥാപനമാണ്. പിന്നീട് മരിച്ചതിനുശേഷം അല്ലാഹുവിന്റെ ഇച്ഛകൊണ്ട് അനശ്വരമായ സ്വർഗ്ഗത്തിന് അവകാശികളാകും. ഇവിടെ നിങ്ങൾക്ക് എപ്പോഴും സമാധാനം എന്ന സമ്മാനം കിട്ടിക്കൊണ്ടിരിക്കും. പക്ഷേ, അല്ലാഹുവിനോട് ധിക്കാരം കാണിച്ചുകൊണ്ട് പലിശ ഇടപാടുകളിൽ അകപ്പെട്ടിരിക്കുന്നവർ എന്താണ് സമ്പാദിക്കുന്നത്, അവരോട് അല്ലാഹു യുദ്ധം പ്രഖ്യാപിക്കുന്നു. ആർക്കെതിരിലാണോ അല്ലാഹു യുദ്ധം പ്രഖ്യാപിക്കുന്നത്, അവർക്ക് ഈ ലോക ത്തും ഒരു സ്ഥാനവും ഉണ്ടാകുകയില്ല. പരലോകത്തിലാണെങ്കിൽ ശിക്ഷ ഏല്ക്കേണ്ടിവരികയും ചെയ്യും. ●

**വിവ: മുഹമ്മദ് ഇസ്മായിൽ**

---

*(6-ൽ നിന്ന് തുടർച്ച)*

ന്നു. ഇത് എന്റെ ഭാഗത്തുനിന്നുള്ള വിധി എന്ന നിലയിലുള്ള തീരുമാനമാകുന്നു. ഇനി ആർ എന്റെ ഈ തീർപ്പിനെ സ്വീകരിക്കുന്നില്ലയോ അയാൾ, എന്നെ ആരാണോ 'ഹക്കം' ആയി നിശ്ചയിച്ചിട്ടുള്ളത് അവനെ സ്വീകരിക്കുന്നില്ല. പിന്നെ, 'നീ ഹക്കം ആണെന്നതിലേക്ക് തെളിവെന്താണ് എന്ന് ചേദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി ഇതാണ്. ഏതൊരു കാലത്താണോ 'ഹക്കം' വരേണ്ടിയിരുന്നത് ആ കാലം ഇതാ ഇത് തന്നെയാണ്. ഏതൊരു ജനതയുടെ കുരിശുമരണ വിശ്വാസപരമായ തെറ്റുകളെ 'ഹക്കം' തിരുത്തേണ്ടിയിരുന്നുവോ ആ 'ഖൗം' ഇവിടെ ഉണ്ട്. ഈ ഹക്കമിന്റെ കാര്യത്തിൽ ഏതെല്ലാം അടയാളങ്ങൾ സാക്ഷ്യം നൽകേണ്ടിയിരുന്നുവോ ആ അടയാളങ്ങളെല്ലാം വെളിപ്പെട്ടുമിരിക്കുന്നു. ഇപ്പോഴും അടയാളങ്ങളുടെ പരമ്പര ആരംഭിച്ചിട്ടേ ഉള്ളൂ. ആകാശം അടയാളങ്ങൾ വെളിപ്പെടുത്തുന്നു. ഭൂമിയും അടയാളം വെളിപ്പെടുത്തുന്നു. ആരുടെ കണ്ണുകൾ ഇപ്പോൾ പൂട്ടിക്കിടക്കുന്നില്ലയോ അവരാണ് അനുഗൃഹീതർ.

പഴയ അടയാളങ്ങളിൽതന്നെ നിങ്ങൾ വിശ്വസിക്കണമെന്ന് ഞാൻ പറയുന്നില്ല. ഞാൻ 'ഹക്കം' അല്ലെങ്കിൽ എന്റെ അടയാളങ്ങളോട് മത്സരിക്കാൻ മുന്നോട്ടു വരുവിൻ എന്നാണ് ഞാൻ പറയുന്നത്. വിശ്വാസപരമായ ഭിന്നിപ്പുകളുടെ കാലത്ത് പ്രത്യക്ഷപ്പെട്ടിട്ടുള്ള എനിയ്ക്കെതിരിൽ എല്ലാ വിവാദങ്ങളും നിരർത്ഥകങ്ങളാകുന്നു. 'ഹക്ക'മിന്റെ കാര്യത്തിൽ സംവാദം ചെയ്യാൻ എല്ലാവർക്കും അവകാശമുണ്ട്. അത് ഞാൻ പൂർത്തിയാക്കിയിരിക്കുന്നു. ദൈവം എനിക്ക് നാല് അടയാളങ്ങൾ നൽകിയിട്ടുണ്ട്.

1. വിശുദ്ധ ഖുർആൻ ആകുന്ന അത്ഭുത ദൃഷ്ടാന്തത്തിന്റെ പ്രതിഛായയെന്നോണം, അറബിഭാഷയിലുള്ള സാഹിത്യചാതുരിയുടെയും അലങ്കാരവിദ്യയുടെയും ദൃഷ്ടാന്തം എനിക്ക് നൽകപ്പെട്ടിരിക്കുന്നു. എനിയ്ക്കെതിരിൽ മത്സരിക്കാൻ ആരും ശക്തരല്ല.

2. വിശുദ്ധ ഖുർആനിലെ സത്യങ്ങളും ദിവ്യജ്ഞാനങ്ങളും വിവരിക്കുന്ന കാര്യത്തിൽ എനിയ്ക്ക് ദൃഷ്ടാന്തം നൽകപ്പെട്ടിരിക്കുന്നു. എനിക്കെതിരിൽ മത്സരിക്കാൻ ആരും ശക്തരല്ല.

3. ധാരാളം പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്ന കാര്യത്തിൽ എനിക്ക് ദൃഷ്ടാന്തം നൽകപ്പെട്ടിരിക്കുന്നു. എനിക്കെതിരിൽ മത്സരിക്കാൻ ആരും ശക്തരല്ല. എന്റെ മൂവായിരത്തോളം പ്രാർത്ഥനകൾ സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്ന് ഞാൻ സത്യം ചെയ്തുപറയുന്നു. എന്റെ പക്കൽ ഇതിലേയ്ക്കുള്ള തെളിവുകളും ഉണ്ട്.

4. പരോക്ഷ കാര്യങ്ങളുടെ ദൃഷ്ടാന്തം എനിക്ക് നൽകപ്പെട്ടിരിക്കുന്നു. എനിക്കെതിരിൽ ഇക്കാര്യത്തിൽ മത്സരിക്കാൻ ആരും ശക്തരല്ല. ഇത് സംബന്ധിച്ച ദൈവികസാക്ഷ്യങ്ങൾ എന്റെ പക്കൽ ഉണ്ട്. റസൂൽ കരീം (സ) തിരുമേനിയുടെ പ്രവചനങ്ങൾ, വെട്ടിത്തിളങ്ങുന്ന ദൃഷ്ടാന്തങ്ങളെന്നോണം എനിക്കനുകൂലമായി പൂർത്തിയായിരിക്കുന്നു. ●

**(സറൂറത്തുൽ ഇമാം)**

**വിവ: എൻ. അബ്ദുറഹീം**

**'ഭാഷയുടേയും സംസ്കാരത്തിന്റേയും ഉദ്ഭവം' എന്ന ലേഖനപരമ്പര അടുത്തലക്കത്തിൽ പ്ര സിദ്ധീകരിക്കുന്നതാണ്.**

**– എഡിറ്റർ**

ലേഖനം

# ഭരണവ്യവസ്ഥകളുടെ ഇസ്‌ലാമിക മാനങ്ങൾ

ഹദ്‌റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**ഭരണരീതികൾ എന്തുമായിക്കൊള്ളട്ടെ, മൂല്യങ്ങളോടുള്ള പ്രതിബദ്ധതയാണ് ഭരണത്തിന്റെ വിജയം നിർണയിക്കുന്നത്.**

ദേശീയ രാഷ്ട്രീയം പരിഗണിക്കുമ്പോൾ ഏറ്റവും പ്രധാന പ്രശ്നം ഏത് വിധത്തിലുള്ള രാഷ്ട്രീയ സംവിധാനമാണ് നന്മ അല്ലെങ്കിൽ തിന്മ എന്നുള്ളതാണ്. ഒരു രാഷ്ട്രീയ വ്യവസ്ഥ പരാജയമാണെങ്കിൽ ജനങ്ങളുടെ അസംതൃപ്തിക്കും ദുരിതത്തിനും കാരണം ആ വ്യവസ്ഥയിൽ അന്തർലീനമായ തകരാറുകളാണോ അതല്ല മറ്റു വല്ല കാരണങ്ങളാണോ എന്ന കാര്യവും നാം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. വ്യവസ്ഥയോ അതല്ല അതിന്റെ നടത്തിപ്പുകാരോ ആരാണ് കുറ്റവാളികൾ? ധാർമ്മിക ബോധമില്ലാത്തവരും സ്വാർത്ഥമതികളും അത്യാഗ്രഹികളും അഴിമതിക്കാരുമായ രാഷ്ട്രീയ നേതൃത്വം ജനാധിപത്യ മാർഗ്ഗത്തിൽ അധികാരത്തിലേറിയത് കൊണ്ട് മാത്രം മാന്യനായ ഏകാധിപതിയേക്കാൾ സമൂഹത്തിന് നന്മയും ക്ഷേമവും കൊണ്ടുവരുമോ?

അന്തർദേശീയ സമാധാനം സ്ഥാപിക്കുന്നതിനും ഉറപ്പ് വരുത്തുന്നതിനും ഇസ്‌ലാമിന് സമകാലീന രാഷ്ട്രീയക്കാരോട് ചില ഉപദേശങ്ങളുണ്ട്. മനുഷ്യന്റെ സകല പ്രവർത്തന രംഗങ്ങളിലും കേവല നീതി (Absolute Justice) കൊണ്ടുവരുന്നതിൽ ഇസ്‌ലാം അസാധാരണമായ രീതിയിൽ പ്രാധാന്യം കല്പിക്കുന്നു. രാഷ്ട്രീയ രംഗവും ഇതിൽ നിന്നൊഴിവല്ല.

## ഏതൊരു രാഷ്ട്രീയ വ്യവസ്ഥക്കെതിരെയും അടച്ചാക്ഷേപമില്ല

എല്ലാറ്റിനും ബദലായിക്കൊണ്ട് മാതൃകാപരമായ ഒരു രാഷ്ട്രീയ വ്യവസ്ഥ എന്ന നിലക്ക് ഇസ്‌ലാം ഒന്നും മുന്നോട്ടു വെക്കുന്നില്ല എന്ന നിരീക്ഷണത്തോടെയാണ് നാം ഇവിടെ ആരംഭിക്കുന്നത്.

ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഭരണാധികാരികളുള്ള ഒരു ജനാധിപത്യ വ്യവസ്ഥയെക്കുറിച്ച് ഖുർആൻ പറയുന്നുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ, ആ ഒരു വ്യവസ്ഥ മാത്രമല്ല, ഇസ്‌ലാം മുന്നോട്ടു വെക്കുന്നത്. ഭൂമുഖത്തെ എല്ലാ മേഖലയിലും സമൂഹങ്ങളിലും ഒരേയൊരു ഭരണ മാതൃക അതിന്റെ പ്രായോഗികതയെപ്പറ്റി പരിഗണിക്കാതെ മുന്നോട്ടുവെക്കുക എന്നത് ഒരു സാർവ്വജനീന മതത്തിന്റെ അടിസ്ഥാന സവിശേഷതയായിരിക്കാൻ സാധ്യതയില്ല.

ജനാധിപത്യത്തിന്റെ പരമസാക്ഷാൽക്കാരമായ കുറ്റമറ്റ സിവിൽ ഭരണസമ്പ്രദായം എന്ന നിലക്ക് ലോകത്തിലെ ഏറ്റവും പുരോഗമിച്ച രാജ്യങ്ങളിൽ വരെ ജനാധിപത്യ സമ്പ്രദായം വേണ്ട വിധത്തിൽ വികസിച്ചിട്ടില്ല. മുതലാളിത്തത്തിന്റെ ഉദയമുണ്ടായിട്ടും അവിടങ്ങളിൽ ഏറ്റവും ഫലപ്രദമായ ഭരണ സംവിധാനങ്ങൾ കെട്ടിപ്പടുത്തിട്ടും യഥാർത്ഥ ജനാധിപത്യ രീതിയിലുള്ള തിരഞ്ഞെടുപ്പുകൾ അവിടെ നടത്തപ്പെടാറില്ല.

അഴിമതിയുടെ വളർച്ചയും മാഫിയാ സംഘങ്ങളുടെ രംഗപ്രവേശനവും മറ്റു സമ്മർദ്ദ ഗ്രൂപ്പുകളുടെ ഇടപെടലുകളും ഇതിന് പുറമെയാണ്. അതുകൊണ്ട് ജനാധിപത്യം വികസിത രാജ്യങ്ങളിൽ പോലും സുരക്ഷിതമായ കരങ്ങളിലല്ല വർത്തിക്കുന്നത് എന്ന് ഏതൊരാൾക്കും എളുപ്പത്തിൽ പറയാൻ സാധിക്കും. അങ്ങനെ വരുമ്പോൾ എങ്ങനെ അത് മൂന്നാം ലോകത്തിന് യോജിച്ചതായിത്തീരും? അതായത് പാശ്ചാത്യ ജനാധിപത്യം ആഫ്രിക്ക, ഏഷ്യ, തെക്കനമേരിക്കൻ രാജ്യങ്ങൾ, ഇസ്‌ലാമിക രാഷ്ട്രങ്ങൾ

എന്ന് വിളിക്കപ്പെടുന്ന രാജ്യങ്ങൾ എന്നിവിടങ്ങളിലെല്ലാം നിലനിൽക്കാൻ കഴിയും എന്ന വാദം അയഥാർത്ഥവും തികച്ചും പൊള്ളയായതുമായ അവകാശവാദം മാത്രമാണ്. എന്റെ അഭിപ്രായത്തിൽ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ ലോകത്തിലെ ഒരു രാഷ്ട്രീയ ഭരണ സമ്പ്രദായത്തേയും നിഷേധിക്കുന്നില്ല. ഇസ്‌ലാം അത് ജനങ്ങളുടെ ഹിതത്തിനും ചരിത്രപരമായി അതാത് രാജ്യത്ത് രൂഢമൂലമായിട്ടുള്ള പാരമ്പര്യങ്ങൾക്കും വിട്ടുകൊടുക്കുന്നു. ഇസ്‌ലാം ഒരു ഭരണ വ്യവസ്ഥയുടേയും രൂപമെന്തായിരിക്കണമെന്നതിൽ ഊന്നൽ കൊടുക്കുന്നില്ല. പകരം ഭരണം എങ്ങനെ നിർവ്വഹിക്കുന്നു എന്നതിലാണ് ശ്രദ്ധിക്കുന്നത്.

ഇസ്‌ലാമിക മൂല്യങ്ങളെ സാക്ഷാൽക്കരിക്കുന്ന രീതിയിൽ പൗരന്മാരോടുള്ള ഉത്തരവാദിത്തം നിർവ്വഹിക്കുന്ന ഏതൊരു ഭരണവ്യവസ്ഥക്കും, അത് ഫ്യൂഡലിസമോ ജനാധിപത്യമോ ഏകാധിപത്യമോ എന്തുമാകട്ടെ, ഇസ്‌ലാമികമായി അതിന് സാധുതയുണ്ട്.

### രാജഭരണം

ഒരു രാഷ്ട്രീയ വ്യവസ്ഥ എന്ന നിലക്ക് യാതൊരു വിധ കുറ്റപ്പെടുത്തലിനും കുറിമാനമാക്കാതെ ആവർത്തിച്ചാവർത്തിച്ച് രാജഭരണത്തെപ്പറ്റി വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നു.

ഒരു ഇസ്രായേലീ പ്രവാചകൻ ഇസ്രായേലികളുടെ താലൂത്ത് രാജാവിനെ അനുസ്മരിക്കുന്നത് ഇപ്രകാരമാണ്:

"അല്ലാഹു താലൂത്തിനെ നിങ്ങൾക്ക് രാജാവായി നിശ്ചയിച്ചിരിക്കുന്നുവെന്ന് അവരുടെ പ്രവാചകൻ അവരോടു പറഞ്ഞു. അപ്പോൾ അവർ ചോദിച്ചു. "രാജാധികാരത്തിനുള്ള അർഹത അദ്ദേഹത്തെക്കാൾ ഞങ്ങൾക്കുണ്ടായിരിക്കെ എങ്ങനെയാണ് അദ്ദേഹത്തിനു ഞങ്ങളുടെ മേൽ ആധിപത്യം ലഭിക്കുക? അദ്ദേഹത്തിന് ധനസമൃദ്ധിയും നൽകപ്പെട്ടിട്ടില്ലല്ലോ. അദ്ദേഹം (അവരുടെ പ്രവാചകൻ) പറഞ്ഞു: "നിശ്ചയമായും അല്ലാഹു അദ്ദേഹത്തെ നിങ്ങളേക്കാൾ ശ്രേഷ്ഠനാക്കുകയും അദ്ദേഹത്തിന് (അവൻ) വിശാലമായ പാണ്ഡിത്യവും ശരീരബലവും നൽകുകയും ചെയ്തിട്ടുണ്ട്. അല്ലാഹു ഇഛിക്കുന്നവർക്ക് അവൻ തന്റെ ആധിപത്യം നൽകുന്നു. അല്ലാഹു വിശാലതയുള്ളവനും സർവ്വജ്ഞനുമാകുന്നു. (2:248)

രാജാധിപത്യം എന്നത് വിശാലാർത്ഥത്തിൽ ജനങ്ങൾ തന്നെയാണ് രാജാക്കന്മാർ എന്ന രീതിയിലാണ് ഖുർആൻ ഒരു സ്ഥലത്ത് പറയുന്നത്.

"മൂസാ തന്റെ ജനതയോട് പറഞ്ഞ സന്ദർഭം (ഓർക്കുക). എന്റെ ജനമേ! നിങ്ങളിൽ (അല്ലാഹു) പ്രവാചകന്മാരെ നിശ്ചയിക്കുകയും നിങ്ങളെ രാജാക്കന്മാരാക്കുകയും സമുദായങ്ങളിൽ ആർക്കും നൽകിയിട്ടില്ലാത്തതായ അനുഗ്രഹങ്ങൾ നിങ്ങൾക്കു നൽകുകയും ചെയ്തപ്പോൾ അല്ലാഹു നിങ്ങൾക്ക് പ്രദാനം ചെയ്ത അവന്റെ അനുഗ്രഹത്തെ ഓർക്കുക." (5:21)

ദേശങ്ങളെ പിടിച്ചടക്കിക്കൊണ്ട് രാജാധിപത്യം സൃഷ്ടിക്കപ്പെടുന്നതും വികസിപ്പിക്കപ്പെടുന്നതും പൊതുവേ ഖുർആൻ അവമതിപ്പോടെയാണ് കാണുന്നത്. ബൽഖീസ് രാജ്ഞി തന്റെ ഉപദേശകന്മാരോട് പറഞ്ഞ ഒരു വചനം ഖുർആൻ രേഖപ്പെടുത്തിയത് ഇങ്ങനെയാണ്: അവൾ പറഞ്ഞു: "രാജാക്കന്മാർ ഒരു നാട്ടിൽ പ്രവേശിച്ചാൽ അവരതിനെ തകർത്തുകളയുകയും ആ നാട്ടുകാരിലെ മാന്യന്മാരെ നിന്ദ്യരാക്കുകയും ചെയ്യും. അവർ അങ്ങനെത്തന്നെയാണ് ചെയ്യുക." (27:35)

ജനാധിപത്യ രീതിയിൽ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടുമാരേയോ, പ്രധാനമന്ത്രിമാരേയോ പോലെ രാജാക്കന്മാരിലും നല്ലവരും മോശക്കാരും ഉണ്ടാവാം. എന്നാൽ വിശുദ്ധഖുർആനിൽ ദൈവത്താൻ നിയോഗിതരായ ചില രാജാക്കന്മാരെപ്പറ്റി പറയുന്നു. സുലൈമാൻ (അ) രാജാവിനെപ്പോലുള്ളവരാണവർ. യഹൂദികളും ക്രിസ്ത്യാനികളും കരുതുന്നത് പോലെ അദ്ദേഹം രാജാവ് മാത്രമായിരുന്നില്ല. ഖുർആൻ പ്രകാരം അദ്ദേഹം അല്ലാഹുവിന്റെ പ്രവാചകൻ കൂടിയായിരുന്നു. ഇതിൽ നിന്നും മനസ്സിലാക്കാവുന്നത് ചിലപ്പോൾ പ്രവാചകത്വപദവിയും ഭരണാധികാരവും ഒരേ വ്യക്തിയിൽ തന്നെ സമ്മേളിക്കുമെന്നാണ്. അവരുടെ ഭരണപരമായ പരമാധികാരത്വം ദൈവത്തിൽ നിന്ന് നേരിട്ട് ലബ്ധമാവുന്നതാണ്.

മറ്റൊരു രീതിയിലുള്ള പരമാധികാരത്വം ഖുർആനിൽ പ്രതിപാദിച്ചത് പ്രവാചകത്വം മുഖേന ലഭിക്കുന്നതാണ്. താഴെ പറയുന്ന വചനത്തിൽ ഇക്കാര്യം വ്യക്തമാവുന്നു.

"വിശ്വസിച്ചവരേ, അല്ലാഹുവിനെ അനുസരിക്കുക (അവന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥരേയും അനുസരിക്കുക. പിന്നെ നിങ്ങൾ ഏതെങ്കിലും ഒരു കാര്യത്തിൽ അന്യോന്യം ഭിന്നിച്ചാൽ അത് അല്ലാഹുവിങ്കലേക്കും (അവന്റെ) ദൂതങ്കലേക്കും (തീരുമാനത്തിനായി) ഏല്പിക്കുക, നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ. അതാണ് ഏറ്റവും ഉത്തമമായതും ഏറ്റവും നല്ല ഗുണപര്യവസായിയും (4:60)

ഈ ഖുർആൻ വചനങ്ങൾ നാം തിരഞ്ഞെടുത്തത് ഭരണാധികാരികളുടെ തരംതിരിവിന് വേണ്ടി മാത്രമല്ല. ഖുർആന്റെ അടിസ്ഥാനത്തിൽ ജനാധിപത്യ സമ്പ്രദായം എല്ലായ്പ്പോഴും ശരിയായിരിക്കണമെന്നില്ല എന്ന് സമർത്ഥിക്കാൻ കൂടിയാണ്. ജനങ്ങളുടെ മൃഗീയ ഭൂരിപക്ഷത്തിന് ചിലപ്പോൾ ഒരു വ്യക്തിയിലെ മഹത്വമാർന്ന നേതൃത്വഗുണങ്ങൾ കണ്ടെത്തുവാൻ സാധ്യ മായില്ല എന്ന് വരും. നേതൃഗുണമുള്ള ഒരാൾ ഭരണാധികാരിയായി സ്വയം അധികാരസ്ഥനായാൽ തന്നെ ജനങ്ങൾ ആ നിയമനത്തിലുള്ള പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യും. എല്ലാ രാഷ്ട്രീയ മാനദണ്ഡവുമനുസരിച്ച് അദ്ദേഹത്തിന്റെ നിയമനം ഏകാധിപത്യമാണെന്ന് മുറ

വിളിയുയരും. ഇത്തരം തീരുമാനങ്ങൾ ജനഹിതത്തിനെതിരായിരിക്കാം. പക്ഷേ ജനങ്ങളുടെ താല്പര്യത്തിനെതിരാകണമെന്നില്ല. ജനകീയ ജനാധിപത്യത്തിന്റെ ഒരു ആന്തരിക ദൗർബല്യമെന്താണെന്ന് വെച്ചാൽ, ജനങ്ങൾ അവരുടെ അഭിപ്രായങ്ങൾ രൂപീകരിക്കുന്നത് ബഹിർഭാഗസ്ഥമായ പുറംമോടികളിൽ ആകൃഷ്ടരായും, തൊട്ടടുത്ത് നടന്ന സംഭവങ്ങളെ വിലയിരുത്തിക്കൊണ്ടുമാണ്. അവരുടെ ആത്യന്തികമായ നന്മക്ക് യോജിച്ച രീതിയിൽ തികച്ചും യോഗ്യനായ ഒരാളെ കണ്ടെത്തുന്നതിൽ അവരുടെ വിധിയെഴുത്ത് പരാജയപ്പെടുകയും ചെയ്യുന്നു. ദൈവത്തിന്റെ സ്നേഹത്തിന് പാത്രമായ ജനങ്ങളുടെ ചരിത്രം പരിശോധിച്ചാൽ നമുക്ക് ബോദ്ധ്യമാവുന്ന ഒരു കാര്യം, ആ ജനതയ്ക്ക് രാഷ്ട്രീയ അതിജീവനത്തിന്റെ സമ യം ആഗതമായാൽ ദൈവികമായ ഇടപെടലുകൾ ഉണ്ടാവുന്നു എന്നതാണ്. അത്തരം സന്ദർഭങ്ങളിൽ ദൈവം തന്റെ അഭീഷ്ടത്തിനനുസരിച്ചുള്ള ഒരു ഭരണാധികാരിയെ അല്ലെങ്കിൽ നേതാവിനെ അവന്റെ കരങ്ങളാൽ തന്നെ നിയോഗിക്കുന്നു. ഇതിൽ നിന്ന് എല്ലാ ഭരണാധികാരികളും നേതാക്കന്മാരും ദിവ്യമായ രീതിയിൽ അധികാരമുള്ളവരാണെന്ന് അർത്ഥമില്ല. ഇത് മധ്യകാല ഘട്ടത്തിലെ ഒരു ക്രിസ്തീയ ദുർധാരണയാണ്. ഖുർആനുമായി അതിന്നു ബന്ധമില്ല. ഉദാഹരണത്തിന് റിച്ചാർഡ് രാജാവിന്റെ വിലാപം ഷേക്സ്പിയർ വർണ്ണിച്ചത് കേൾക്കുക.

Not all the waters of rough rude seas can wash the balm of an anointed King (Shakespeare)

"പ്രക്ഷുബ്ധമായ ഈ സമുദ്രജലമഖിലം കൊണ്ടും ദൈവത്താൽ അഭിഷിക്തനായ രാജാവിന്റെ ലേപനതൈലം കഴുകിക്കളയാൻ പറ്റില്ല" (ഷേക് സ്പിയർ)

## ജനാധിപത്യത്തിന്റെ നിർവ്വചനം

ഗ്രീക്ക് മൂലാർത്ഥം കൂടാതെ ജനാധിപത്യ സങ്കൽപത്തെ സംബന്ധിച്ചുള്ള അബ്രഹാംലിങ്കന്റെ നിർവ്വചനം ഇപ്രകാരമാണ്. "ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ഗവൺമെന്റ്" എന്നാണ്. ഈ നിർവ്വചനം ആവർത്തനം കൊണ്ട് വിരസമാണെങ്കിലും അപൂർവ്വമായി മാത്രമേ പൂർണാർത്ഥത്തിൽ ലോകത്ത് ജനാധിപത്യം പ്രയുക്തമായിട്ടുള്ളൂ. ഈ നിർവ്വചനത്തിലെ 'ജനങ്ങൾക്ക് വേണ്ടി' എന്ന ഭാഗം അവ്യക്തവും സാർവ്വത്രികമായി അപകടം നിറഞ്ഞതുമാണ്. പൂർണമായ ആത്മവിശ്വാസത്തോടെ ജനങ്ങൾക്ക് വേണ്ടിയുള്ള' ഗവൺമെന്റ് എന്ന് നമുക്ക് എങ്ങനെ പറയാൻ കഴിയും? ഭൂരിപക്ഷത്തിന്റെതായ ഭരണസമ്പ്രദായത്തിൽ 'ജനങ്ങൾക്ക് വേണ്ടി' എന്ന സങ്കൽപം വളരെ അപൂർവ്വമായി മാത്രമേ പ്രായോഗികമാവാറുള്ളൂ. ഭൂരിപക്ഷത്തിനുവേണ്ടിയുള്ളതാണ് ആ ഭരണ സമ്പ്രദായം. അവശേഷിക്കുന്ന ന്യൂനപക്ഷത്തിന് വേണ്ടിയുള്ളതല്ല.

ഒരു ജനാധിപത്യക്രമത്തിൽ കേവല ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ ഒരു നിർണ്ണായക തീരുമാനമെടുക്കാൻ സാധ്യമാണ്. എന്നാൽ കണക്കുകളും വസ്തുതകളും വെച്ച് തലനാരിഴ കീറി വിശകലനം ചെയ്താൽ ആ തീരുമാനങ്ങൾ ജനാധിപത്യപരമായി അംഗീകാരമുള്ളതും ഭൂരിപക്ഷത്തിനുമേൽ അടിച്ചേൽപ്പിക്കപ്പെടുന്നതുമായ ന്യൂനപക്ഷത്തിന്റെ അഭിപ്രായമായിരിക്കുമെന്ന് നിങ്ങൾക്ക് കണ്ടെത്താൻ സാധിക്കും. ജനാധിപത്യത്തിലെ അനേകം സംഭവ്യതകളിലൊന്ന് ഭരിക്കുന്ന പാർട്ടി മിക്ക നിയോജകമണ്ഡലങ്ങളിലും നേരിയ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പിൽ ജയിച്ചുകൊണ്ട് അധികാരത്തിലേറുന്നു എന്നതാണ്. മറ്റൊന്ന് വോട്ടെടുപ്പ് ദിവസം വോട്ടവകാശം രേഖപ്പെടുത്തിയവർ മൊത്തം വോട്ടർമാരേക്കാൾ വളരെ കുറച്ചുപേരായിരിക്കാം. ഈ വസ്തുതകൾ ഭരണത്തിലേറിയ കക്ഷിക്ക് യഥാർത്ഥത്തിൽ ഭൂരിപക്ഷം ഉണ്ടോ എന്ന കാര്യത്തെ സംബന്ധിച്ച് സംശയം ജനിപ്പിക്കുന്നു. തിരഞ്ഞെടുപ്പിൽ ഒരു പാർട്ടിക്ക് ഭൂരിപക്ഷം ലഭിച്ചെങ്കിൽ തന്നെ അവരുടെ ഭരണ കാലയളവിൽ മറ്റു പല കാര്യങ്ങളും സംഭവിക്കാം. പൊതുജനാഭിപ്രായം പെട്ടെന്ന് ഭരണത്തിനെതിരായി മാറുകയാണെങ്കിൽ നിലവിലുള്ള ഭരണകൂടം ജനങ്ങളുടെ യഥാർത്ഥ പ്രതിനിധിയാണെന്ന് വരുന്നില്ല. അതായത് ഗവൺമെന്റിന്റെ മാറ്റം സ്വയംതന്നെ ജനങ്ങളുടെ അഭിപ്രായ മാറ്റത്തിന്റെ പ്രകടനമാണല്ലോ. അപ്പോൾ അഭിപ്രായമാറ്റമുണ്ടായ ജനതയുടെ പ്രാതിനിധ്യം ഭരണകൂടത്തിനില്ല എന്നു വരുന്നു. സർക്കാർ അതിന്റെ വോട്ടർമാരുടെ ജനകീയ സമ്മതിയിൽ നിൽക്കുമ്പോൾപോലും ഗവൺമെന്റ് എടുക്കുന്ന ചില നിർണ്ണായക തീരുമാനങ്ങൾക്ക് ഭരിക്കുന്ന പാർട്ടിയുടെ ഭൂരിപക്ഷ സമ്മതി ഉണ്ടായിരിക്കണമെന്നില്ല. ഭരിക്കുന്ന പാർട്ടിയിലെ മിക്ക അംഗങ്ങളും ഭൂരിപക്ഷാഭിപ്രായവുമായി എല്ലായ്പ്പോഴും ഹൃദയാത്മനാ യോജിപ്പുള്ളവരായിരിക്കില്ല. അവർ പാർട്ടിയോടുള്ള വിധേയത്വത്തിന് എതിരായി വോട്ട് രേഖപ്പെടുത്തിയെന്നും വരാം. ഭരിക്കുന്ന പാർട്ടിയിലെ അഭിപ്രായ വ്യത്യാസം വർധിച്ച് പ്രതിപക്ഷ പാർട്ടിയേക്കാൾ അധികമാവുമ്പോൾ ഭൂരിപക്ഷ അഭിപ്രായം എന്ന് പറയപ്പെടുന്നത് വാസ്തവത്തിൽ ന്യൂനപക്ഷാഭിപ്രായമായി മാറുന്നു. അത്തരം അഭിപ്രായങ്ങൾ ജനങ്ങളിൽ അടിച്ചേൽപ്പിക്കപ്പെടുകയും ചെയ്യുന്നു.

ജനങ്ങൾക്ക് വേണ്ടി നല്ലതാണെന്ന് കരുതപ്പെടുന്ന സങ്കൽപങ്ങൾ കാലാകാലങ്ങളിലായി മാറ്റത്തിന് വിധേയമാണെന്ന കാര്യവും നാം കണക്കിലെടുക്കേണ്ടതുണ്ട്. ചില കേവലമായ ധാർമ്മിക മൂല്യങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ ജനങ്ങൾക്ക് വേണ്ടി ഒരു കാര്യം നല്ലതാണെന്ന് കരുതി തീരുമാനമെടുക്കുകയോ അതല്ല ചുരുങ്ങിയത് പാർട്ടിയുടെ അഭിപ്രായമനുസരിച്ച് നല്ലതേതാണെന്ന് തീരുമാനിക്കുകയോ ചെയ്യുമ്പോൾ നയരൂപീകരണങ്ങൾ സ്ഥിരമായി മാറ്റേണ്ടി വരും. ഇന്ന് നല്ലതാണെന്ന് കാണുന്നത് നാളെ ചീത്തയാണെന്ന് വരാം. അതിന്റെ പിറ്റേന്ന് വീണ്ടും നല്ലതാണെന്നും കാണാം.

ഇത്രവിപുലമായ തോതിൽ അര നൂറ്റാണ്ടുകാലം കമ്മ്യൂണിസം പരീക്ഷണം നടത്തിയത് ആത്യന്തികമായി 'ജനങ്ങൾക്ക് വേണ്ടി' എന്ന മുദ്രാവാക്യം മുഴക്കിയായിരുന്നു. എല്ലാ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും ഏകാധിപതികളായിരുന്നില്ല എന്ന് നാമോർക്കണം.

സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും ജനാധിപത്യ രാഷ്ട്രങ്ങളും തമ്മിലുള്ള വേർതിരിവ്രേഖ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് എന്നതാണെങ്കിൽ അത് വളരെ നേരിയതും ചിലപ്പോൾ നിലനിൽക്കാത്തതുമാണ്. ലോകത്തിലെ എല്ലാ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലുമുള്ള ഭരണകൂടങ്ങളും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടിട്ടല്ല അധികാരത്തിൽ വന്നത് എന്ന് പറഞ്ഞ് ആർക്കെങ്കിലും അതി നെ കുറ്റപ്പെടുത്താൻ കഴിയുമോ? തീർച്ചയായും ഏകാധിപത്യ രാജ്യങ്ങളിൽ സ്ഥാനാർത്ഥികളിൽ നിന്ന് പൊതുജനങ്ങൾക്ക് ഇഷ്ടാനുസരണം തിരഞ്ഞെടുക്കാനാവും. പക്ഷേ, അവരാഗ്രഹിക്കുന്ന ആളുകളെ തിരഞ്ഞെടുക്കാനുള്ള അവസരം വളരെ പരിമിതമായിരിക്കും. ചുരുക്കം ചില രാജ്യങ്ങളൊഴിച്ച് പാശ്ചാത്യ ജനാധിപത്യ രാജ്യങ്ങളിലും ഇത്തരത്തിൽ ജനങ്ങൾക്ക് സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തിക്കൊണ്ട് ചില തന്ത്രങ്ങളും ചരടുവലികളും നടക്കാറുണ്ട്.

ചുരുക്കത്തിൽ ലോകത്തിലെ മിക്ക ദേശങ്ങളിലും ജനാധിപത്യത്തിന് സർവ്വത്ര സ്വാതന്ത്ര്യം നൽകപ്പെട്ടിട്ടില്ല. 'ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഗവൺമെന്റ്' എന്ന സങ്കൽപം വളരെ പരിമിതമായ തോതിലെ സാക്ഷാത്ക്കരിക്കപ്പെടുന്നുള്ളൂ. തിരഞ്ഞെടുപ്പ് കൃത്രിമം, കുതിരക്കച്ചവടം, പോലീസിനെ ഉപയോഗിച്ച് ഭീതിപരത്തിയുള്ള ഭരണം മുതലായ അഴിമതികളിലൂടെ ജനാധിപത്യത്തിന്റെ സത്തയും ചൈതന്യവും ശോഷിച്ചു പോയിരിക്കുന്നു. അന്തിമ വിശകലനത്തിൽ വളരെ കുറഞ്ഞ തോതിലേ ജനാധിപത്യം പ്രാവർത്തികമാകുന്നുള്ളൂ എന്ന് പറയാം.

## ജനാധിപത്യത്തിന്റെ ഇസ്ലാമിക നിർവചനം

വിശുദ്ധ ഖുർആന്റെ അഭിപ്രായ പ്രകാരം ജനങ്ങൾക്ക്, തങ്ങൾക്ക് അനുയോജ്യമായ ഏതൊരു രാഷ്ട്രീയ വ്യവസ്ഥയും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ജനാധിപത്യം, ഏകാധിപത്യം, ഭരണം, ഗോത്രിയ ഭരണം, ഫ്യൂഡലിസം മുതലായവ ജനങ്ങളുടെ പാരമ്പര്യമനുസരിച്ച് അവരുടെ സമ്മത പ്രകാരം അനുവദിക്കപ്പെടേണ്ടതാണ്.

എന്നിരുന്നാലും വിശുദ്ധഖുർആൻ ജനാധിപത്യ സമ്പ്രദായമാണ് ഇഷ്ടപ്പെടുന്നതും ശിപാർശ ചെയ്യുന്നതുമെന്ന് കാണാം. മുസ്ലിംകൾക്ക് ഒരു ജനാധിപത്യവ്യവസ്ഥയാണ് ഖുർആൻ ഉപദേശിക്കുന്നത്. അതാകട്ടെ ഇന്നത്തെ പാശ്ചാത്യ രീതിയിലുള്ളതല്ല.

ജനാധിപത്യത്തിന് ഇസ്ലാം പൊള്ളയായ നിർവ്വചനം നൽകുന്നില്ല. അത് പരമപ്രധാനമായ ആദർശങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. ബാക്കി ജനങ്ങൾക്ക് വിടുകയും ചെയ്യുന്നു. അത് പിന്തുടർന്നാൽ അവർക്ക് ഗുണകരമാണ്. അതിൽ നിന്ന് അകന്ന് പോയാൽ സർവ്വ നാശവും.

## ഇസ്ലാമിക ജനാധിപത്യത്തിന്റെ രണ്ട് നെടും തൂണുകൾ

1. ജനാധിപത്യ പ്രക്രിയകൾ വിശ്വസ്തതയുടേയും സത്യസന്ധതയുടേയും അടിസ്ഥാനത്തിലായിരിക്കണം.

നിങ്ങൾ നിങ്ങളുടെ വോട്ടവകാശം രേഖപ്പെടുത്തുമ്പോൾ ദൈവം നിങ്ങളെ നോക്കി പാർത്തുകൊണ്ടിരിക്കുവെന്നും, നിങ്ങൾ നിങ്ങളുടെ വോട്ടവകാശം രേഖപ്പെടുത്തിയതിന് ദൈവത്തിനു മുന്നിൽ ഉത്തരം പറയേണ്ടിവരുമെന്നുമാണ് ഇസ്ലാം പഠിപ്പിക്കുന്നത്. രാജ്യതാല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന ഏറ്റവും യോഗ്യനായ ആൾക്ക് ആയിരിക്കണം നാം വോട്ട് നൽകേണ്ടത്. ഈ പ്രഖ്യാപന പ്രകാരം വോട്ടവകാശമുള്ള ഒരാൾ സാഹചര്യമനുവദിക്കുകയാണെങ്കിൽ നിർബന്ധമായും വോട്ടിംഗിൽ പങ്കെടുക്കേണ്ടതാണ്.

2. ഭരണകൂടങ്ങൾ കേവല നീതിയിലധിഷ്ഠിതമായി പ്രവർത്തിക്കണം.

ഇസ്ലാമിക ജനാധിപത്യത്തിന്റെ രണ്ടാമത്തെ നെടുംതൂൺ നിങ്ങൾ എപ്പോഴെല്ലാം തീരുമാനമെടുക്കുന്നുവോ അപ്പോഴെല്ലാം കേവല നീതി ഉയർത്തിപ്പിടിക്കുക. മതപരമോ, രാഷ്ട്രീയമോ, സാമൂഹികമോ സാമ്പത്തികമോ ഏതൊരു കാര്യമായിക്കൊള്ളട്ടെ, കേവല നീതിയുടെ കാര്യത്തിൽ ആരുമായും നിങ്ങൾ രാജിയാവാൻ പാടില്ല. ഗവൺമെന്റിന്റെ രൂപ വത്ക്കരണത്തിനുശേഷവും പാർട്ടിക്കുള്ളിലെ വോട്ടിങ്ങിലും നീതിയുടെ പക്ഷത്ത് ഉറച്ച് നിൽക്കുക. വിഭാഗീയമായ താല്പര്യങ്ങളോ രാഷ്ട്രീയ പരിഗണനയോ യാതൊന്നും തന്നെ നിങ്ങളുടെ അഭിപ്രായ രൂപീകരണത്തെ സ്വാധീനിക്കാൻ പാടുള്ളതല്ല. ദീർഘകാലാടിസ്ഥാനത്തിൽ ഈ നിലപാടിൽ നിന്നുകൊണ്ട് ആത്മാർത്ഥമായ പ്രതിബദ്ധതയോടെ എടുക്കുന്ന എല്ലാ തീരുമാനങ്ങളും ജനങ്ങളുടെതും, ജനങ്ങളാലുള്ളതും, ജനങ്ങൾക്ക് വേണ്ടിയുള്ളതുമായിരിക്കും.

*(Islam's Response to Contemporary Issues എന്ന പുസ്തകത്തിൽ നിന്ന്)*

## വിവാഹം

'വിവാഹം നമ്മുടെ സമ്പ്രദായമാണ്. ആർ അതിൽ നിന്നു വിട്ടു നിൽക്കുന്നുവോ അവൻ നമ്മളിൽ പെട്ടവനല്ല.'

***(മുസ്ലിം)***

ലേഖനം

# ഇൻക്വിസിഷൻ: ഒരു ധൈഷണിക ഭീകരത

സക്കരിയ്യാ വിർക്ക്

**മദ്ധ്യകാലഘട്ടത്തിലെ ക്രിസ്തുസഭയുടെ ഇൻക്വിസിഷൻ കോടതികൾ മനുഷ്യസ്വാതന്ത്ര്യത്തിനെതിരെ നടത്തിയ ധ്വംസനങ്ങൾ ചരിത്രത്തിലെ ഇരുണ്ട അദ്ധ്യായങ്ങളാണ്.**

മദ്ധ്യകാലഘട്ടത്തിൽ വിശ്വാസത്തിന് ഭീഷണിയായ മതനിന്ദയെ അടിച്ചമർത്താൻ കത്തോലിക്കാസഭ സ്ഥാപിച്ച മതവിചാരണക്കോടതിയായിരുന്നു ഇൻക്വിസിഷൻ. വിശ്വാസവ്യതിയാനം സംഭവിച്ചവരെ തിരിച്ചറിഞ്ഞു കണ്ടെത്തുകയും സഭയിലേക്കുള്ള അവരുടെ പുനഃപ്രവേശനം ഉറപ്പാക്കുകയും, അതിനു കൂട്ടാക്കാതെ തങ്ങളുടെ തെറ്റായ വിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യുക എന്നതായിരുന്നു ഇൻക്വിസിഷൻ കോടതികളുടെ പ്രഥമലക്ഷ്യം.

ക്രി.വ. 1478 മുതൽ 1834 വരെയുള്ള സ്പാനിഷ് ഇൻക്വിസിഷൻ മനുഷ്യന്റെ ധൈഷണിക ചരിത്രത്തിലെ ഏറ്റവും ഭീകരമായ അധ്യായങ്ങളിലൊന്നാണ്. സ്പെയിനിലെ മുസ്‌ലിം - ജൂതചരിത്രത്തിലെ ഏറ്റവും ഇരുണ്ട അദ്ധ്യായവുമാണത്.

ഹെറിസി (Heresy - ഗ്രീക്ക് ഭാഷയിൽ 'ചിന്താസരണി' എന്നാണർത്ഥം. പിന്നീട് 'മതനിന്ദ' എന്ന അർത്ഥം വന്നുചേർന്നു) തുടക്കക്കാലത്ത് തന്നെ സഭക്ക് ഒരു പ്രശ്നമായിരുന്നു. ആദ്യകാലത്ത് ഹെറിസി അത് ഉയർന്നുവരുന്ന മുറക്കനുസരിച്ച് സഭ അടിച്ചമർത്തിയിരുന്നു. ക്രിസ്തുമതത്തിന്റെ ആദ്യകാല നൂറ്റാണ്ടുകൾ ആരിയൂസി (Arius)ന്റെയും മാണിക്കേയസ്റ്റിന്റെയും (Manicheans) മതവിശ്വാസത്തിൽപ്പെട്ടവരെയായിരുന്നു ഹെറിറ്റിക്കുകളായി അഥവാ മതനിന്ദകരായി കരുതിയിരുന്നത്. മദ്ധ്യകാല നൂറ്റാണ്ടുകളിലെ ഹെറിറ്റിക്കുകൾ കത്താരികളും (Cathari) വാൾഡുകളുമായിരുന്നുവെങ്കിൽ (Waldenses) അവസാനകാലത്ത് ഹുസ്സയിറ്റുകളും (Hussites) ലൂതറൻസും (Lutherans) കാൽവിനിസ്റ്റു (Calvinist) കളുമായിരുന്നു ഹെറിസി അഥവാ മതനിന്ദ ആരോപിക്കപ്പെട്ടവർ.

മദ്ധ്യകാലഘട്ടത്തിൽ വളർന്നുകൊണ്ടിരുന്ന ഈ പ്രശ്നത്തെ നേരിടാൻ സ്ഥിരമായ ഒരു സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പോപ്പ് ഗ്രിഗറി 9-ാമൻ ഒരു ശാസന പുറപ്പെടുവിച്ചിരുന്നു. ഹെറിറ്റിക്കുകൾ (മതനിന്ദകർ) പാശ്ചാത്തപിച്ചു മടങ്ങുകയാണെങ്കിൽ അവർക്ക് ജീവപര്യന്തം തടവു ലഭിക്കുന്നതാണെന്നും പശ്ചാത്തപിക്കുകയോ കുമ്പസാരിക്കുകയോ ചെയ്യാത്ത ഹെറിറ്റിക്കുകളെ വധിക്കാമെന്നുമായിരുന്നു കല്പന. രാജ്യഭരണം നടത്തുന്നവരാണ് ഈ വധശിക്ഷ നടപ്പാക്കേണ്ടത്. ഈ കിരാത കൃത്യം ചെയ്യുന്നതിൽ നിന്ന് പോപ്പ് ഗ്രിഗറി തന്റെ പുരോഹിതപ്പടയെ ഒഴിച്ചുനിർത്തുകയും ഡോമിനിക്കൻ സന്യാസിസമൂഹത്തിന്ന് ഇൻക്വിസിഷൻ ചുമതലയേൽപ്പിക്കുകയും ചെയ്തു.

## മദ്ധ്യകാല ഇൻക്വിസിഷൻ

മദ്ധ്യകാലഘട്ടത്തിലെ ഇൻക്വിസിഷൻ ഒരിക്കലും ഒരു പ്രത്യേക ഔദ്യോഗിക സംവിധാനമായി നിലകൊണ്ടിരുന്നില്ല. എന്നാലും 1231ൽ വ്യക്തികൾക്ക് ഇൻക്വിസിഷൻ നടത്താനുള്ള അനുമതി പോപ്പ് നൽകിയിരുന്നു. പോപ്പ് ഇണസന്റ് മൂന്നാമൻ തെക്കൻ ഫ്രാൻസിലെ കതാറി പ്രസ്ഥാനത്തിനെതിരെ ഇൻക്വിസിഷൻ നടത്താൻ ഭരണാധികാരികളെ ഏല്പിച്ചിരുന്നു. റോമൻ കാലഘട്ടം മുതൽ കതാരി പ്രസ്ഥാനത്തിൽപ്പെട്ടവരെ ദൈവത്തിന്നെതിരെയുള്ള ദ്രോഹം എന്ന കുറ്റം ചുമത്തി മരണശിക്ഷ വിധിച്ചിരുന്നു. റോമൻ കാലഘട്ടം മുതൽ രാജ്യദ്രോഹക്കുറ്റം പോലെയാണ് ഹെറിസി ആരോപിച്ചവരെ ഭരണാധികാരികൾ കൈകാര്യം ചെയ്തിരുന്നത്. മതനിന്ദ ആരോപിക്കപ്പെട്ടവർ പശ്ചാത്തപിക്കുകയാണെങ്കിൽ പീഡിപ്പിച്ചിരുന്നില്ല. ഉദാഹരണത്തിന് ഫ്രാൻസിലെ തൊളോസിൻ 15 വർഷം ഇൻക്വിസിറ്ററായി ജോലിചെയ്തിരുന്ന ബെർണാർഡ് ഗൂയി (Bernard Gui) കുപ്രസിദ്ധനായ ഒരു ഇൻക്വിസിറ്ററായിരുന്നു. അയാൾ ഹെറിസി ആരോപിച്ച 700 പേരിൽ 42 പേരെ മാത്രമാണ് വധിച്ചത്.

## റോമൻ ഇൻക്വിസിഷൻ

1552 ജൂലായ് 5–ാം തിയ്യതി പോപ്പ് പോൾ മൂന്നാമൻ ഹെറിസിക്കുള്ള അന്തിമകോടതിയായി പരിശുദ്ധ അധികാരസ്ഥാപനത്തെ നിയമിച്ചതോടെയാണ് റോമൻ ഇൻക്വിസിഷൻ ആരംഭിക്കുന്നത്. അത് അതിഘോരമായ മൂന്ന് വിധത്തിലുള്ള ഇൻക്വിസിഷൻ നടപടികൾ ഉൾക്കൊണ്ടതായിരുന്നു. മുഖ്യമായും ലക്ഷ്യം വെച്ചത് ഇറ്റലിയിലെ പ്രൊട്ടസ്റ്റന്റുകാരുടെ ഹെറിസിയായിരുന്നു. ഹെറിസി വിചാരണയിൽ നാൽപത് ശതമാനത്തോളം ആഭിജാരക്രിയയുമായി ബന്ധപ്പെട്ടതായിരുന്നു. സ്പാനിഷ് ഇൻക്വിസിഷന്റെ പ്രതികരണഫലമായി റോമൻ ഇൻക്വിസിഷൻ ഫ്രാൻസിസ്കോപീന (Franscisco Pena) യുടെ കർശനമായ നിയന്ത്രണത്തിലായിരുന്നു. പീനയുടെ ഇൻക്വിസിഷന് ഇരയായവരായിരുന്നു ഗിയോർഡനോ ബ്രൂണോ (Giordano Bruno - 1548 - 1600) ഗലീലിയോ ഗലീലി (Galileo Galilei - 1564 - 1642) എന്നിവർ. ബ്രൂണോയെ ഇരുണ്ട തടവുമുറിയിൽ 8 വർഷം അടച്ചിട്ടു. പിന്നീട് റോമിലെ ഒരു ചന്തസ്ഥലത്ത് കൊണ്ടുവന്ന് ഒരു ചിതയുണ്ടാക്കി. എന്നിട്ടു നിരീശ്വരവാദിയും അവിശ്വാസിയും മതനിന്ദകനുമായി പ്രഖ്യാപിക്കപ്പെട്ട 'ബ്രൂണോയെ' അതിലിട്ട് ചുട്ടുകൊന്നു. ബൈബിൾ വചനം അജ്ഞാനികൾ മാത്രമേ അക്ഷരാർത്ഥത്തിലെടുക്കൂ എന്ന് അദ്ദേഹം ചിന്തിച്ചിരുന്നു. അദ്ദേഹം വികസിക്കുന്ന പ്രപഞ്ചത്തെപ്പറ്റി സങ്കല്പിച്ചു. ശാസ്ത്രം ഇക്കാലത്താണ് അത് സത്യമാണെന്ന് അംഗീകരിച്ചത്.

അതുപോലെ ഗലീലിയോയും വീട്ടുതടങ്കലിൽ കിടന്നാണ് മരിച്ചത്. 18 വർഷം പാദുവ യൂണിവേഴ്സിറ്റിയിലെ ഒരു ലക്ചറർ ആയിരുന്നു ഗലീലിയോ. തന്റെ ശാസ്ത്രീയമായ പരീക്ഷണ നിരീക്ഷണങ്ങൾക്കിടയിൽ ബൈബിൾ സത്യങ്ങളായി ദീർഘകാലം അംഗീകരിക്കപ്പെട്ടുപോന്ന നിരവധി ക്രിസ്ത്യൻ വിശ്വാസങ്ങളെ അദ്ദേഹം നിരാകരിച്ചു. ദൂരദർശിനി ഉപയോഗിച്ചു ആകാശഗോളങ്ങളെ നിരീക്ഷിച്ച അദ്ദേഹം ഭൂമി സൂര്യനെ ചുറ്റുകയാണെന്ന് കണ്ടെത്തി. ഭൂമി പ്രപഞ്ചത്തിന്റെ കേന്ദ്രമല്ലെന്നും അദ്ദേഹം സിദ്ധാന്തിച്ചു. ക്രിസ്ത്യൻ വിശ്വാസികൾ അത് വരെ ഭൂമിയെ പ്രപഞ്ചകേന്ദ്രം എന്നായിരുന്നു കരുതിയിരുന്നത്. 1610ൽ ഗലീലിയോ പ്രസിദ്ധീകരിച്ച The Stary messenger (1610) എന്ന പുസ്തകം ക്രിസ്തുസഭയെ പിടിച്ചുകുലുക്കി. ***ഭൂമിയെ ഒരിക്കലും ഇളകിപ്പോകാത്തവിധം അതിന്റെ അസ്തിവാരത്തിൽ നീ പ്രതിഷ്ഠിച്ചു.*** (സങ്കീർത്തനം 104:5) എന്ന വചനം എങ്ങനെ ചലിക്കുന്ന ഭൂമി എന്ന സങ്കല്പവുമായി യോജിക്കും എന്ന് അവർ ചോദിച്ചു. അപ്രകാരം ***'സൂര്യൻ ഉദിക്കുന്നു, സൂര്യൻ അസ്തമിക്കുന്നു. ഉദിക്കുന്നേടത്തേക്ക് തന്നെ അത് കുതിക്കുന്നു*** (സഭാ പ്രഭാഷകൻ 1:5) എന്ന വചനവും ഗലീലിയോയുടെ സങ്കല്പങ്ങളുമായി എങ്ങനെ ഒത്തുപോകും എന്നവർ ചോദിച്ചു.

ബൈബിളും ശാസ്ത്രവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഗലീലിയോ തന്റെ വീക്ഷണങ്ങൾ പ്രകടിപ്പിച്ചുകൊണ്ടുള്ള ഒരു കത്ത് സഭാഅധികാരികൾക്ക് നൽകി. സഭാ പിതാക്കൾക്കല്ലാതെ മറ്റാർക്കും തന്നെ ബൈബിൾ വ്യാഖ്യാനിക്കാനാർഹതയില്ല എന്ന് പുരോഹിതന്മാർ ഗലീലിയോയെ ഓർമ്മപ്പെടുത്തി. 1615ൽ ഗലീലിയോ റോമിലെത്തി പോപ്പ് പോൾ അഞ്ചാമന് സൂര്യകേന്ദ്രിതമായ ഒരു പ്രപഞ്ചത്തെ സംബന്ധിച്ച് വിശദീകരിച്ചു കൊടുക്കാൻ അദ്ദേഹം തീരുമാനിച്ചു. പോപ്പ് കർദ്ദിനാൾ ബെല്ലാർ മൈനിനു (Cardinal Bellarmine) മുമ്പാകെ ഹാജരാകാൻ ഗലീലിയോവിനോട് ആജ്ഞാപിച്ചു. 1616ൽ മാർച്ചിൽ ഗലീലിയോ എഴുതിയ 'De Revolutionibus Orbium Coeleslium' എന്ന പുസ്തകം നിരോധിക്കപ്പെട്ട പുസ്തകങ്ങളുടെ പട്ടികയിൽ ചേർ ത്തു.

പല തവണ വിചാരണ ചെയ്ത ശേഷം ഗലീലിയോ ഒരു ഡൊമിനിക്കൻ കോൺവെന്റിന്റെ വിശാലമായ മുറിയിലേക്ക് ആനയിക്കപ്പെട്ടു. അവിടെ അസംബ്ലി അംഗങ്ങളുടെ മദ്ധ്യേ അദ്ദേഹത്തിനെതിരായ ശിക്ഷാവിധി വായിക്കപ്പെട്ടു. 10 കർദ്ദിനാൾമാർ വിധിരേഖയിൽ ഒപ്പുവെച്ചു. കാരാഗ്രഹത്തിലല്ലായിരുന്നു അദ്ദേഹം അടക്കപ്പെട്ടത്, വീട്ടുതടങ്കലിലായിരുന്നു. 1642ൽ മരണം വരെ വീട്ടുതടങ്കലിൽ അദ്ദേഹം കഴിഞ്ഞു. ഒരു നൂറ്റാണ്ടിന് ശേഷം 1737ലാണ് സഭാഅധികാരികൾ അദ്ദേഹത്തിന്റെ ശവകുടീരത്തിനു മേൽ ഒരു സ്മാരകം പണിയാൻ അനുമതി നൽകിയത്. 1835 വരെ അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ മേലുള്ള നിരോധനം നിലനിന്നു.

## നിരോധിക്കപ്പെട്ട പുസ്തകങ്ങളുടെ പട്ടിക

1405 പോപ്പ് ഇന്നസെന്റ് ആണ് നിരോധിക്കപ്പെട്ട പുസ്തകങ്ങളുടെ ഒരു പട്ടിക പുറത്തിറക്കിയത്. ആ നൂറ്റാണ്ടിന്റെ ഒടുവിലാണ് നിരോധിച്ച പുസ്തകങ്ങളുടെ ആദ്യത്തെ പട്ടിക എന്ന പേരിൽ ഒരു ശാസനം പുറപ്പെടുവിച്ചത്. ആ ശാസനം യഥാർത്ഥ ബൈബിൾ പുസ്തകങ്ങൾ, അപോക്രിഫാ ഇനത്തിൽപ്പെട്ട വേദപുസ്തകങ്ങൾ (അപ്പോക്രിഫ ആധികാരിക വേദപുസ്തകമായി കണക്കാക്കുന്നില്ല. പക്ഷേ അത് അപകടകാരിയല്ല) ഹെറിറ്റിക്ക് പുസ്തകങ്ങൾ (അപകടകാരി) എന്നിങ്ങനെയായിരുന്നു പുസ്തകങ്ങളെ വർഗ്ഗീകരിച്ചത്. അത് മുതൽ പോപ്പും കൗൺസിലും കാലാകാലങ്ങളിൽ നിരോധിക്കപ്പെട്ട പുസ്തകങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുമായിരുന്നു. പല പുസ്തകങ്ങളുടെ പ്രസിദ്ധീകരണത്തിനും ഇപ്പോഴും സഭാഅധികാരികളുടെ അനുമതി വേണം. ചിന്താസ്വാതന്ത്ര്യം, എഴുതാനും പ്രസംഗിക്കുവാനുമുള്ള സ്വാതന്ത്ര്യം മുതലായവ താരതമ്യേന അടുത്തകാലത്തുണ്ടായ സംഭവങ്ങളാണല്ലോ. ഒരു നൂറ് വർഷങ്ങൾക്കു മുമ്പ് ഒരാൾക്ക് തോന്നിയ കാര്യങ്ങൾ പറയുന്നതും എഴുതുന്നതും അസാധാരണമായ ഒന്നായിട്ടായിരുന്നു കണക്കാക്കിയിരുന്നത്.

## സ്പാനിഷ് ഇൻക്വിസിഷൻ

1479 ക്വീൻ ഇസബെല്ലയും ഫെർഡിനാന്റ് രാജാവും കൂടി സ്പെയിനിനെ ഏകീകരിക്കുകയുണ്ടായി. ഒരു വിപ്ലവം പൊട്ടിപ്പുറപ്പെടുമോ എന്ന ഭീതി അവരെ ചിത്തരോഗികളാക്കി മാറ്റിയിരുന്നു. രാജ്ഞിയുടെ കുമ്പസാരകനായിരുന്ന തോമസ് ഡി തോൾക്കുമാഡെ (Tomas de Torquemada - 1420 - 1498) രാജ്ഞിയുടെ ചെവിയിൽ സ്പെയിനിൽ നിർബന്ധ മതപരിവർത്തനം ചെയ്യപ്പെട്ട ജൂതന്മാർ രഹസ്യത്തിൽ അവരുടെ വിശ്വാസം ആചരിക്കുന്നുവെന്നും നല്ല ക്രിസ്ത്യാനികളുടെ വിശ്വാസത്തെപോലും അവർ മലിനപ്പെടുത്തുന്നുവെന്നും മന്ത്രിച്ചുകൊടുത്തു. വാസ്തവത്തിൽ തൊർക്കുമാഡേയും ഒരു ജൂതവംശജനായിരുന്നു. ഇസബെല്ല പേടിച്ച് സംഭീതയായി. അവർ പോപ്പ് നാലാമനോട് സ്പെയിനിൽ ഇൻക്വിസിഷൻ നടത്തുവാൻ അനുവാദം ചോദിച്ചു. ഉടൻതന്നെ പോപ്പ് അതിന് അനുമതി നൽകി. 1480 വരെ സ്പെയിൻ ഇൻക്വിസിഷന്റെ പീഡനങ്ങൾ ഏറ്റവും കുറഞ്ഞതോതിൽ അനുഭവിച്ച രാജ്യമായിരുന്നു. മുസ്ലിം ജൂതസംസ്കാരത്തിന്റെ സ്വാധീനം അപ്പോഴും സ്പെയിനിലുണ്ടായിരുന്നു. അത് സ്പെയിനിനെ സാംസ്കാരികമായും ബുദ്ധിപരമായും സജീവമായി നിലനിർത്തി. മുസ്ലിംകളുടെ കീഴിൽ സ്പെയിൻ നൂറ്റാണ്ടുകളോളം ബഹുമത, ബഹുഗോത്ര, ബഹുസംസ്കാരങ്ങളുള്ള ജനങ്ങളുടെ ഒരു മിശ്രസമൂഹം നിലനിന്നിരുന്നു. ബഹുവിധത്തിലുള്ള മതവിശ്വാസികൾ അവിടെ ഒരുമയോടെ കഴിഞ്ഞിരുന്നു. മറ്റൊരു രാജ്യത്തും ഇത്തരമൊരു കാഴ്ച കാണാൻ സാധിച്ചിരുന്നില്ല. സ്പാനിഷ് ഇൻക്വിസിഷൻ എന്നാൽ 1480ൽ ക്വീൻ ഇസബെല്ലയും ഫെർഡിനാന്റ് രാജകുമാരനും കൂടി സ്പെയിനിൽ സ്ഥാപിച്ച ഒരു മതാന്വേഷണ കോടതിയാണ്. ആ കോടതി സ്പെയിനിലെ എല്ലാ കത്തോലിക്കർക്കും കർശനമായ മതനിയമങ്ങൾ പാലിക്കണമെന്ന് അനുശാസിച്ചിരുന്നു. പ്രത്യേകിച്ച് പുതുതായി ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരെ വളരെ സംശയത്തോടെയാണ് വീക്ഷിച്ചിരുന്നത്. അവശേഷിക്കുന്ന ജൂതമത പ്രചാരകർക്കിടയിൽ ഇൻകിസ്വിഷൻ കോടതി പ്രവർത്തിച്ചിരുന്നില്ല. സ്പെയിനിൽ ഇൻക്വിസിഷൻ ആരംഭിക്കുന്ന കാലത്ത് പകുതിയിലധികം ജൂതന്മാർ നിർബന്ധപൂർവ്വം ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടിരുന്നു. അവർ ചർച്ചിൽ സ്ഥിരമായി ഹാജരാകുമായിരുന്നുവെങ്കിലും വീട്ടിൽ ശാബത്ത് മെഴുകുതിരി കത്തിക്കുകയും പന്നിമാംസം കഴിക്കാതിരിക്കുകയും ജൂതവിശേഷദിനങ്ങൾ ആചരിക്കുകയും ചെയ്തിരുന്നു.

മുസ്ലിംകൾക്ക് സ്വതന്ത്രമായി അവരുടെ മതം ആചരിക്കാനുള്ള സ്വാതന്ത്ര്യം നൽകപ്പെട്ടിരുന്നു. 1501-ൽ സ്പാനിഷ് ഭരണാധികാരികൾ എല്ലാ മുസ്ലിംകളും കാഡിലും, ഗ്രനഡയും വിട്ടുപോകണമെന്ന് കല്പിച്ചു. ക്രിസ്തുമതം സ്വീകരിക്കാൻ തയ്യാറുള്ളവർക്ക് അവിടെ തന്നെ കഴിയാൻ അനുവാദം നൽകപ്പെട്ടു.

അങ്ങനെ പല മുസ്ലിംകളും ജ്ഞാനസ്നാനം ചെയ്യപ്പെട്ടു. പലരും അവരുടെ ക്രിസ്തീയ വിശ്വാസത്തിൽ മുസ്ലിം ആചാരങ്ങൾ കലർത്തി. പലരും രഹസ്യത്തിൽ ക്രിസ്തുമതം ഉപേക്ഷിച്ചു.

സെവില്ലിയിലാണ് ഇൻക്വിസിഷൻ ആദ്യം ആരംഭിച്ചത്. അതിനുശേഷം ഉടൻ തന്നെ ഇൻക്വിസിഷൻ അതിന്റെ ബീഭത്സ രൂപം പൂണ്ടു. ഇൻക്വിസിഷൻ കോടതി കുറ്റവാളികളായി പ്രഖ്യാപിക്കപ്പെട്ട ഹതഭാഗ്യർ ജീവനോടെ ദഹിപ്പിക്കപ്പെട്ടു. ആയിരക്കണക്കിന് ജൂതന്മാർ സെവില്ലി വിട്ടോടി. അവരുടെ സ്വത്തുക്കളെല്ലാം രാജഭരണകൂടം കണ്ടുകെട്ടി. ഇതൊരു ഗൂഢാലോചനയായിരുന്നു. ജൂതന്മാർ ഇട്ടെറിഞ്ഞുപോയ അറ്റമില്ലാത്ത സ്വത്തുക്കൾ കൊള്ളയടിച്ച് രാജഭരണകൂടത്തിൽ സമ്പത്ത് കുന്നുകൂടി. വത്തിക്കാൻ, ഇൻക്വിസിഷൻ കോടതിയിലെ ജഡ്ജിമാരെ സംബന്ധിച്ച് ഒരു ഉത്തരവിറക്കി. എല്ലാ ജഡ്ജിമാരും 40 വയസ്സു കവിഞ്ഞ ബഹുമാന്യവ്യക്തികളും സൽസ്വഭാവികളും ജ്ഞാനികളും മതനിയമങ്ങൾ കർശനമായി പാലിക്കുന്നവരുമായിരിക്കണമെന്ന് ആ ഉത്തരവിൽ വ്യക്തമാക്കുകയുണ്ടായി.

1483ൽ പോപ്പ് സിക്സ്റ്റസ് IV ഡോമിനിക്കൻ സന്യാസിയായ തൊർക്കുമാൻഡെയെ സ്പെയിനിലെ ഇൻക്വിസിഷൻ ചുമതലയുള്ള ഗ്രാന്റ് ഇൻക്വിസിറ്റർ ആയി നിയമിച്ചു. ഈ കേന്ദ്രീകൃത അധികാരികളാണ് സ്പാനിഷ് ഇൻക്വിസിഷന് നേതൃത്വം നൽകിയത്. ജയിലുകളുടെ ഒരു വലിയ ശൃംഖല രാജ്യത്തുടനീളം സ്ഥാപിക്കപ്പെട്ടു. പണം നൽകിക്കൊണ്ട് അയൽപക്കക്കാരന്റേയും കുടുംബത്തിന്റേയും രഹസ്യങ്ങൾ ചോർത്താൻ ആളുകളെ പ്രലോഭിപ്പിച്ചു. കുറ്റസമ്മതം നടത്താൻ അതിക്രൂരമായ പീഡനങ്ങൾ നടത്തി. പിഴ, സ്വത്ത് കണ്ടുകെട്ടൽ, ജീവപര്യന്തം തടവ്, ചുട്ടുകൊല്ലൽ, എന്നിവയായിരുന്നു ശിക്ഷകൾ. തൊക്കുമാൻഡെയുടെ സംഘടനാപാടവത്താൽ പിന്നീട് 1538 ആവുമ്പോഴേക്കും 19 ഇൻക്വിസിഷൻ കോടതികൾ സ്പെയിനിലുണ്ടായി. ചില കണക്കുകൾ പ്രകാരം 8000 ജൂതന്മാരെ ചുട്ടുകൊല്ലുകയുണ്ടായി. അപ്രകാരം ചുരുക്കം ചില മുസ്ലിം പരിവർജ്ജിതരേയും തൊർക്കുമാൻഡെയുടെ 15 വർഷത്തെ ഇൻക്വിസിഷൻ ഭരണത്തിന് കീഴിൽ ചുട്ടുകൊല്ലുകയുണ്ടായി (തുടരും)

## നല്ല തൊഴിൽ

ഏറ്റവും നല്ല തൊഴിൽ ഏതാണെന്ന് തിരുനബിയോട് ആരോ ഒരിക്കൽ ചോദിച്ചു. തിരുമേനി മറുപടി പറഞ്ഞു: കൈകൊണ്ടുള്ള പ്രവൃത്തി, കുതന്ത്രവും ചതിയും ഇല്ലെങ്കിൽ സാധനങ്ങൾ വിലക്കെടുക്കുകയും വാങ്ങുകയും ചെയ്യുന്നതും.

***(ബുഖാരി)***

ലേഖനം

# വൈദികധർമ്മവും മാംസാഹാരവും

'വേദഭൂഷൺ' മർഹൂം മൗലവി നാസിറുദ്ദീൻ അബ്ദുല്ലാഹ്, എച്ച്.എ.

## മാംസാഹാരത്തെ വൈദികസാഹിത്യം പിന്തുണക്കുന്നു

വൈദികമതപ്രകാരം മാംസഭക്ഷണം നിഷിദ്ധവും പാപകരവും ആണെന്നും ഭക്ഷണാവശ്യാർത്ഥം ജന്തുവധം ചെയ്യുന്നതു വലിയ അധർമ്മമാണെന്നും ആര്യസമാജസ്ഥാപകൻ വിധിച്ചിട്ടുണ്ടെങ്കിലും, മാംസാഹാരം വർജിക്കുന്നതു ഒരു പുണ്യകർമ്മമാണെന്നു ഹിന്ദുക്കൾ കരുതിപ്പോരുന്നുവെങ്കിലും, മിക്കവാറും എല്ലാ ജന്തുക്കളുടെയും മാംസം ഭക്ഷിച്ചുകൊള്ളുന്നതിന് വൈദിക ധർമ്മത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്. തന്നെയുമല്ല, മാംസാശനം എത്രയും ഗുണപ്രദവും പ്രയോജനകരവുമാണെന്നുകൂടിയും അതിൽ വിധിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി, വേദാംഗമെന്നു കരുതപ്പെട്ടുവരുന്ന 'പാരസ്കരഗൃഹ്യസൂത്ര'ത്തിൽ, ശിശുവിനു ആറുമാസം പ്രായമായാൽ അന്നപ്രാശം ആരംഭിക്കുന്നതിനെ സംബന്ധിച്ചു ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. "ആർ തന്റെ പുത്രൻ വാഗ്മിയായിത്തീരുന്നതിനു ഇച്ഛിക്കുന്നുവോ, അയാൾ അവന് ചെമ്പോത്തിന്റെ ഇറച്ചിയും, ധാരാളം ഭക്ഷണവിഭവങ്ങൾക്ക് അധികാരി ആയിത്തീരാൻ ആഗ്രഹിക്കുന്നപക്ഷം തിത്തിരിപക്ഷിയുടെയോ കാടയുടെയോ മയിലിന്റെയോ മാംസവും, ഉൽസാഹശാലിയായി വളർന്നുവരേണമെന്നു വിചാരിക്കുന്നപക്ഷം കുളക്കോഴിയുടെ ഇറച്ചിയും, ആദ്ധ്യാത്മികതത്വത്തിൽ ഉന്നതി പ്രാപിക്കുന്നതിന് ആഗ്രഹിക്കുന്നപക്ഷം നീർക്കാക്കയുടെ മാംസവും കൊടുക്കേണ്ടതാകുന്നു. ആർ തന്റെ മകൻ സർവ്വഗുണപ്രകർഷങ്ങളോടുകൂടി വളർന്നുവരാൻ ഇച്ഛിക്കുന്നുവോ അയാൾ അവനു എല്ലാറ്റിന്റെയും (പശു, ആട്, കോഴി, കാട മുതലായ ജന്തുക്കളുടെയെല്ലാം) മാംസം തീറ്റിക്കൊള്ളട്ടെ." (കാണ്ഡം 1, ഭാ. 16)

ഇതിൽ നിന്നു സ്പഷ്ടമാകുന്നത്, സന്താനങ്ങൾ മന്ദബുദ്ധികളും ദുർബ്ബലരും ആകാതിരിക്കണമെന്നു ആഗ്രഹിക്കുന്നവരേവരും അവർക്ക് കേവലം ചീരവർഗ്ഗങ്ങൾ തീറ്റിക്കൊണ്ടിരിക്കാതെ മത്സ്യമാംസാദികളും നൽകേണ്ടതാവശ്യമാണെന്നാകുന്നു. മാംസാഹാരം നൽകുന്നതിനു കഴിവുണ്ടായിരിക്കെ അത് നൽകാതെ സന്താനങ്ങളെ ഭീരുക്കളും മന്ദബുദ്ധികളും അദ്ധ്യാത്മനിലയിൽ പതിതരും ആക്കിത്തീർക്കരുതെന്നാണ് പ്രസ്തുത സൂത്രധാരൻ മനസ്സിലാക്കിത്തരുന്നത്. ചുരുക്കത്തിൽ, വൈദികമതപ്രകാരം എല്ലാ കുട്ടികളെയും മാംസഭുക്കുകളാക്കിത്തീർക്കേണ്ടതു ആവശ്യമാണ്.

ഇങ്ങനെ ശൈശവഘട്ടത്തിൽ മാത്രമല്ല, അനന്തരകാലത്തിലും മാംസഭക്ഷണം ആവശ്യമാണെന്നു ശാസ്ത്രങ്ങളിൽ വിധിയ്ക്കപ്പെട്ടിട്ടുണ്ട്. ഹിന്ദുക്കളുടെ ഒരു പ്രബലശാസ്ത്രമായ ശതപഥബ്രാഹ്മണത്തിൽ ഇങ്ങനെ പ്രസ്താവിച്ചു കാണുന്നു: "രാജാക്കന്മാരോ ബ്രാഹ്മണരോ അതിഥികളായി വരുന്നപക്ഷം അവർക്കായിട്ടു വലിയ കാളയെയോ ആടിനെയോ അറുത്തു പചിക്കേണ്ടതാണ്." (ഭാ. 187). ഇതേപ്രകാരം പാരസ്കര ഗൃഹ്യസൂത്രത്തിലും പറയപ്പെട്ടിട്ടുണ്ട്. അതായത് "മണവാളൻ, ബ്രാഹ്മണൻ, രാജാവ്, പഠിത്തം കഴിഞ്ഞവൻ, ഗുരുനാഥൻ, സ്നേഹിതൻ എന്നിവർക്ക് കൊല്ലംതോറും ആതിഥ്യം നൽകേണ്ടതാണ്. പശുവിനെ അറുത്തു മാംസം നൽകിയല്ലാതെ ഈ കർമ്മം നിറവേറുകയില്ല. (ഭാ. 3.5). ഇപ്രകാരം തന്നെ ആപൽസ്തംഭധർമസൂത്രവും മനുധർമ്മശാസ്ത്രവും മാംസാഹാരത്തെ പ്രോൽസാഹിപ്പിക്കുന്നുണ്ട്.* അതായത്, ഗോമാംസം - പശുവിന്റെയോ മൂരിയുടെയോ മാംസം - ഭക്ഷിക്കേണ്ടതാവശ്യമാകുന്നു. ആർ വിധിപ്രകാരം മാംസം ഭക്ഷിക്കുന്നില്ലയോ അവൻ മരിച്ചാൽ ഇരുപത്തൊന്നു ജന്മം മൃഗമായി ജനിക്കുന്നതായിരിക്കും." (ഭാ. 125).

മാംസഭക്ഷണം വിഹിതമാണെന്നതിലേക്ക് ഹിന്ദുക്കളുടെ മതഗ്രന്ഥങ്ങളിൽ നിന്നു ഇനിയും ഒട്ടു വളരെ ഉദ്ധാരണങ്ങൾ എടുത്തു കാണിക്കാവുന്നതാണ്. അവർ പൂർവ്വകാലത്ത് ഈ ശാസ്ത്രവിധികളെ കണിശമായി ആചരിച്ചു വന്നിരുന്നതായിട്ട് ചരിത്രം സാക്ഷിക്കുന്നു. രന്തിദേവനെന്നു പേരായ ഒരു രാജാവിന്റെ പാചകശാലയിലേക്ക് ദിനംപ്രതി രണ്ടായിരം പശുക്കൾ അറുക്കപ്പെട്ടിരുന്നതായിട്ട് മഹാഭാരതത്തിൽ (വനപർവ്വം) എഴു

*(ശേഷം 24-ൽ)*

ലേഖനം

# അത്ഭുതങ്ങൾ നിറഞ്ഞ ഒരു പ്രബന്ധാവതരണം

ഹദ്റത്ത് ഭായി അബ്ദുറഹ്മാൻ (റ)ഖാദിയാൻ

**അനശ്വര ജ്ഞാനത്തിന്റെ ആത്മീയ ഗംഗ വചനസുധയായി അണപൊട്ടിയൊഴുകിയ ഷോൾ സദസ്സ്യരാകെ പ്രതിമകളെപ്പോലെ തരിച്ചിരുന്നു. ദൈവത്തിന്റെ വിജയവാഗ്ദാന മുണ്ടായിരുന്ന ആ പ്രബന്ധത്തിന്റെ അവതരണം അലൗകികമായ ഒരു ദിവ്യവിസ്മയമാ യിരുന്നു. സർവ്വമതസമ്മേളനത്തിൽ വെച്ച് 'ഇസ്ലാമീ ഉസൂൽ കീ ഫിലോസഫി' (ഇസ്ലാംമത തത്ത്വജ്ഞാനം) എന്ന പേരിലുള്ള വാഗ്ദത്ത മസീഹിന്റെ പ്രബന്ധം അവതരിപ്പിച്ചതിന് ദൃക്സാക്ഷിയായ ഒരാളുടെ അനുഭവസാക്ഷ്യം.**

**1896** മധ്യത്തിലായിരുന്നു ആ സംഭവം. സുഗൻചന്ദ്ര എന്ന് പേരുള്ള ഒരു ഹിന്ദുസന്യാസി ഖാദിയാനിൽ ആഗതനായി. പെട്ടെന്ന് അദ്ദേഹം ഞങ്ങളുടെ കൂട്ടത്തിൽ എല്ലാവർക്കും പരിചിതനാവുകയും ചെയ്തു. വാഗ്ദത്ത മസീഹ്(അ) അദ്ദേഹത്തോ ാട് പ്രത്യേക പരിഗണന കാണിച്ചിരുന്നു. അതുകൊണ്ട് മറ്റുള്ളവർക്കും അദ്ദേഹം പ്രിയങ്കരനായി മാറി.

സ്വാമി സുഗൻചന്ദ്ര അഭ്യസ്തവിദ്യനും വിശാലമനസ്കനുമായ ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനായിരുന്നു. വ്യക്തിജീവിതത്തിലുണ്ടായിരുന്ന ചില ദുരന്തങ്ങൾ അദ്ദേഹത്തെ ലൗകിക വിരക്തനാക്കി. കൂടുതൽ ആദ്ധ്യാത്മിക കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിയ അദ്ദേഹം ഒടുവിൽ സത്യാന്വേഷണ തൽപരനായി സർക്കാറുദ്യോഗം ഉപേക്ഷിക്കയാണുണ്ടായത്. സന്യാസിയായി മാറിയ അദ്ദേഹം വളരെയേറെ സഞ്ചരിക്കുകയുണ്ടായി. എത്രമാത്രം അദ്ദേഹം സഞ്ചരിച്ചുവെന്നോ എന്തെല്ലാം കാഴ്ചകൾ അദ്ദേഹം കണ്ടുവെന്നോ എന്തെല്ലാം വർത്തമാനങ്ങൾ അദ്ദേഹം കേട്ടുവെന്നോ ആർക്കും തിട്ടപ്പെടുത്താൻ സാധ്യമല്ലായിരുന്നു. അദ്ദേഹത്തിന്റെ അറ്റമില്ലാത്ത അലച്ചിലിനിടയിൽ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദിനെ (അ) പ്പറ്റിയുള്ള വിവരം ആരോ അദ്ദേഹത്തെ അറിയിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം വാഗ്ദത്ത മസീഹിനെ കാണാൻ ആത്മാർത്ഥ ഹൃദയത്തോടെ ഖാദിയാനിൽ വരുകയാണുണ്ടായത്. വാഗ്ദത്ത മസീഹിന്റെ സവിധത്തിൽ നിന്ന് വേണ്ടുവോളം അനുഗ്രഹങ്ങൾ കരസ്ഥമാക്കിയ അദ്ദേഹം വാഗ്ദത്ത മസീഹിൽ അലിഞ്ഞു ചേരുകയായിരുന്നു. സ്വാമിജി ഖാദിയാനിൽ ദീർഘകാലം താമസിക്കുകയും ചെയ്തു.

ലോകമതങ്ങളുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി വിശുദ്ധ ഖുർആന്റെ സത്യസൗന്ദര്യങ്ങളും ഇസ്ലാമിന്റെ ഗുണവൈശിഷ്ട്യങ്ങളും തെളിയിച്ചു കാട്ടുക എന്നത് വാഗ്ദത്ത മസീഹിന്റെ ഒരു ആഗ്രഹമായിരുന്നു. അത്തരമൊരു സർവ്വമത സമ്മേളനത്തിൽ മറ്റു മതസ്ഥർക്കും അവരവരുടെ മതങ്ങളുടെ ഗുണഗണങ്ങൾ സമർപ്പിക്കാനുള്ള സന്ദർഭവും ഉണ്ടാവുമല്ലോ.

വാഗ്ദത്ത മസീഹിന്റെ ഈ നിർദ്ദേശം സത്യവും അസത്യവും തിരിച്ചറിയാനുള്ള ഒരു സന്ദർഭമാവുമെന്ന് സ്വാമി സുഗൻചന്ദ്ര മനസ്സിലാക്കി. ഇങ്ങനെ ഒരു സമ്മേളനം നടത്താനുള്ള എല്ലാ പരിശ്രമങ്ങളും അദ്ദേഹം വാഗ്ദാനം ചെയ്തു. കാവി വസ്ത്രധാരിയും അഭ്യസ്തവിദ്യനും പരിചയസമ്പന്നനുമായ സ്വാമിക്ക് ഹിന്ദു കേന്ദ്രങ്ങളിൽ ഈ ആശയവുമായി സമീപിക്കാൻ യാതൊരു പ്രയാസവുമില്ലായിരുന്നു. അദ്ദേഹം മുന്നോട്ടു വെച്ച ഈ അഭിപ്രായം വളരെ ഗൗരവപൂർവ്വം പരിഗണിക്കപ്പെട്ടു. ക്രമേണ ഒരു സർവ്വമത സമ്മേളനം നടത്താനുള്ള ആശയം രൂപപ്പെട്ടു വന്നു.

വളരെയേറെ പ്രയാസങ്ങൾ അതിജീവിച്ചുകൊണ്ടു സർവ്വമത സമ്മേളനം എന്ന ആശയം സാക്ഷാൽകൃതമായി സമ്മേളനത്തിന്റെ തിയ്യതിയും സ്ഥലവും പ്രഖ്യാപിക്കപ്പെട്ടു. 1896 ഡിസംബർ 26,27,28 തിയ്യതികളിൽ ലാഹോറിലെ ടൗൺഹാളിലായിരുന്നു സമ്മേളനം നടത്താൻ തീരുമാനിച്ചത്. സമ്മേളനം നടത്താൻ വേണ്ടി പണ്ഡിതൻമാരും പ്രഗൽഭരുമായ അനേകം

രുന്നു. എതിരാളികളുടെ കടുത്ത എതിർപ്പും, വിഷയാവതരണത്തിന് ഉച്ച സമയം നിശ്ചയിച്ചതിലെ പൊരുത്തക്കേടും എല്ലാം കൂടി വാഗ്ദത്ത മസീഹിന്റെ പ്രതീക്ഷക്കനുസരിച്ച് സമ്മേളനം വിജയിക്കില്ല എന്ന ആശങ്കയുമുണ്ടായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ കാരുണ്യം മറ്റൊരു വിധത്തിൽ പ്രകടമായി. ജനങ്ങൾ കൂട്ടംകൂട്ടമായി സമ്മേളനസ്ഥലത്തേക്ക് ആഗതരാവാൻ തുടങ്ങി. മലക്കുകൾ ജനക്കൂട്ടത്തിന്റെ ശത്രുത സ്നേഹമാക്കി മാറ്റി സമ്മേളനസ്ഥലത്തേക്ക് ആനയിക്കുന്നത് പോലെ അനുഭവപ്പെട്ടു. പ്രസംഗം കേൾക്കുന്നതിൽ നിന്ന് ജനങ്ങളെ തടഞ്ഞവർ വിപരീത രീതിയിൽ അനുകൂലമായി പെരുമാറാൻ തുടങ്ങി. സമ്മേളനം ശ്രവിക്കാൻ ജനങ്ങളുടെ ഭാഗത്ത് നിന്നുണ്ടായ അഭൂതപൂർവ്വമായ ഔത്സുക്യം എതിർത്തവരെക്കൂടി സമ്മേളനഹാളിലേക്ക് ആകർഷിച്ചടുപ്പിക്കുകയായിരുന്നു. ജനങ്ങൾ ഇരച്ചുകയറുവാൻ ആരംഭിച്ചു. എല്ലാ കെട്ടിടങ്ങളും ജനസാന്ദ്രമായി മാറി. ആളുകൾ തിങ്ങി ഞെരുങ്ങി മറ്റുള്ളവർക്ക് ഇരിപ്പിടമൊരുക്കുന്നുണ്ടായിരുന്നു.

ഡിസംബറിലെ അവധി ദിവസങ്ങളായതിനാൽ അതിനു ചുറ്റുമുള്ള പല സ്ഥലത്തും വിവിധ തരത്തിലുള്ള സമ്മേളനങ്ങൾ നടക്കുന്നുണ്ടായിരുന്നു. ഭൗതിക കാര്യങ്ങളിൽ മുഴുകിയ ജനങ്ങൾ സ്വാഭാവികമായും അങ്ങോട്ടേക്കായിരുന്നു ഒഴുകേണ്ടത്. പക്ഷേ, ഈ സമയത്ത് സമ്മേളനഹാളിലേക്ക് ജനങ്ങൾ കൂട്ടംകൂട്ടമായെത്തിയത് തീർച്ചയായും അസാധാരണവും അത്ഭുതകരവുമായ കാഴ്ച തന്നെയായിരുന്നു. അവിടെ കൂടിയിരുന്നവരെല്ലാം ഇതിന് പിന്നിൽ ദൈവത്തിന്റെ കരങ്ങൾ തന്നെയാണുള്ളതെന്ന് സമ്മതിക്കുകയുണ്ടായി. സിക്കുകാരനോ, ഹിന്ദുവിനോ ഈ വസ്തുത നിഷേധിക്കാനാവുകയില്ല. ഒരു ആര്യസമാജിക്കോ മുസ്‌ലിമിനോ ഇതിനെ ഖണ്ഡിക്കാൻ സാധ്യമല്ലായിരുന്നു. കൂടിയിരുന്ന ജനങ്ങളുടെ ഹൃദയങ്ങൾക്ക് ഒരു മൃദുത്വം അനുഭവപ്പെട്ടത്

ലയിലേക്ക് വണ്ടികയറാൻ പോയി. 1896 ഡിസംബർ 22 ഉച്ചക്ക് ലാഹോറിലെത്തി. വിതരണത്തിനായി തയ്യാറാക്കി നിർത്തിയ ആളുകൾക്ക് ഞാൻ നോട്ടീസ് ഏല്പിച്ചു.

വളരെയേറെ തടസ്സങ്ങളും, ബുദ്ധിമുട്ടുകളും ഈ സമ്മേളനം നടത്തുന്നതിന് പ്രതിബന്ധമായിവന്നു. പക്ഷേ, അല്ലാഹുവിന്റെ കാരുണ്യം ഒന്നുകൊണ്ട് മാത്രമാണ് ഈ സമ്മേളനം നിശ്ചിത തിയ്യതിക്ക് ഏറ്റവും അനുയോജ്യമായ സ്ഥലത്ത് വളരെ വിജയകരമായ രീതിയിൽ നടന്നത്. യഹൂദികളെ പ്പോലെ ചില ഹിന്ദു സഹോദരന്മാരും വളരെ വലിയ തടസ്സങ്ങളും കുത്സിത തന്ത്രങ്ങളും ഈ സർവ്വമത സമ്മേളനത്തെ പരാജയപ്പെടുത്താൻ ആസൂത്രണം ചെയ്തിരുന്നു. അവസാനം പ്രതിബന്ധങ്ങളുടെ നെടുംകോട്ടകളെല്ലാം തകർന്നുപോയി. (ഖൈബർകോട്ട) വെളിപാടുകളിൽ ഈ പ്രതിബന്ധങ്ങളെല്ലാം തകർന്നു പോകുമെന്നും അരുളപ്പാടുണ്ടായിരുന്നു. 'അല്ലാഹു അക്ബർ ഖരിബത് ഖൈബർ' (അല്ലാഹു ഏറ്റവും വലിയവൻ ഖൈബർ നശിച്ചു പോയി) എന്നായിരുന്നു ആ വെളിപാട്. സമ്മേളന നടത്തിപ്പിന് ലാഹോർ ടൗൺഹാൾ ഉപയോഗിക്കാൻ ശത്രുക്കൾ സമ്മതിച്ചില്ല. അതിനേക്കാൾ ഏറ്റവും നല്ല വേദിയായ ഇസ്‌ലാമിയാ ഹൈസ്ക്കൂളിലെ വേദി സമ്മേളനത്തിനായി ഒരുക്കിത്തന്നു. അത് അതിവിശാലമായ ഒരു ഇരുനില കെട്ടിടമായിരുന്നു. വലിയ മുറികളും ഗാലറിയോടു കൂടിയ വിശാലമായ ഹാളുകളുമുള്ള ഇത്തരം വലിയ സമ്മേളനങ്ങൾക്ക് പറ്റിയ തുറസ്സായ ഗാംഭീര്യമാർന്ന കെട്ടിടമായിരുന്നു ഇസ്‌ലാമിയാ ഹൈസ്ക്കൂളിലെ വേദി.

1896 ഡിസംബർ 26 ആയിരുന്നു സർവ്വമത സമ്മേളനത്തിന്റെ ആദ്യദിനം. ആ സമയത്ത് സമ്മേളനത്തിന് എത്തിച്ചേർന്നവരുടെ എണ്ണം അത്ര അധികമായിരുന്നില്ല. വാഗ്ദത്ത മസീഹിന്റെ പ്രബന്ധം ഡിസംബർ 28ന് ഉച്ചക്ക് 1.30 ന്ന് ആയിരുന്നു അവതരിപ്പിക്കേണ്ടിയിരുന്നത്. സാഹചര്യങ്ങളെല്ലാം തികച്ചും പ്രതികൂലമായി

വ്യക്തികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപവത്കൃതമായി. സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതറിഞ്ഞ് വാഗ്ദത്ത മസീഹ് സന്തുഷ്ടചിത്തനായി.

സർവ്വമത സമ്മേളനത്തിൽ സമർപ്പിക്കേണ്ട പ്രബന്ധം തയ്യാറാക്കാൻ വാഗ്ദത്ത മസീഹ് തീരുമാനിച്ചു. പക്ഷേ, അദ്ദേഹം രോഗം ബാധിച്ചു ശയ്യാവലംബിതനാവുകയാണുണ്ടായത്. തന്റെ രോഗശമനത്തിനുവേണ്ടി കാത്തിരുന്നാൽ പ്രബന്ധം വൈകുമെന്ന് കരുതി ആ രോഗാവസ്ഥയിൽ തന്നെ ദിവ്യപ്രചോദിതനായി വാഗ്ദത്ത മസീഹ് പ്രബന്ധ രചനയാരംഭിച്ചു. മറ്റു യാതൊരു തയ്യാറെടുപ്പും കൂടാതെ കുറഞ്ഞ സമയത്തിനുള്ളിൽ വാഗ്ദത്ത മസീഹ് വളരെ വേഗത്തിൽ പ്രബന്ധം പൂർത്തിയാക്കി.

സമ്മേളനത്തിന് ഏതാനും ദിവസങ്ങൾക്കു മുമ്പേ സുവിശേഷങ്ങളടങ്ങിയ വെളിപാട് വാഗ്ദത്ത മസീഹിന് ലഭിച്ചിട്ടുണ്ടായിരുന്നു. അതിൽ 'ഈ പ്രബന്ധം മറ്റെല്ലാ പ്രബന്ധങ്ങളെയും അതിജയിക്കും ഹൃദയങ്ങൾ അതിനോട് ചായ്‌വുള്ളതായിത്തീരും. സത്യത്തിന്റെ വഴിയിൽ ഇതൊരു അടയാളമായിത്തീരും' എന്നീ സുവിശേഷങ്ങളടങ്ങിയിരുന്നു. ഡിസംബർ 21ന് അച്ചടിച്ചു വിതരണം ചെയ്യാൻ വാഗ്ദത്ത മസീഹ് ഒരു വിജ്ഞാപനമുണ്ടാക്കി. 'സത്യാന്വേഷകർക്ക് ഒരു സുവാർത്ത' എന്നായിരുന്നു അതിന്റെ തലവാചകം. ഈ വിനീതനായ എന്നോട് ഈ ലഘുവിജ്ഞാപനം ലാഹോറിൽ കൊണ്ടുപോയി വിതരണം ചെയ്യാൻ വാഗ്ദത്ത മസീഹ് നിർദ്ദേശിച്ചു. ലാഹോറിലെ പൊതുജനങ്ങൾക്കിടയിൽ വ്യാപകമായി ഈ വിജ്ഞാപനം വിതരണം ചെയ്യണമെന്നും തികയാതെ വന്നാൽ വീണ്ടും അച്ചടിക്കണമെന്നും അദ്ദേഹം പ്രത്യേകം നിർദ്ദേശിക്കുകയുണ്ടായി.

ഏകദേശം അർദ്ധരാത്രിയോടെയാണ് വിജ്ഞാപനം അച്ചടിച്ചു തയ്യാറായത്. അച്ചടിശാലയിൽ നിന്നും അത് ശേഖരിച്ച് ഞാൻ കാൽനടയായി ബട്ടാ

ക്രിസ്ത്യാനിക്കും, ജൂതമതസ്ഥനും, ദേവസമാജിക്കും കാണാതിരിക്കാൻ സാധ്യമല്ലായിരുന്നു. ഈ പരിപാടി യേയും അനുഭവങ്ങളേയും സംബ ന്ധിച്ച് സൂക്ഷ്മമായ വിവരണം നൽ കുക സാധ്യമല്ല. അത് വാക്കുകൾക്ക തീതമായിരുന്നു. ചുരുക്കത്തിൽ ആ സമ്മേളനത്തിനു അനുഭവപ്പെട്ട അന്ത രീക്ഷത്തിന് തുല്യമായി മറ്റൊന്നുമു ണ്ടായിരുന്നില്ല. അത് അതിമഹനീയ വും, പവിത്രവുമായ ഒരു സമ്മേളനമാ യിരുന്നു.

പ്രബന്ധം അവതരിപ്പിക്കാൻ തുട ങ്ങിയ ഉടൻതന്നെ ജനങ്ങളിൽ ആത്മീ യചൈതന്യത്തിന്റെ തിരയിളക്കം അനുഭവപ്പെടുകയും അവർ സ്വയം തന്നെ 'സുബ്ഹാനല്ലാഹ്' (അല്ലാഹു പരിശുദ്ധൻ) എന്ന് മന്ത്രിക്കുകയും ചെയ്തു. അത്തരത്തിലുള്ള അനുഭൂതി ഹിപ്നാട്ടിസം, മെസ്മരിസം മുഖേന അനുഭവിപ്പിക്കാൻ സാധിക്കുമെന്ന് ഞാൻ കേട്ടിരുന്നു. പക്ഷേ, വിവിധ വിശ്വാസക്കാരും വിവിധ തരക്കാരു മായ ആയിരക്കണക്കിനാളുകളിൽ ഇങ്ങനെയൊരു പ്രഭാവം സംജാതമാ ക്കാൻ കഴിയുന്നതെങ്ങനെ!. തീർച്ച യായും അതൊരു അസാധാരണ സംഭ വമായിരുന്നു. ഒരു ദിവ്യാനുഭവത്തിന്റെ സാഫല്യമായിരുന്നു.

മൗലവി അബ്ദുൽകരീം സാഹി ബി(റ)നെ യായിരുന്നു വാഗ്ദത്ത മസീഹിന്റെ പ്രബന്ധം വായിക്കാൻ ചുമതലപ്പെടുത്തിയത്. വിശുദ്ധ ഖുർ ആനോട് അദ്ദേഹത്തിന് അഗാധമായ സ്നേഹമുണ്ടായിരുന്നു. അതിനാൽ അല്ലാഹു അദ്ദേഹത്തിന് ദാവൂദ്(അ) നബിയെപ്പോലെ ഐതിഹാസികമായ ശബ്ദ മാധുര്യം നൽകി. ദൈവ വച നങ്ങളിലെ സത്യസൗന്ദര്യം അദ്ദേഹ ത്തിൽ നിറഞ്ഞു തുളുമ്പി. പ്രബ ന്ധത്തിലുള്ള ഖുർആൻ വചനങ്ങൾ തരളഭാവത്തോടും അനുഭൂതിദായക മായും അത്യന്തം വികാരവായ്പോടെ അദ്ദേഹം ഉരുവിട്ടു. സദസ്യർ മുഴുവൻ തന്റെ മാന്ത്രിക വചസ്സുകളിൽ അധീ നരായി. ആ സദസ്സ് ഒരു പ്രത്യേകാനു ഭൂതിയിൽ ഘനസാന്ദ്രമായി. പ്രബ ന്ധം മുഴുവനും വാഗ്മികതയും ഉത്സു കതയും നിറഞ്ഞുനിന്നു. അത്യന്തം ആഹ്ലാദജനകമായിരുന്നു അത്. പ്രബ ന്ധത്തിന്റെ അവതാരകന്റെ വികാരഭാ വങ്ങൾക്കോ ശബ്ദലാവണ്യത്തിനോ യാതൊരു മാറ്റങ്ങളുമില്ലായിരുന്നു. സദ സ്യർ മുഴുൻ അക്ഷരാർത്ഥത്തിൽ സമ്മോഹ നിദ്രയിലകപ്പെട്ടത് പോലെ സ്തബ്ധരായി നിന്നുപോയി.

കഠിനശത്രുക്കളായ ചില ഹിന്ദു ക്കളും സിക്കുകാരും ആര്യസമാജിക ളുമടക്കം സുബ്ഹാനല്ലാഹ് (അല്ലാഹു പരിശുദ്ധൻ) എന്ന സ്തുതി ഉരുവിടു ന്നതായി ഞാൻ എന്റെ ചെവികൊണ്ട് കേൾക്കുകയുണ്ടായി. ആയിരക്കണ ക്കിന് സദസ്യർ പ്രതിമകളെപ്പോലെ മരവിച്ചിരുന്നുപോയി. ഒരു പക്ഷി വന്ന് അവരുടെ തലയിരുന്നാൽ പോലും അതിൽ അത്ഭുതപ്പെടാനില്ല. ആ വാഗ്ധോരണിയിലൂടെ ഹൃദയത്തി ലേക്ക് പ്രവഹിച്ച ആത്മീയ പ്രവാഹം അത്ര മാത്രം പ്രത്യക്ഷ ഗോചരമായി രുന്നു. പ്രഭാഷകന്റെ ശബ്ദമല്ലാതെ മറ്റെല്ലാ ശബ്ദവും അതിനെതിരെ ഒടു ങ്ങിപ്പോയി. നിതാന്ത നിശബ്ദത മാത്രം നിലനിന്നു. സദസ്യരുടെ ശ്വാസോച്ഛ്വാസം മാത്രം കേൾക്കാമാ യിരുന്നു. അത് ദൈവത്തിന്റെ വല്ലാ ത്തൊരു വിചിത്രമായ പ്രവർത്തനമാ യിരുന്നു. പരിസരത്തുള്ള മൃഗ ങ്ങൾകൂടി ശാന്തത പാലിച്ചു. പ്രഭാഷ ണത്തിന്റെ കാന്തിക ശക്തിയിൽ പുറ മെനിന്നും മറ്റൊരു ശബ്ദവും പ്രഭാഷ കന്റെ ശബ്ദവുമായി കൂടിക്കലർന്നില്ല. ഈ അവസ്ഥ രണ്ടു മണിക്കൂറോളം നീണ്ടുനിന്നു.

സമയം 3.30 അടിച്ചു. അനുവദിച്ച സമയം കഴിഞ്ഞു. അത്യത്ഭുതകരമായ ആ ആത്മീയാനുഭൂതിക്കും ആഹ്ലാദ ത്തിനും വിരാമമായി. അടുത്ത അരമ ണിക്കൂർ മുബാറക്ക് അലി സിയാൽ ക്കോട്ടിക്ക് പ്രബന്ധമവതരിപ്പിക്കാ നുള്ള ഊഴമായിരുന്നു. നിർത്തിവച്ച പ്രഭാഷണം തുടരാൻ സദസ്സിൽ നിന്നും ആവശ്യമുയർന്നു. മറ്റു പ്രസം ഗങ്ങൾ ഇതിനുവേണ്ടി ഉപേക്ഷിക്കണ മെന്നും സദസ്യർ ആവശ്യപ്പെട്ടു. മുബാറക്ക് അലി ഉടൻതന്നെ എഴു ന്നേറ്റ് നിന്ന് ഈ ആവശ്യം താൻ സദയം സന്തോഷത്തോടെ അംഗീക രിച്ചതായി സദസ്സിനെ അറിയിച്ചു. ഈ വിലപ്പെട്ട പ്രബന്ധം തുടരണമെന്ന് അദ്ദേഹവും ആവശ്യപ്പെട്ടു. അതോടെ വിരാമാവസ്ഥ പൂകിയ ആ വചനസു ധയുടെ പ്രവാഹം വീണ്ടും ആരംഭിച്ചു. ആ പഴയ ദിവ്യാനുഭൂതി വീണ്ടും സംജാതമായി. മണി നാലടിച്ചു. പ്രബന്ധം ഇനിയും തീർന്നിട്ടുണ്ടായി രുന്നില്ല. ശ്രോതാക്കളുടെ കേൾക്കാ നുള്ള ആസക്തി വർദ്ധിച്ചു വരികയാ യിരുന്നു. സദസ്സിന്റെ ആവശ്യത്തെ ത്തുടർന്ന് പ്രഭാഷണം 5.30 വരെ തുടർന്നു. ഉപന്യാസത്തിന്റെ ഗതി പിന്നേയും തുടർന്നു. പരിസരം ഇരുൾ പരന്നു. പക്ഷേ, ഈ മാന്ത്രിക പ്രഭാ ഷണം സദസ്സിന്റെ ഇച്ഛയ്ക്ക് വിരുദ്ധ മായി അവസാനിപ്പിക്കേണ്ടി വന്നു. ബാക്കിഭാഗം തൊട്ടടുത്ത ദിവസം 1896 ഡിസംബർ 29നും തുടർന്നു.

പ്രബന്ധത്തിന്റെ അതിവിപുലമായ കീർത്തിയും സദസ്സിന്റെ ആവശ്യവും പരിഗണിച്ച് സർവ്വമത സമ്മേളന ത്തിന്റെ സംഘാടകർ അന്ന് തന്നെ യോഗം ചേർന്നു. മൂന്ന് ദിവസത്തെ സമ്മേളനം ഒരു ദിവസത്തേക്ക് കൂടി വാഗ്ദത്ത മസീഹി(അ)ന്റെ പ്രബന്ധം അവതരിപ്പിക്കാൻ വേണ്ടി നീട്ടുകയാ യിരുന്നു.

ഡിസംബർ 29ന് രാവിലെ 9.30ന് തന്നെ പ്രബന്ധാവതരണം പുനരാരം ഭിച്ചു. ആ ദിവസം ഡിസംബർ മാസ ത്തിന്റെ അവസാനത്തിലായിരുന്നതി നാൽ കൊടും തണുപ്പിന്റെ മൂർദ്ധന്യ ത്തിലായിരുന്നു. ലാഹോർ പട്ടണത്തെ സംബന്ധിച്ചിടത്തോളം തണുപ്പ് കാലത്തെ ഈ സമയം ഒട്ടും യോജി ച്ചതായിരുന്നില്ല. ജനങ്ങൾക്ക് ഒഴിവു ദിനമായിരുന്നാൽ പോലും ഈ കൊടുംതണുപ്പിൽ ഇത്രനേരത്തെ ജന ങ്ങൾ പുറത്തിറങ്ങാറില്ല. വളരെ അപൂർവ്വമായേ അവർ വെളിയിലിറ ങ്ങിയിരുന്നുള്ളൂ. അതുകൊണ്ട് രാവിലെ സദസ്യരുടെ എണ്ണം വളരെ കുറവായിരിക്കുമെന്നും ആദ്യമുണ്ടായി

രുന്നത്ര ആത്മീയമായ അന്തരീക്ഷം ഉണ്ടാവില്ല എന്നും ധരിച്ചിരുന്നു. ദൈവത്തിന്റെ പ്രവൃത്തി മൂലം അസാധാരണമായ ഒരു ആകർഷണവും കാന്ത ശക്തിയും അനുഭവപ്പെട്ടു. അപ്രതിരോധ്യമായ ആ ആകർഷണം ഒരു ശക്തിക്കും തടയാൻ കഴിയുമായിരുന്നില്ല. മനുഷ്യൻ ഇക്കാര്യത്തിൽ അവഗണനയും ഉദാസീനതയും കാണിക്കുകയാണെങ്കിൽ അല്ലാഹു തന്റെ മലക്കുകളെ ഉപയോഗിച്ച് അത് വിജയിപ്പിക്കും! ചുരുക്കത്തിൽ കാലത്ത് തന്നെ തണുത്തുവിറക്കുന്ന കുളിരിൽ ജനങ്ങൾ കൂട്ടം കൂട്ടമായി എത്താൻ തുടങ്ങി. 28 ഡിസംബറിന് ഹാജരായിരുന്ന ജനത്തെക്കാൾ വമ്പിച്ച ഒരു സദസ്സ് ആ കൊടുംതണുപ്പിലും ഒത്തുകൂടി. പരിപാടി ആരംഭിച്ചു. ഉപന്യാസത്തിന്റെ അന്തിമ ഭാഗം അവിടെ വായിച്ചു. ഒരിക്കൽ കൂടി ആ ദിവ്യരചനയുടെ വാങ്മയം അവികല വാഗ്മിതയോടും മനോഹാരിതയോടെയും അവതരിപ്പിക്കപ്പെട്ടു. മുഴുവൻ പരിപാടിയും മഹത്വമാർന്നവയും അതിഗംഭീരവുമായിരുന്നു. വാഗ്ദത്ത മസീഹിന്റെ പ്രബന്ധം അതിന്റെ അത്യുൽകൃഷ്ടമായ ഗുണസൗഷ്ടവത്താൽ ഉജ്ജ്വല പ്രതാപത്തോടെ മറ്റെല്ലാ പ്രബന്ധങ്ങളേയും അതിജയിച്ചു. അതിന്റെ വിജയമുദ്രകളും മഹത്വവും ജ്ഞാന ലോകത്തെ അനശ്വര പ്രതീകങ്ങളായി മാറി. വാനലോകത്തെ സൂര്യചന്ദ്രൻമാരെപ്പോലെ അവ വെട്ടിത്തിളങ്ങി.

മിത്രങ്ങളും അതുപോലെ ശത്രുക്കളും ഒരുപോലെ ആ പ്രബന്ധത്തെ സ്തുതിക്കാതെ അവശേഷിച്ചില്ല. പ്രബന്ധം പൊതുജനങ്ങൾക്കിടയിലും മാധ്യമലോകത്തും വമ്പിച്ച പ്രീതിക്ക് പാത്രമായി. അനേകം പത്രങ്ങൾ ഈ പ്രബന്ധത്തെ വാഴ്ത്തിക്കൊണ്ട് അവലോകനങ്ങളെഴുതി. സർവ്വമത സമ്മേളനം നടത്തിയ കമ്മറ്റിക്കാരും 'ഇസ്‌ലാം മതതത്ത്വജ്ഞാനം' എന്ന ഈപ്രബന്ധത്തിന്റെ ഔന്നത്യത്തെയും അധീശത്വത്തേയും ജനപ്രീതിയേയും അങ്ങേയറ്റം വാഴ്ത്തി കൊണ്ട് വാഗ്ദത്തമസീഹിനെ അറിയിക്കുകയുണ്ടായി. സർവ്വശക്തനായ അല്ലാഹുവിന്റെ വചനങ്ങൾ ഇവിടെ സാർത്ഥകമായി. മറ്റൊന്നും അതിനെതിരിൽ തടസ്സമായി വന്നില്ല.*

**വിവ: ഏ.എം.**

* ഈ പ്രബന്ധത്തിന്റെ വിവർത്തനം **'ഇസ്‌ലാം മതതത്ത്വജ്ഞാനം'** എന്ന പേരിൽ മലയാളത്തിലും ലഭ്യമാണ് (വിവ:)

## ദൈവസ്മരണ

നബി കരീം (സ) ഇങ്ങനെ അരുൾ ചെയ്തതായി അബൂ ഹുറയ്റ (റ) നിവേദനം ചെയ്യുന്നു. 'അല്ലാഹുവിനെ സ്മരിക്കണമെന്ന ഉദ്ദേശത്തോടെ സമ്മേളിച്ചിരിക്കുന്ന ജനങ്ങളെ അന്വേഷിച്ചുകൊണ്ട് എപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഉന്നതസ്ഥാനീയരായ ചില മലക്കുകൾ അല്ലാഹുവിനുണ്ട്. സർവശക്തനായ അല്ലാഹുവിനെ സ്മരിക്കുന്ന അത്തരം ആൾക്കൂട്ടത്തിന്റെ അടുക്കൽ ആ മലക്കുകൾ വരുമ്പോൾ അവർ ജനങ്ങളുടെ മേൽ ചിറകുകൾ വിരിച്ചുകൊണ്ട് അവരോടൊപ്പം ചേരുകയും, ഭൂമിക്കും ഏറ്റവും അടുത്തുമുള്ള ആകാശത്തിനുമിടയിൽ അവരുടെ സാന്നിധ്യം കൊണ്ട് നിറക്കുകയും ചെയ്യും'. ജനങ്ങൾ പിരിഞ്ഞുപോയാൽ ആകാശത്തിലേക്ക് മലക്കുകൾ കയറിപ്പോകും. അപ്പോൾ എന്താണ് സംഭവിച്ചതെന്ന് നല്ലവണ്ണം അറിയുന്ന അല്ലാഹു അവരോടു (മലക്കുകളോടു) ചോദിക്കും. 'നിങ്ങൾ എവിടെനിന്നു വരുന്നു?' അവർ മറുപടി പറയും. 'നിന്നെ സ്തുതിക്കുകയും നിന്റെ മഹത്വം പ്രകീർത്തിക്കുകയും നിന്റെ ഏകത്വത്തെ പ്രഖ്യാപിക്കുകയും നിന്നെ മാത്രം ആരാധിക്കുകയും ആവശ്യങ്ങൾ നിന്റെ മുമ്പിൽ സമർപ്പിക്കുകയും ചെയ്യുന്ന ഭൂമിയിലുള്ള നിന്റെ ദാസരുടെ അടുക്കൽ നിന്നാണ് ഞങ്ങൾ വരുന്നത്. അപ്പോൾ അല്ലാഹു അന്വേഷിക്കും. 'അവരെന്താണ് എന്നോട് ആവശ്യപ്പെടുന്നത്?' മലക്കുകൾ പറയും. 'അവർ നിന്റെ സ്വർഗ്ഗത്തിനുവേണ്ടിയാണ് യാചിക്കുന്നത്.' തുടർന്ന് അല്ലാഹു അവരോട് അന്വേഷിക്കും. 'എന്റെ സ്വർഗ്ഗം അവർ കണ്ടിട്ടുണ്ടോ?' മലക്കുകൾ മറുപടി പറയും. 'ഇല്ല. ഞങ്ങളുടെ നാഥാ അവർ നിന്റെ സ്വർഗ്ഗം കണ്ടിട്ടില്ല.' അല്ലാഹു പറയും. 'അവർ എന്റെ സ്വർഗ്ഗം കണ്ടിരുന്നെങ്കിൽ സ്ഥിതി എന്തായിരിക്കും.' മലക്കുകൾ പറയും. 'അവർ നിന്നോടു അഭയം ആവശ്യപ്പെടുകയും ചെയ്യുന്നു.' അല്ലാഹു പറയും. 'ഞാനവർക്ക് പൊറുത്തു കൊടുത്തിരിക്കുന്നു. എന്നോടെന്തെല്ലാം അവർ ആവശ്യപ്പെട്ടുവോ അവയെല്ലാം ഞാനവർക്ക് ദാനം ചെയ്തുകഴിഞ്ഞു.' അപ്പോൾ മലക്കുകൾ പറയും. 'ഞങ്ങളുടെ നാഥാ! അവരുടെ ഇടയിൽ മഹാപാപിയായ ഒരാളുമുണ്ടായിരുന്നു. അതുവഴി കടന്നുപോകുമ്പോൾ അല്പനേരം ഒന്ന് കയറി ഇരുന്നുവെന്നേയുള്ളു.' അപ്പോൾ അല്ലാഹു പറയും. 'അവനും ഞാൻ മാപ്പ് കൊടുത്തിരിക്കുന്നു. അവരെല്ലാം അനുഗൃഹീതരാണ്. അവരുടെ കൂടെയിരിക്കുന്നവരാരും തന്നെ ദൗർഭാഗ്യവാന്മാരാകുകയില്ല.' **(മുസ്‌ലിം)**

ലേഖനം



# 'ബറാഹീനെ അഹ്മദിയ്യ' - ഹദ്റത്ത് അഹ്മദി(അ)ന്റെ ഒരു ദിവ്യഗ്രന്ഥം -3

ഏ. ക്യു മഹ്ദി

## മുസ്ലിം സമുദായത്തിന്റെ ചിന്താമണ്ഡലത്തെ ഇളക്കിമറിച്ച ഹദ്റത്ത് അഹ്മദി(അ)ന്റെ ദിവ്യഗ്രന്ഥമായിരുന്നു ബറാഹീനെ അഹ്മദിയ്യാ

'ബറാഹീനെ അഹ്മദിയ്യ' ഒന്നും രണ്ടും ഭാഗങ്ങൾ 1880-ൽ പുറത്തുവന്നു.

രണ്ടാം ഭാഗത്ത് പ്രധാനമായും ആര്യസമാജത്തിന്റെ അബദ്ധസിദ്ധാന്തങ്ങളെ ഖണ്ഡിക്കുകയും ഖുർആന്റെ മഹത്ത്വം സ്ഥാപിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആരുടെയെങ്കിലും ഹൃദയത്തെ വ്രണപ്പെടുത്തുകയോ, ആരുമായെങ്കിലും കലഹമുണ്ടാക്കുകയോ അല്ല തന്റെ ഉദ്ദേശ്യമെന്നും സത്യം വെളിപ്പെടുത്തുക മാത്രമാണ് താൻ ആഗ്രഹിച്ചിട്ടുള്ളതെന്നും അദ്ദേഹം എഴുതി. എന്നാൽ, കേവലമായ സത്യതത്ത്വത്തിന് വിപരീതമായ വിശ്വാസങ്ങളുടെ പൊള്ളത്തരം വെളിപ്പെടുത്തേണ്ടതും സത്യാന്വേഷണത്തിനു ആവശ്യമായിരിക്കയാൽ തെറ്റുകൾ ചൂണ്ടിക്കാണിക്കാതെ നിർവാഹമില്ലെന്നും മുഖവുരയിൽ വ്യക്തമാക്കപ്പെട്ടു.

രണ്ടാം ഭാഗം പുറത്തിറക്കി രണ്ടു വർഷം കൂടി കഴിഞ്ഞ്, 1882-ൽ ആണ് മൂന്നാം ഭാഗം പ്രസിദ്ധീകരിച്ചത്. ഈ മൂന്നാം ഭാഗത്തു ഹദ്റത്ത് അഹ്മദ് (അ) ഖുർആന്റെ പ്രത്യേകതകൾ വിവരിക്കുകയും അതു ദൈവപ്രോക്തമാണെന്നു തെളിയിക്കുകയും ചെയ്തു. ഖുർആന് എതിരായി ശത്രുക്കൾ ഉന്നയിച്ച ആക്ഷേപങ്ങൾക്ക് ഇതിൽ മറുപടി പറയുകയുമുണ്ടായിട്ടുണ്ട്. താൻ ദൈവഭാഷണത്താൽ അനുഗൃഹീതനായിരിക്കുന്നവനാണെന്നും ഇതിൽ പ്രസ്താവിച്ചിരിക്കുന്നു.

വീണ്ടും രണ്ടുവർഷം കൂടി പിന്നിട്ട് 1884-ലാണ് നാലാംഭാഗം പുറത്തു വന്നത്. ആദ്യ മൂന്നു ഭാഗങ്ങളെ സംബന്ധിച്ചുണ്ടായ വിമർശനങ്ങൾക്കുള്ള മറുപടികൂടി ഉൾപ്പെടുത്തുന്നതിനാലാണ് ഇത്രയും വൈകിക്കേണ്ടി വന്നത്.

ഈ നാലാംഭാഗത്ത്, ദിവ്യാത്ഭുതങ്ങളുടെ സ്വഭാവം, പ്രവചനങ്ങളുടെ യാഥാർത്ഥ്യം, എന്നിവക്കു പുറമെ ദൈവത്തെ സംബന്ധിച്ചുള്ള ബൗദ്ധ, ക്രൈസ്തവ, ഹൈന്ദവ സങ്കൽപ്പങ്ങളെക്കുറിച്ചും ഒരു താരതമ്യപഠനം നടത്തിയിട്ടുണ്ട്. ബ്രഹ്മസമാജത്തിന്റെ അടിത്തറ തന്നെ ഇളക്കാൻ പോന്ന ഖണ്ഡനം ഇതിൽ അടങ്ങിയിരിക്കുന്നു.

വീണ്ടും രണ്ടു പതിറ്റാണ്ടുകൾ കൂടി പിന്നിടേണ്ടി വന്നു അഞ്ചാം പതിപ്പ് വെളിച്ചം കാണാൻ. 1905-ലാണതു പ്രസിദ്ധീകരിക്കപ്പെട്ടത്. എന്നാൽ, അത് ആദ്യ നാലു ഭാഗങ്ങളുടെ രൂപത്തിൽ തന്നെയുള്ള ഒരു തുടർച്ചയായിരുന്നില്ല. ആദ്യഖണ്ഡങ്ങളിൽ പ്രസിദ്ധം ചെയ്ത ചില പ്രവചനങ്ങൾ പൂർത്തിയായതെങ്ങനെയെന്ന് അഞ്ചാം ഭാഗത്ത് വിവരിച്ചിട്ടുണ്ട്.

'ബറാഹീൻ' 50 ഖണ്ഡങ്ങളായി പ്രസിദ്ധം ചെയ്യാനാണ് ഹദ്റത്ത് അഹ്മദ് (അ) ആദ്യം ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഗ്രന്ഥത്തിന്റെ വലിപ്പം എത്രയുണ്ടാകുമെന്നും, എത്ര പേജുകളിൽ അതു പൂർത്തിയാക്കാനാവുമെന്നും തുടക്കത്തിൽ ഒരു നിശ്ചയവുമുണ്ടായിരുന്നില്ല. തന്മൂലം, അവ എന്നാണ് പൂർണ്ണമായി അച്ചടിച്ചിറക്കുക എന്നതും നിർണ്ണയിക്കപ്പെട്ടിരുന്നില്ല. 1884-ൽ നാലാംഭാഗം പ്രസിദ്ധപ്പെടുത്തിയെങ്കിലും അപ്പോഴേക്കും ആ മഹാത്മാവിന്റെ ജീവിതത്തിൽ നിർണ്ണായകമായ പല സംഭവങ്ങളും നടന്നുകഴിഞ്ഞിരുന്നു. അതിനാൽ, നാലാഭാഗത്തിന്റെ അവസാനത്തിൽ തന്റെയീ സംരംഭം എത്രത്തോളം മുമ്പോട്ടുപോകുമെന്നു പറയാനാവില്ലെന്നും, പ്രസ്തുത ഗ്രന്ഥത്തിന്റെ ഭാവി, ദൈവത്തിന്റെ കൈയ്യിലാണെന്നും, മുൻപ്രഖ്യാപനമനുസരിച്ചു ഗ്രന്ഥം എഴുതി പൂർത്തിയാക്കാൻ കഴിയുകയില്ല എന്നും സൂചിപ്പിക്കപ്പെട്ടിരുന്നു. 1886-ൽ പ്രസിദ്ധപ്പെടുത്തിയ ഒരു വിജ്ഞാപനത്തിൽ താൻ ആദ്യത്തെ പരിപാടിയിൽ മാറ്റം വരുത്തിയിട്ടുണ്ടെന്നും അതിനാൽ നിശ്ച

യിച്ചപ്രകാരം 300 അധ്യായങ്ങളിൽ തന്നെ ഗ്രന്ഥം പ്രസിദ്ധം ചെയ്യേണ്ട തുണ്ടെന്നു തോന്നുന്നില്ലെന്നും പ്രസ്താവിക്കുകയുണ്ടായി. താൻ ദൈവികമായ ഒരു ദൗത്യം നിർവഹിക്കാൻ നിയുക്തനായിരിക്കുന്നുവെന്നും തന്റെ പ്രവർത്തനരംഗവും ചുമതലകളും കാര്യപരിപാടികളുമെല്ലാം തീർത്തും മാറിയിരിക്കുന്നുവെന്നും അതുകൊണ്ട് തനിക്ക് ബറാഹീൻ നിശ്ചയിച്ച രീതിയിൽ പ്രസിദ്ധം ചെയ്യാനാവുകയില്ലെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

1879-ൽ തന്നെ ഹദ്റത്ത് അഹ്മദ് (അ) ബറാഹീന്റെ വലിയൊരു ഭാഗം, ഏകദേശം 2500 പേജുകളിൽ എഴുതി പൂർത്തിയാക്കിയിരുന്നു. എന്നാൽ പ്രസിദ്ധം ചെയ്യാൻ ബാക്കിയുണ്ടായിരുന്ന, എഴുതിത്തയ്യാറാക്കി വച്ച കൈയെഴുത്തുഭാഗങ്ങൾ എങ്ങനെയോ നഷ്ടപ്പെട്ടുപോയി. പുസ്തകം പൂർത്തിയാക്കുന്നതിനു മറ്റുചില തടസ്സങ്ങളും നേരിട്ടിരുന്നു. ഇതിനൊക്കെപ്പുറമെ ആ ദിവ്യാത്മാവിന് ദൈവനിയോഗവാദം പുറപ്പെടുവിച്ചതിൽ പിന്നെ ശത്രുക്കളുടെ ഒരു വൻനിരയോട് നിരന്തരം പോരാടേണ്ടിയും വന്നു. എതിരാളികളാകട്ടെ, അദ്ദേഹത്തിനു യാതൊരു സ്വസ്ഥതയും കൊടുത്തതുമില്ല.

'ബഹാറീനെ അഹ്മദിയ്യ' പ്രസിദ്ധീകരിക്കുന്നതിനുള്ള ധനസമാഹരണം ഹദ്റത്ത് അഹ്മദ് (അ)-നെ സംബന്ധിച്ചിടത്തോളം വലിയൊരു പ്രശ്നം തന്നെയായിരുന്നു. അന്നത്തെ സാമ്പത്തികസ്ഥിതിയാകട്ടെ തുലോം ദുർബലമായിരുന്നു. പുസ്തകപ്രസിദ്ധീകരണങ്ങൾക്കു വേണ്ട സഹായങ്ങൾക്കായി അദ്ദേഹം ദൈവത്തോടു പ്രാർത്ഥിച്ചു. സത്യവിശ്വാസികളായ സഹോദരങ്ങളും സന്മനസ്സുള്ള മുസ്ലിം ധനാഢ്യരും ഇതിന്റെ ചെലവിൽ പങ്കാളികളാകുന്ന, ഒരു പ്രീ-പബ്ലിക്കേഷൻ പദ്ധതി അദ്ദേഹം പരസ്യപ്പെടുത്തി. അവർ മുൻകൂറായി പണമടച്ചു സഹായിച്ചു ഈ പദ്ധതിയെ വിജയിപ്പിക്കാനാണദ്ദേഹം ആഹ്വാനം ചെയ്തത്. മുൻകൂർ പണമടയ്ക്കുന്നവർക്ക് പബ്ലിഷ് ചെയ്യുമ്പോൾ പുസ്തകം നൽകുന്ന സമ്പ്രദായം ഈ ആധുനികകാലത്ത് സാർവത്രികമായി നിലവിലുണ്ടല്ലോ.

പക്ഷേ, അഹ്മദ് (അ)ന്റെ ഈ അഭ്യർത്ഥനയ്ക്ക് കാര്യമായ പ്രതികരണമൊന്നും ഉണ്ടായില്ല. എന്നാൽ ചില സഹൃദയന്മാർ സഹായിക്കാതിരുന്നുമില്ല. അന്നത്തെ പട്ട്യാലാ മുഖ്യമന്ത്രി സയ്യിദ് മുഹമ്മദ് ഹസൻഖാൻ മോശമല്ലാത്ത ഒരു തുക ഈ സംരംഭത്തിനായി അയച്ചുകൊടുക്കുകയുണ്ടായി. ചില സഹൃദയരായ ഹിന്ദുമാന്യന്മാരും പുസ്തക പ്രസിദ്ധീകരണത്തിനായി സാമ്പത്തികസഹായം നൽകുകയുണ്ടായി.

ഇത് അന്നത്തെ കഥ. അക്കാലത്തെ സാഹചര്യങ്ങൾ അങ്ങനെയായിരുന്നു. ദൈവത്തിന്റെ അപാരമായ അനുഗ്രഹം ഉണ്ടെങ്കിലേ അന്ന് ഇത്തരം കാര്യങ്ങൾ വിജയപ്രദമായി നടത്താൻ കഴിയുമായിരുന്നുള്ളൂ. അഭ്യുദയകാംക്ഷികൾ പോലും എത്ര കൈയ്യയച്ചു സംഭാവന ചെയ്താലും ഒരു പരിധിക്കപ്പുറം, ആ കാലത്ത് ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല.

ഇന്ന്, കാലം മാറിപ്പോയിരിക്കുന്നു. ദൈവത്തിന്റെ അനാദൃശമായ അനുഗ്രഹം ഇന്ന് നമ്മുടെ ജമാഅത്തിനുണ്ട്. പുസ്തക പ്രസിദ്ധീകരണങ്ങൾക്കോ, ടെലിവിഷൻ പരിപാടികൾക്കോ ഒന്നും നമുക്ക് മറ്റാരെയും സാമ്പത്തികമായി ആശ്രയിക്കേണ്ട അവസ്ഥ ഇന്നില്ല. ഹുസൂർ തിരുമനസ്സിന്റെ കല്പന കിട്ടിയാൽ, ലോകമെമ്പാടുമുള്ള ജമാഅത്തുകളിൽ നിന്നും സാമ്പത്തികസഹായം അനർഗളം പ്രവഹിച്ചുതുടങ്ങും. സർവശക്തന്റെ അപാരമായ അനുഗ്രഹങ്ങൾക്ക്, ഈ 21-ാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമുക്ക് നന്ദി പറയാം.

സാമ്പത്തികക്ലേശം ഉണ്ടായിരുന്നുവെങ്കിലും, ഭക്തിയും വിനയശീലവും ഉള്ളവരെ മാത്രമേ ഈ വിഷയത്തിനുവേണ്ടി സമീപിക്കാവൂ എന്നും, ലൗകികതയിൽ മാത്രം മുഴുകിക്കഴിയുന്നവർക്കു മുമ്പിൽ സഹായാഭ്യർത്ഥനകളുമായി പോകുന്നത് ദൈവത്തെ അപമാനിക്കലാവുമെന്നും ഹദ്റത്ത് അഹ്മദ് (അ) ഉപദേശിക്കുകയുണ്ടായി. മാത്രമല്ല, ഇതൊരു കച്ചവട ഏർപ്പാടല്ലെന്നും ദൈവികമായ ഈ പുണ്യസംരംഭത്തിൽ എല്ലാവർക്കും ഭാഗഭാക്കുകളാകാനുള്ള ഒരവസരമുണ്ടാക്കുക മാത്രമാണ് തന്റെ ഉദ്ദേശ്യമെന്നു കൂടി അദ്ദേഹം അറിയിക്കയുണ്ടായി.

പുസ്തക പ്രസിദ്ധീകരണത്തിനുള്ള ധനശേഖരണം നടത്തുക, ഖാദിയാനിൽ നിന്ന് 60 കി.മീറ്റർ അകലെ സ്ഥിതിചെയ്യുന്ന അമൃത്സറിൽ ചെന്ന് അച്ചടി ഏർപ്പാടുകൾ ചെയ്യുക, പ്രൂഫ് തിരുത്തുക, കത്തിടപാടുകൾ നടത്തുക, ഒക്കെ, മിക്കവാറും അദ്ദേഹം സ്വയമാണ് നിർവ്വഹിച്ചുകൊണ്ടിരുന്നത്. ജമാഅത്തിന് സ്വന്തമായി ഒരു പ്രസിദ്ധീകരണ സ്ഥാപനത്തെക്കുറിച്ച്, അന്നു ചിന്തിക്കുവാൻ കൂടി സാധ്യമായിരുന്നില്ല. രചനയ്ക്കു പുറമെ ഗ്രന്ഥത്തിന്റെ വിതരണവും വിൽപ്പനയുമെല്ലാം അദ്ദേഹം ഒറ്റക്കുതന്നെ നടത്തിക്കൊണ്ടിരുന്നു. പുസ്തകം പൊതിഞ്ഞുകെട്ടുന്നതും വിലാസമെഴുതി പോസ്റ്റ് ചെയ്യുന്നതുപോലും പലപ്പോഴും അദ്ദേഹം തന്നെയായിരുന്നു. ഇതിൽ നിന്ന് ആ മഹാത്മാവിന്റെ സഹനശക്തിയും വിശ്വാസദാർഢ്യവും മനക്കരുത്തും ഊഹിക്കാവുന്നതേയുള്ളൂ.

'ബറാഹീനെ അഹ്മദിയ്യ' പ്രസിദ്ധം ചെയ്യപ്പെട്ടതോടെ ഇസ്ലാമിന്റെ ശത്രുക്കളുടെ ആക്രമണപരമായ മുന്നേറ്റങ്ങൾ ഒരു പരിധിവരെ തകർന്നു കഴിഞ്ഞിരുന്നു. എന്നാൽ എതിർപ്പ് അതുകൊണ്ടും അവർ അവസാനിപ്പിക്കാൻ തയ്യാറായിട്ടില്ലായിരുന്നു. എങ്കിൽകൂടി തങ്ങൾക്കെതിരെ ഇസ്ലാമിന്റെ ഭാഗത്തു ഒരുക്കപ്പെട്ട ആശയപരമായ ആയുധനിരയും പ്രതിരോധവും ശത്രുക്കൾ അനുഭവിച്ചറിഞ്ഞു. ക്രിസ്തുമതത്തിനും ആര്യസമാജത്തിനും സംഭവിച്ച പരാജയത്തേക്കാൾ വലുതായിരുന്നു ബ്രഹ്മസമാജത്തിന്റെ പതനം. അത് അവർ തന്നെ സമ്മതിക്കുകയും ചെയ്തു. ഒരു

ബ്രഹ്മസമാജ നേതാവായ രാമദാസ് ഗറ്റഡ് എഴുതുന്നു.

"പ്രതിഭാശാലിയായ രാജാറാം മോഹൻ റോയ്, ഇംഗ്ലണ്ടിലും അമേരിക്കയിലും യൂണിറ്റേറിയൻ ചർച്ചിന്റെ അടിസ്ഥാനത്തിൽ ബ്രഹ്മസമാജം കെട്ടിപ്പടുത്തു. എന്നാൽ, ഭാരതത്തിലെ മുസ്‌ലിംകൾക്കിടയിൽ ഖാദിയാനി പ്രസ്ഥാനം കാരണമായി ബ്രഹ്മസമാജത്തിന് കഠിനമായ തിരിച്ചടിയാണ് ഉണ്ടായത്. ബ്രഹ്മസമാജത്തിന്റെ തത്ത്വങ്ങളാൽ പ്രഭാവിതരായിരുന്ന ചിന്തകന്മാരായ മുസ്‌ലിംകൾ ഇക്കാരണത്താൽ സമാജത്തിൽ നിന്ന് മെല്ലെമെല്ലെ പിൻമാറിക്കളഞ്ഞു."

മറ്റൊരു ബ്രഹ്മസമാജനേതാവായ ദേവേന്ദ്രാഥ സഹായ് ഇപ്രകാരം എഴുതുന്നു:

"ബ്രഹ്മസമാജം ശക്തിമത്തായ ഒരു കൊടുങ്കാറ്റുപോലെ പ്രത്യക്ഷപ്പെടുകയും ഇന്ത്യയിൽ മാത്രമല്ല, ഇന്ത്യക്കു പുറത്തും ശാഖകൾ സ്ഥാപിക്കുകയും ചെയ്തു. ഭാരതത്തിൽ ഹിന്ദുക്കളും സിക്കുകാരും, എന്തിന് വലിയ ഒരു വിഭാഗം മുസ്‌ലിംകളും സമാജത്തിൽ ചേരുകയുണ്ടായി. ബംഗാളിലെ ഉന്നത മുസ്‌ലിം കുടുംബങ്ങളിലെ വ്യക്തികൾ ബ്രഹ്മസമാജത്തിന്റെ അനുഭാവികൾ മാത്രമല്ല, സജീവ അംഗങ്ങളായി പ്രവർത്തിക്കാൻ പോലും തുടങ്ങി. എന്നാൽ ഇതേകാലത്തുതന്നെ മുസ്‌ലിംകളുടെ ഒരു മഹാജ്ഞാനിയായിരുന്ന മിർസാ ഗുലാം അഹ്മദ് ഖാദിയാനി, ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും എതിരിൽ ഗ്രന്ഥങ്ങൾ രചിക്കുകയും അവരെ വാദപ്രതിവാദങ്ങൾക്കു ആഹ്വാനപൂർവ്വം ക്ഷണിക്കുകയും ചെയ്തു. എന്നാൽ ബ്രഹ്മസമാജത്തിന്റെ പ്രതിനിധികളാരും തന്നെ ആ ആഹ്വാനങ്ങളെ ഗൗനിച്ചില്ലെന്നതു വലിയ കഷ്ടമായിപ്പോയി. അതിന്റെ ഫലമായി ബ്രഹ്മസമാജത്തിന്റെ പാഠങ്ങളിൽ ആകൃഷ്ടരായിരുന്ന മുസ്‌ലിംകൾ അതിൽ നിന്ന് അകന്നുപോയെന്നു മാത്രമല്ല, സജീവമെമ്പർമാർ തന്നെയും സാവകാശം സമാജത്തിൽ നിന്നും വേർപെട്ടുപോവുകയും ചെയ്തു."

ഒരു മഹത്തായ ഗ്രന്ഥം അന്ന് മതലോകത്ത് സൃഷ്ടിച്ച പ്രതികരണം അത്ഭുതകരവും, പരിശുദ്ധ ഇസ്‌ലാമിന്റെ സത്യത്തിലേക്കുള്ള അത്ഭുതലക്ഷ്യങ്ങൾ കാണിക്കാൻ ഉതകുന്നതുമായിരുന്നുവെന്നത് ഇന്ന് ജീവിച്ചിരിക്കുന്ന ഓരോ അഹ്മദിക്കും എന്നെന്നും അഭിമാനത്തോടെ ഓർക്കാം.

(തുടരും)

---

*(17-ൽ നിന്ന് തുടർച്ച)*

തിക്കാണുന്നു. മറ്റു രാജാക്കന്മാരുടെയും പാചകശാലകളുടെയും സ്ഥിതി അപ്രകാരം തന്നെയായിരുന്നു. ശ്രീകൃഷ്ണന്റെ ഒരു വിവാഹാടിയന്തിരത്തിനായിട്ട് അറുക്കപ്പെട്ട മൃഗങ്ങളുടെ കൂട്ടത്തിൽ ഒട്ടധികം ഗോക്കളും ഉൾപ്പെട്ടിട്ടുണ്ടെന്ന് 'ബ്രഹ്മവൈവർത്ത പുരാണ'ത്തിൽ കാണാവുന്നതാണ്. ഇങ്ങനെ വൈദിക ഗ്രന്ഥങ്ങളിൽ മാംസഭക്ഷണവും മൃഗബലിയും സംബന്ധിച്ചു കാണുന്ന വിധികളെ പുരാതനകാലത്തെ ഹിന്ദുക്കൾ എത്രയും കണിശമായി ആചരിച്ചുവന്നിരുന്നതായി തെളിയുന്നു. ഇതിലേയ്ക്ക് ഇനിയും എത്രയോ ദൃഷ്ടാന്തങ്ങൾ പ്രസ്തുത ഗ്രന്ഥങ്ങളിൽ നിന്നുതന്നെ എടുത്തുദ്ധരിക്കാവുന്നതാണ്. മൃഗബലിക്ക് വിശിഷ്യ പശുബലിക്ക് അനേകം ഗുണങ്ങളുള്ളതായി വൈദികഗ്രന്ഥങ്ങൾ പറഞ്ഞു തരുന്നു. അത്രത്തോളം ഇസ്‌ലാം മതം മൃഗബലിയെയും മാംസഭക്ഷണത്തെയും സംബന്ധിച്ചു പഠിപ്പിക്കുന്നില്ല. ഈ വിഷയത്തിൽ എതിരഭിപ്രായമുള്ളവർ പ്രസ്തുത തെളിവുകളെ ഖണ്ഡിച്ചുകൊള്ളട്ടെ.

വൈദികസാഹിത്യത്തിൽ ഇങ്ങനെ ഗോവധം അനുവദിക്കപ്പെട്ടിട്ടുണ്ടെന്നു മാത്രമല്ല അനുശാസിക്കപ്പെട്ടിട്ടുണ്ടെന്നു കൂടിയും സ്പഷ്ടമാകുന്നുണ്ട്. ഈ വാസ്തവം വ്യക്തമായ നിലയിൽ സമ്മതിക്കുന്ന അനേകം ഹിന്ദുപണ്ഡിതന്മാരെ ഞാനറിയും. ബനാറസ്സിലെ ഡി.എ.വി. ഹൈസ്കൂളിൽ സെക്കണ്ട് മാസ്റ്ററായിരുന്ന 'ഗൗഡ് സാഹിബ്' എന്നു വിളിക്കപ്പെട്ടു പോരുന്ന പണ്ഡിതൻ അങ്ങനെയുള്ളവരിൽ ഒരാളാണ്. ഇദ്ദേഹം ഇപ്പോൾ അവിടെ മറ്റൊരു സ്കൂളിന്റെ ഹെഡ്മാസ്റ്ററാകുന്നു. ആദ്യം എന്നോട് ആര്യമതത്തിൽ ചേരാൻ ഉപദേശിച്ചിരുന്നു ഈ പണ്ഡിതൻ. പിന്നീട് എന്റെ വിദ്യാഭ്യാസം അവസാനിച്ചപ്പോൾ എന്റെ താമസസ്ഥലത്ത് വന്നു. ഞാനുമായി കണ്ടു സംസാരിച്ച അവസരത്തിൽ പറഞ്ഞിട്ടുള്ള സംഗതി ഇവിടെ പ്രത്യേകം പ്രസ്താവനീയമാണ്. ഇവിടെ ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം സമാപ്തീകരിച്ചുകൊള്ളുന്നു. അദ്ദേഹം പറഞ്ഞതാണിത് :

"അല്ലേ, മൗലവി സാഹിബ് ! ഗോമാംസം ഭക്ഷിക്കുന്നതിനു ഞങ്ങളുടെ ഗ്രന്ഥങ്ങളിലും ആജ്ഞാപിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ, എന്തുചെയ്യട്ടെ! ഈ വസ്തുത ഞങ്ങൾ ഇന്നു തുറന്നുപറയുന്നപക്ഷം ഹിന്ദുക്കളെല്ലാം മുസ്‌ലിംകളായിത്തീരും. അങ്ങനെ ഹിന്ദുമതം നശിച്ചു നാലു ഭാഗവും ഇസ്‌ലാം മതം മാത്രം കാണുമാറാകും. ആകയാൽ ഞങ്ങൾ കാലത്തിന്റെ സ്ഥിതിയെ മുൻനിർത്തി ഗോവധം പാപമാണെന്നു വിധിച്ചിട്ടുള്ളതാകുന്നു."

**വിവർത്തനം : മർഹൂം എൻ. ഹാമിദ്**

* മനുസ്മൃതി 5:35, 36ൽ ഇപ്രകാരം കാണുന്നു: "ശ്രാദ്ധത്തിൽ വിധിപ്രകാരം വരിക്കപ്പെട്ട ദ്വിജൻ ദോഷമെന്നു കരുതി മാസം ഭുജിക്കാതിരുന്നാൽ അവൻ ഇരുപത്തൊന്നു ജന്മം പശുവായി ജനിക്കും. മന്ത്രമില്ലാതെ കൊല്ലപ്പെട്ട പശുക്കളെ വിപ്രൻ ഒരു സന്ദർഭത്തിലും ഭക്ഷിക്കരുത്. പുരാതന ശാസ്ത്രവിധിപ്രകാരം മന്ത്രോച്ചാരണം ചെയ്തു. കൊല്ലപ്പെട്ടിരുന്നാൽ അതിനെ ഭുജിക്കാം." - വിവ.

** രന്തിദേവന് രണ്ടു ലക്ഷം പാചകന്മാരുണ്ടായിരുന്നുവെന്നും ദിവസേന രണ്ടായിരം കന്നുകാലികളെയും അത്ര തന്നെ മറ്റു മൃഗങ്ങളെയും കൊന്നു പചിച്ചു ആവശ്യമുള്ള മറ്റു ഭക്ഷണസാധനങ്ങളോടുകൂടി പാവപ്പെട്ടവർക്ക് കൊടുത്തുവന്നിരുന്നു എന്നും ഇപ്രകാരം വധിക്കപ്പെട്ട മൃഗങ്ങളുടെ ചോര ഒരു നദിയായി പ്രവഹിച്ചിരുന്നതിന്നാണ് 'ചർമ്മണ്വതി' എന്നു പേർ പറയപ്പെട്ടിരുന്നുവെന്നും ഹിന്ദുക്കളുടെ പുരാണേതിഹാസങ്ങൾ ഉൽഘോഷിക്കുന്നു. - വിവ.

# പാകിസ്താനിലെ അഹ്മദികളുടെ ദുരവസ്ഥ

ഡോ. ജോനതൻ എൻസർ, യു.കെ.

**പാകിസ്താൻ ടെലിവഷൻ തങ്ങളുടെ സംപ്രേഷണങ്ങളിൽ 'അഹ്മദികൾ വധാർഹരാണ്' എന്ന ശൈലിയും ഉൾപ്പെടുത്തിയിരിക്കുന്നു**

## ഇസ്‌ലാമാബാദിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷൻ

ഇസ്‌ലാമാബാദിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷനിൽ പീറ്റർ വിൽസൻ, പൊളിറ്റിക്കൽ കൗൺസിലർ, മാത്യു ഫോർമാൻ, രണ്ടാം സിക്രട്ടറി (പൊളിറ്റിക്കൽ) എന്നിവരുമായി മിഷൻ കൂടിക്കാഴ്ച നടത്തി. പാകിസ്താൻ മനുഷ്യാവകാശകമ്മീഷന്റെ അഭിപ്രായങ്ങളിൽ സാധാരണയായി "ഗ്ലാസ് പൂർണ്ണമായും കാലിയായി കാണുക" എന്ന പ്രവണതയാണ് പ്രതിബിംബിക്കാറുള്ളതെന്നാണ് തങ്ങളുടെ വീക്ഷണമെന്ന് ബ്രിട്ടീഷ് ഹൈക്കമ്മീഷൻ സൂചിപ്പിച്ചു.

## അംജദ് ജെ സലിമി ജില്ലാ പോലീസ് ഓഫീസർ, (ഡി.പി.ഒ.സലിമി)

മിഷ്യന്റെ സന്ദർശനത്തിന് മൂന്നാഴ്ചകൾക്ക് മുമ്പേയാണ് ഡി.പി.ഒ. സലിമി ഝംഗിൽ ചാർജ്ജെടുത്തത്. മുമ്പേ അദ്ദേഹം ബലൂചിസ്ഥാനിലായിരുന്നു. റബ്‌വയിൽ സ്ഥാപിക്കപ്പെട്ട പോലീസ് സേനയുടെ ഉത്തരവാദിത്തം ഝംഗി ലെ ഡി.പി.ഒ.യ്ക്കാണ്.

## സഈദ് തത്‌ല, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, റബ്‌വ (ഡി.എസ്.പി. തത്‌ല)

ഡി.എസ്.പി. തത്‌ല റബ്‌വയിൽ വന്നിട്ട് 2006 ജൂൺ മുതൽ നാലുമാസമായി. തന്റെ വരവിന് മുമ്പേ റബ്‌വയിലെ സംഭവങ്ങളെക്കുറിച്ച് തനിയ്ക്കറിവൊന്നുമുണ്ടായിരുന്നില്ലെന്ന് അദ്ദേഹം മിഷനെ അറിയിച്ചു. ഡി.എസ്.പി. തത്‌ല ഡി.പി.ഒ. സലിമിയുടെ കീഴുദ്യോഗസ്ഥന്മാരിൽ ഒരാളാണ്.

## മി. മുഹമ്മദ് ഇബ്രാഹിം, റബ്‌വയിലെ മേയറുടെ സിക്രട്ടറി (മി. ഇബ്രാഹിം)

## റബ്‌വയിലെ അഹ്മദിയ്യാ ജമാഅത്തിലെ മുതിർന്ന അംഗങ്ങൾ (അഹ്മദിയ്യാ ജമാഅത്ത് പ്രതിനിധികൾ)

റബ്‌വയിലെ അഹ്മദിയ്യാ ജമാഅത്തിലെ പല മുതിർന്ന അംഗങ്ങളുമായും മിഷ്യൻ കൂടിക്കാഴ്ച നടത്തി. യോഗത്തിൽ താഴെ പറയുന്നവർ സന്നിഹിതരായി. മിർസാ ഖുർശിദ് അഹ്മദ് (പാകിസ്താൻ അഹ്മദിയ്യാ ജമാഅത്തിന്റെ ചീഫ് എക്സിക്യൂട്ടീവ്) ചൗദ്‌രി ഹമീദുല്ലാഹ് (പാകിസ്താൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഡയറക്ടർ ജനറൽ) മുജീബു റഹ് മാൻ (സുപ്രീം കോടതി അഡ്വക്കറ്റ്) മുബശ്ശിർ ലത്തീഫ് അഹ്മദ് (സു പ്രീം കോടതി അഡ്വക്കറ്റ്) പർവേസ് അഹ്മദ് ചീമ (ഹൈക്കോടതി അഡ്വക്കറ്റ്). പ്രതികരണങ്ങളിൽ വലിയ ഭാഗം ഈ അഞ്ച് ജമാഅത്തംഗങ്ങളുടേതാണ്. എങ്കിലും താഴെ പറയുന്നവരും യോഗത്തിൽ സന്നിഹിതരാവുകയും കൂടുതൽ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. മൻസൂർ അഹ്മദ് ഖാൻ (വിദേശ മിഷ്യൻ ഓഫീസിന്റെ ഡയരക്ടർ), മിർസാ ഗുലാം അഹ്മദ് (ഡയരക്ടർ, ഹ്യൂമൻ റിസോർസസ്), സലീമുദ്ദീൻ (ഡയരക്ടർ, പൊതുകാര്യം) ഖാസിംഷാ (മുൻ ഡയരക്ടർ, പൊതുകാര്യം), മുബാറക്ക് അഹ്മദ് ത്വാഹിർ (ജമാഅത്തിന്റെ നിയമോപദേശകൻ), മിർസാ ആദിൽ അഹ്മദ് (ഉപനിയമോപദേശകൻ) അഹ്മദ് ഖാലിദ് (മനുഷ്യാവകാശ ഡെസ്ക്) അസീസ് അഹ്മദ് ഒമർ (അസിസ്റ്റൻറ്)

ഉന്നത സ്ഥാനങ്ങളിൽ നിയമനം നേടുന്നതിലും അഹ്മദികൾ വിലക്കപ്പെട്ടിരിക്കുകയാണ്. ഇതേ വാക്കുകളിൽ തന്നെയാണ് ഇപ്പോഴത്തെ അവസ്ഥയെ സംബന്ധിച്ച് ഫൈസുറഹ്മാൻ (പ്രസിഡണ്ട് , ആംനസ്റ്റി ഇന്റർനാഷണൽ, പാകിസ്താൻ) വിവരിക്കുന്നത്. 1974നു മുമ്പേ പാകിസ്താൻ ഭരണകൂടത്തിൽ ഉന്നത സ്ഥാനീയരായ നിരവധി അഹ്മദികൾ ഉണ്ടായിരുന്നു. ഇപ്പോഴത്തെ സ്ഥിതി വ്യത്യസ്തമാണ്. അഹ്മദികളായ നയതന്ത്രജ്ഞന്മാരും, ജഡ്ജിമാരും, വിദ്യാഭ്യാസ വിചക്ഷണന്മാരും ഇന്നില്ല.

സാക്ഷരത വളരെ കുറവായ പാകിസ്താനിലെ വിശാലമായ സ്ഥലങ്ങളിൽ അഹ്മദികളെ സംബന്ധിക്കുന്ന പരിചിതമല്ലാത്ത പ്രശ്നങ്ങളിൽ ജനങ്ങൾ തീരുമാനമെടുക്കുന്നത് പള്ളിയിൽ കേൾക്കുന്നതിനനുസരിച്ചാണ്. സാക്ഷരത കുറവായ ചെറിയ പട്ടണങ്ങളിൽ മുല്ലമാരുടെ ശ്രോതാക്കൾ വിമർശന ബുദ്ധിയില്ലാത്തവരായിരിക്കുമെന്നു ഫൈസുറഹ്മാൻ പറഞ്ഞു. അങ്ങനെയുള്ള സ്ഥലങ്ങളിൽ എങ്ങനെയാണ് പെരുമാറേണ്ടതെന്ന് ജനങ്ങളോട് പറയാനുള്ള അധികാരം മുല്ലക്കുണ്ട്. ഇത് നിങ്ങളുടെ ശാശ്വതമായ ആത്മാവിന്റെ നന്മയ്ക്ക് വേണ്ടിയാണെന്നയാൾ പറയുകയും ജനങ്ങൾ അയാൾ പറയുന്നതനുസരിക്കുകയും ചെയ്യുന്നു. മതമൗലികവാദികൾ മാധ്യമങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുണ്ടെന്നും പൊതുരംഗം പിടിച്ചെടുക്കുന്നതിൽ ആർത്തിപൂണ്ടവരാണെന്നും സീനിയർ ഗവർമ്മെണ്ട് അഡ്വൈസർ വിശദീകരിച്ചു. അതിന്റെ ഫലമായി ജനതയിൽ വലിയ വിഭാഗം "ഇസ്‌ലാമോ ഫോബിയ"യെക്കുറിച്ച് ഭയപ്പെടുന്നു. ഇന്ത്യയിലെ മുസ്‌ലിംകളെപ്പോലെ തങ്ങളും ഒരു ന്യൂനപക്ഷമായിപ്പോകുമോ എന്ന ഭയവും അവർക്കുണ്ട്. HRCPയും ബ്രിട്ടീഷ് ഹൈക്കമ്മീഷനും മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് പ്രത്യേകം മനസ്സിലാക്കിയിട്ടുണ്ട്. പ്രാദേശിക പത്രരംഗം തീക്ഷ്ണമായ നിലയിൽ അഹ്മദിയ്യാ വിരുദ്ധമാണ്. സംസ്ഥാനത്തെ ടെലിവിഷൻ അഹ്മദികൾക്കെതിരിൽ വാചാലമാണ്. അവരുടെ അഹ്മദികൾക്കെതിരെ വികാരഭരിതരാക്കപ്പെട്ടതെങ്ങനെയെന്ന് സീനിയർ ഗവർമ്മെണ്ട് അഡ്വൈസർ വിശദീകരിച്ചു. ഇസ്‌ലാമിക ഗ്രൂപ്പുകൾ അഹ്മദിയ്യാ വിരുദ്ധമനോഭാവത്തെ എങ്ങനെ രാഷ്ട്രീയവൽക്കരിച്ചുവെന്നും അദ്ദേഹം വിശദീകരിച്ചു. അഹ്മദികളുടെ വീക്ഷണത്തിൽ ജിഹാദെന്നാൽ ആയുധമെടുക്കുന്നതിലുപരി സംഭാഷണത്തിനുള്ള ഒരു വിളിയാണെന്നും കീഴടക്കപ്പെടാൻ വേണ്ടി ഇസ്‌ലാമിനെ വിധേയമാക്കുന്ന ബ്രിട്ടീഷുകാരുടെ ഒരു സന്തതിയാണ് അഹ്മദികളെന്നതിന് അതു തന്നെ തെളിവാണെന്നും അവർ സിദ്ധാന്തിക്കുന്നു. പ്രവാചകനായ മുഹമ്മദിനേക്കൾ അടുത്ത കാലത്തുണ്ടായ ഒരു പ്രവാചകനെ അഹ്മദികൾ അംഗീകരിക്കുന്നത് മുസ്‌ലിംകളെ ഒന്നുമല്ലാതാക്കാൻ അല്ലെങ്കിൽ ഭിന്നിപ്പിക്കുന്നതിനുള്ള ബ്രിട്ടീഷുകാരുടെ തന്ത്രമാണെന്നും അത് ബ്രിട്ടീഷ് സാമ്രാജ്യം നിലനിർത്താൻ വേണ്ടിയാണെന്നും അവർ ചിത്രീകരിക്കുന്നു. ഇങ്ങനെ മതപരവും രാഷ്ട്രീയവുമായ കാര്യങ്ങൾ കൂട്ടിക്കലർത്തി അഹ്മദികൾക്കെതിരിൽ അക്രമം നടത്തി. 1974ൽ സർ ക്കാർ അഹ്മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിച്ചു. പാകിസ്താൻ മനുഷ്യാവകാശ കമ്മീഷനെ സംബന്ധിച്ചിടത്തോളം 1974ലെ പ്രഖ്യാപനത്തിനുശേഷമാണ് അഹ്മദികൾക്കെതിരെയുള്ള കഠിനമായ വിവേചനം ആരംഭിച്ചത്. അന്നുമുതൽ സ്ഥിതി വഷളായിക്കൊണ്ടിരിക്കുകയാണ്.

അഹ്മദികളോടുള്ള ഈ പെരുമാറ്റത്തിന് പ്രേരകമായ വിഭാഗീയമോ സാമ്പത്തികമോ ആയ ഒരു മൂലഘടകമുണ്ടെന്ന് HRCP മനസ്സിലാക്കുന്നു. സാമ്പത്തികമായി താണ നിലയിലുള്ള ഒര സമുദായത്തിന് താരതമ്യേന കുറഞ്ഞ ജനശ്രദ്ധയേ കിട്ടുന്നുള്ളൂ. കുറഞ്ഞ നിലയിലുള്ള വിവേചനമേ അവരോട് കാണിക്കപ്പെടുന്നുള്ളൂ. എന്നാൽ വിദ്യാഭ്യാസപരമായി വിജയം നേടിയ ഒരു സമുദായമായതിനാൽ സർക്കാരിലും സാമൂഹികജീവിതത്തിലും വളരെ പ്രധാനപ്പെട്ട സ്ഥാനങ്ങൾ അഹ്മദികൾ അലങ്കരിക്കുന്നുണ്ട്. ഇന്ന് രാജ്യരക്ഷാ സ്ഥാപനങ്ങളിലും പൊതുസ്ഥാപനങ്ങളിലും

ഫൈസലാബാദ് ജയിലിൽ അഹ്മദിയ്യാ ജമാഅത്തിലെ ഒരു അംഗത്തെ കാണാൻ മിഷന് അനുമതി കിട്ടി. അവിടെ അദ്ദേഹം ശിക്ഷാനിയമം 295 സി പ്രകാരം ജീവപര്യന്തം തടവിൽ കഴിയുകയാണ്. നിർഭാഗ്യവശാൽ സമയപരിമിതി കാരണം ഇന്റർവ്യൂ നടത്താൻ മിഷന് സാധിച്ചില്ല.

കൂടിക്കാഴ്ച നടത്താനുള്ള ആവർത്തിച്ചുള്ള അഭ്യർത്ഥനകൾ പാകിസ്താൻ ആഭ്യന്തര മന്ത്രാലയം നിരസിച്ചു. ഈ അഭ്യർത്ഥനകൾ പാകിസ്താൻ യാത്രയ്ക്ക് മൂന്നാഴ്ച മുമ്പും മിഷൻ യാത്രയിലായിരിക്കുമ്പോഴും നടത്തിയതായിരുന്നു.

റബ്‌വയിലെ മേയറുമായി കൂടിക്കാഴ്ച ലഭിക്കാൻ തുടർച്ചയായി ശ്രമങ്ങൾ നടത്തുകയും റബ്‌വയിലെ മുനിസിപ്പൽ കെട്ടിടത്തിൽ മേയറുടെ ഓഫീസിൽ അദ്ദേഹത്തെ കാണാൻ മൂന്നു തവണ അനുമതി ലഭിക്കുകയും ചെയ്തെങ്കിലും ഒറ്റത്തവണയും മേയർ ഹാജരാകുകയുണ്ടായില്ല.

റബ്‌വയിലെ അഹ്മദികളുടെ അവസ്ഥ മനസ്സിലാക്കുന്നതിന് മുമ്പേ അഹ്മദികൾ ജീവിക്കുന്ന സാമൂഹികവും രാഷ്ട്രീയവുമായ പശ്ചാത്തലം മനസ്സിലാക്കേണ്ടതാണ്ടെന്ന് നിരവധി വൃത്തങ്ങൾ ഊന്നിപ്പറഞ്ഞതിനാലാണ് ഈ സെക്ഷൻ ഉൾപ്പെടുത്തിയത്. ഈ സെക്ഷനിൽ അവതരിപ്പിക്കപ്പെട്ട കാര്യങ്ങളുടെ പശ്ചാത്തലത്തിലായിരിക്കണം റിപ്പോർട്ടിന്റെ ശിഷ്ടഭാഗം പരിഗണിക്കേണ്ടത്. മതനിന്ദാ നിയമങ്ങളുടെയും പ്രഥമ വിവര റിപ്പോർട്ടുകളുടെയും വിവരണത്തോടൊപ്പം ഖത്മെ നുബുവ്വത്തിന്റെ പങ്കിനെ സംബന്ധിച്ച് മിഷന് നൽകപ്പെട്ട തെളിവുകളും ഈ സെക്ഷനിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

## സാമൂഹികവും രാഷ്ട്രീയവുമായ ചുറ്റുപാട്

പാകിസ്താനിൽ അഹ്മദികൾക്കെതിരിൽ ജനവികാരം വർദ്ധിച്ചുവരുന്ന വിധം അക്രമണാസക്തമായതെങ്ങനെയാണെന്നതിനെ സംബന്ധിച്ച് പല വിവരണങ്ങളും മിഷൻ കേട്ടു. 1953 ലെ അഹ്മദിയ്യാ വിരുദ്ധ ഹിംസ മുതൽ പാകിസ്താൻ ജനത

സംപ്രേഷണങ്ങളിൽ 'അഹ്മദികൾ വധാർഹരാണ്' എന്ന ശൈലിയാണ് ഉൾക്കൊള്ളുന്നത്. ആചാരപരമായി വളരെ വിശാലതയുള്ള ഇംഗ്ലീഷ് ഭാഷാ പത്രങ്ങളിൽ പോലും മതസ്വാതന്ത്ര്യം വളരെ വിരളമായിത്തീർന്നിരിക്കുന്നു. അഹ്മദികളെ പിന്താങ്ങിയാൽ തങ്ങൾ ആക്രമിക്കപ്പെടുമോ എന്ന ഭയത്തിലാണ് പത്രപ്രവർത്തകർ. പ്രാദേശിക ഭാഷാ പത്രങ്ങളുടെ പ്രോത്സാഹനത്തോടെ, അഹ്മദികളെക്കുറിച്ചുള്ള പൊതുജനാഭിപ്രായം യാഥാസ്ഥിതി കമാണെന്ന് ബ്രിട്ടീഷ് ഹൈക്കമ്മീഷൻ പ്രസ്താവിച്ചു. ക്രിസ്തീയ അവകാശങ്ങളെ പത്രങ്ങൾ ഉയർത്തിപ്പിടിക്കുന്നുവെങ്കിലും അഹ്മദികളുടെ കാര്യത്തിൽ അങ്ങനെയില്ല. അഹ്മദികൾ അമുസ്‌ലിംകളാണെന്ന അഭിപ്രായം മിക്ക ജനങ്ങളും സ്വീകരിച്ചിരിക്കുന്നുവെന്നതാണ് ഇതിന്റെ ഫലം. പ്രശ്നത്തെ ഇങ്ങനെയാണവർ എടുക്കുന്നത്. എന്നിരിക്കിലും മറ്റുചിലർ തങ്ങളുടെ വ്യക്തിപരമോ രാഷ്ട്രീയമോ ആയ നേട്ടങ്ങൾക്കുള്ള അവസരമായി ഈ വിവേചനത്തെ ഉപയോഗപ്പെടുത്തുന്നു. അഹ്മദികൾ നേരിടുന്ന അവസ്ഥ വളരെ മോശമാണെന്നും ഓരോ വർഷം കഴിയുന്തോറും കൂടുതൽ വഷളായിക്കൊണ്ടിരിക്കുകയാണെന്നും ബ്രിട്ടീഷ് ഹൈക്കമ്മീഷൻ പ്രസ്താവിച്ചു. വിഭാഗീയത അതിന്റെ മൂർദ്ധന്യത്തിലെത്തിയ ഒരു രാജ്യത്ത് അഹ്മദികളുടെ അവ സ്ഥ വളരെ ദയനീയമാണ്. ഔദ്യോഗിക നയം ഈ വിഭാഗത്തെ അങ്ങേയറ്റം പീഡിതാവസ്ഥയിലാക്കിയിരിക്കുന്നു. അഹ്മദികൾക്കുള്ള ഭീഷണി സ്ഥലത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു. ചില ഗ്രാമങ്ങളിൽ അഹ്മദികൾക്ക് സുരക്ഷിതമായി ജീവിക്കാൻ സാധിക്കുന്നു. മറ്റു ചില സ്ഥലങ്ങളിൽ നിന്ന് അവർ വിരട്ടിയോടിക്കപ്പെടുന്നു. അഹ്മദികൾക്കെതിരായ അക്രമത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ഓരോ വർഷവും കൂടിയും കുറഞ്ഞുമിരിക്കുന്നു. പക്ഷേ, ഒട്ടാകെ നോക്കിയാൽ അക്രമ പ്രവണത വർദ്ധിച്ചുവരികാണ്. പാകിസ്താൻ മനുഷ്യാവകാശ കമ്മീഷന്റെ ചെയർപേഴ്സൺ അസ്മ ജഹാംഗീർ സ്ഥിതിവിശേഷത്തെ ചുരുക്കിപ്പറയുന്നതിങ്ങനെയാണ്: "ഒരു ഈച്ച കൊല്ലപ്പെട്ടാൽ അത് അഹ്മദിയുടെ കുറ്റം കൊണ്ടാണ്. അല്ലെങ്കിൽ അതിന്റെ പിന്നിൽ ജൂതന്മാരാണ്! "അഹ്മദികൾക്കെതിരിലുള്ള അസഹിഷ്ണുതയുടെ അന്തരീക്ഷം കൂടി വരികയാണ്. പലപ്പോഴും അക്രമം അഴിച്ചുവിട്ട അവർ പീഡിതരായി ചിത്രീകരിക്കപ്പെടുന്നു. അക്രമികൾ വ്യംഗ്യമായി നിലയിൽ സർക്കാരിനാൽ പ്രോത്സാഹിപ്പിക്കപ്പെടുന്നു. അഹ്മദികളെ സർക്കാർ തുണക്കുന്നുമില്ല. മൂന്നു വർഷം മുമ്പേ നീതിന്യായരംഗത്തെ അല്ലെങ്കിൽ സർക്കാരിലെ ഒരംഗം ഈ അക്രമണത്തിനെതിരെ സംസാരിച്ചു കാണും. അല്ലെങ്കിൽ അഹ്മദികളെ അനുകൂലിച്ചിട്ടുണ്ടാവും. പക്ഷേ, ഇത് അധികമൊന്നും ഇല്ല. HRCP പ്രമുഖ ഉദാഹരണങ്ങൾ എടുത്തുകാണിക്കുന്നു. ഒന്നാമത്തേത്, തന്റെ എതിരാളികളുടെ ആരോപണം കാരണമായി താൻ അഹ്മദിയില്ലെന്ന് പ്രധാനമന്ത്രി പരസ്യമായി പ്രഖ്യാപിച്ചതാണ്. രണ്ടാമത്തേത് ടെലിവിഷൻ സംപ്രേഷണം ചെയ്ത ഒരു സംവാദത്തിൽ പങ്കെടുത്ത ഒരു മന്ത്രി അഹ്മദികൾ വധാർഹരാണെന്ന് പ്രസ്താവിച്ചു. മന്ത്രി വെല്ലുവിളിയുയർത്തിയതല്ല. എങ്കിലും അത്തരം പ്രസ്താവനകൾ നടത്തിക്കൊണ്ട് ഫലപ്രദമായ രീതിയിൽ അസഹിഷ്ണുതയും അസഭ്യവും വളർത്താൻ സർക്കാർ തന്നെ ഭീകരർക്ക് ലൈസൻസ് നല്കുകയാണെന്നാണ് മനുഷ്യവകാശ കമ്മീഷന്റെ വീക്ഷണം. ആധുനികവൽക്കരണത്തിന്റെ വക്താക്കളും തീവ്രവാദികളും തമ്മിൽ നടത്തപ്പെടുന്ന സമരത്തോടൊപ്പം 'പ്രബുദ്ധമായ മിതത്വം' എന്ന പ്രസിഡണ്ട് മുഷ്റഫിന്റെ പ്രഖ്യാപിത സമീപനം തുലാസ്സിലാടുന്ന ഒരു രാഷ്ട്രീയാന്തരീക്ഷമാണ് ഇപ്പോഴുള്ളത് എന്ന് ബ്രിട്ടീഷ് ഹൈക്കമ്മീഷൻ വിലയിരുത്തി. ഹുദൂദ് ഓർഡിനൻസുകൾ പരിഷ്ക്കരിക്കാനുള്ള ഇപ്പോഴത്തെ ശ്രമങ്ങൾ ഇതിന്റെ ഉദാഹരണമാണ്. പരിഷ്ക്കാരങ്ങളെ തടയാൻ പൊതുജനങ്ങളെ തെരുവിലിറക്കാൻ മുല്ലാക്കൾക്ക് സാധിക്കുമെന്ന് വിശ്വസിക്കുന്ന യാഥാസ്ഥിതിക നേതൃത്വവും പ്രസിഡണ്ട് സിയായുടെ പാരമ്പര്യത്തെ കീഴ്മേൽ മറിക്കാനുള്ള മുഷ്റഫിന്റെ ശ്രമങ്ങളും തമ്മിലുള്ള ഒരു മത്സരമായി മാറിയിരിക്കുകയാണ് പരിഷ്ക്കാരങ്ങൾ. ഒരിക്കൽ പ്രസിഡണ്ട് പാകിസ്താൻ വിട്ടുപോയപ്പോൾ മുഷ്റഫിന്റെ സ്വന്തം പാർട്ടിക്കാർ തന്നെ യോഗം വിളിച്ചുചേർത്തുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഈ പശ്ചാത്തലത്തിലാണ് മതപരമായ നവീകരണങ്ങളെ നോക്കിക്കാണേണ്ടത്. മുഷ്റഫും പ്രധാനമന്ത്രിയും മതപരമായ സഹിഷ്ണുത വളർത്താൻ വളരെയികം യത്നിച്ചുവെന്നാണ് ബ്രിട്ടീഷ് ഹൈക്കമ്മീഷൻ വിശ്വസിക്കുന്നത്. എന്നിരിക്കിലും വലിയമാറ്റമൊന്നുമുണ്ടായിട്ടില്ല. നേട്ടങ്ങൾ കൈവരിക്കാൻ മതത്തെ ഉപയോഗിക്കുന്നത് തുടരുന്നു. മതനിന്ദാനിയമങ്ങളെ ദുരുപയോഗപ്പെടുത്തുന്നത് തടയാനുള്ള മുഷ്റഫിന്റെ ശ്രമങ്ങൾ യഥാർത്ഥത്തിൽ വലിയ ഫലമുണ്ടാക്കിയിട്ടില്ല. പൊതുജനാഭിപ്രായം അഹ്മദികൾക്കെതിരാക്കിയതിനാൽ, ഈ പശ്ചാത്തലത്തിൽ പോലും അഹ്മദിയ്യാ പ്രശ്നം വ്യത്യസ്തമാണെന്ന് ബ്രിട്ടീഷ് ഹൈക്കമ്മീഷൻ മനസ്സിലാക്കുന്നു. അഹ്മദികയാണെന്ന തിരിച്ചറിവ് തന്നെ വികാരമുണ്ടാക്കുന്നതിനാൽ അഹ്മദികൾ സാമൂഹികമായ ഒറ്റപ്പെടുത്തൽ നേരിടുകയാണ്. മി. റഹ്മാന്റെ വീക്ഷണത്തിൽ അഹ്മദികളാണ് പാകിസ്താനിൽ ഏറ്റവുമധികം അടിച്ചമർത്തപ്പെട്ട സമുദായം. പ്രശ്നങ്ങൾ നേരിടുന്നുണ്ടെങ്കിലും ക്രിസ്തീയ സമുദായത്തിന് പാകിസ്താനിൽ ഒരു നിലനിൽപും പിന്തുണയും ഉണ്ട്. അഹ്മദികൾക്കുവേണ്ടി ആരും സമ്മർദ്ദം ചെലുത്തുന്നില്ല. (തുടരും)

**(The Review of Religions, March 2007)**

**(വിവർത്തകൻ :**

**കെ.വി. ഹസ്സൻകോയ, കോഴിക്കോട്)**

ലേഖനം

# സൊറോസ്റ്റർ മതം

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് IV

### പേർഷ്യയിൽ ദൈവനിയുക്തനായ പ്രവാചകനായിരുന്നു ഹദ്റത്ത് സൊറോസ്റ്റർ (അ)*

**പേ**ർഷ്യൻ ചരിത്രത്തിൽ മതദർശനത്തിൽ ഏറെയും നിർണായകമായ സംഭാവനകൾ നൽകിയത് സൊറോസ്റ്റർ മതമാണ്. ഈ തത്ത്വചിന്ത പ്രകാരം സത്യവും നന്മയും മാത്രമല്ല ശാശ്വതം. കളവും തിന്മയുംകൂടി സത്യത്തോടും നന്മയോടുമൊപ്പം അനന്തത പങ്കുവെക്കുന്നു. രണ്ടെണ്ണത്തിനും വേറെ വേറെ ദൈവങ്ങളുണ്ട്. അവ രണ്ടിനും സ്വതന്ത്രമായ പരിപാലന സംവിധാനമുണ്ട്. നന്മക്ക് ഒരു ദൈവമുണ്ട്. 'അഹുറ മസ്ദ'. പ്രകാശത്തിന്റെ ദൈവമായി അത് അറിയപ്പെടുന്നു. അതുപോലെ തിന്മക്കും ഒരു ദൈവമുണ്ട്. ' അഹ്റാം' എന്നാണ് പേര്. ഇരുട്ടിന്റെ ദൈവമായും അത് അറിയപ്പെടുന്നു. രണ്ട് ദൈവങ്ങൾക്കും പ്രവർത്തിക്കാൻ അവരുടേതായ നിശ്ചിത പങ്കുണ്ട്. പ്രപഞ്ചത്തിലെ എല്ലാ പ്രവർത്തനങ്ങളും സംഘട്ടനത്തിലും അത് പോലെ അന്യോന്യം പ്രതിപ്രവർത്തനത്തിലും ഏർപ്പെട്ട ഈ രണ്ടു ദൈവങ്ങളുടെയും പ്രവർത്തനഫലമാണ്. ഈ രണ്ടു ദൈവങ്ങളും മേധാവിത്വത്തിന് വേണ്ടിയുള്ള അനന്തമായ അതിജീവന സമരത്തിലാണ്.

നന്മയുടെ ദൈവത്തിന്റെ ശക്തി തിന്മയുടെ ദൈവത്തിന്റെ ശക്തിക്ക് മീതെ മേൽക്കൈ നേടാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കും. ചാഞ്ചാട്ട പലകപോലെ ഈ രണ്ടു ദൈവങ്ങളുടെയും സംഘട്ടന ഫലങ്ങൾ പലസ്പരം മാറിക്കൊണ്ടിരിക്കും. ചിലപ്പോൾ അത് നന്മയുടെ ദൈവത്തിനനുകൂലമാണെങ്കിൽ മറ്റു ചിലപ്പോൾ തിന്മയുടെ ദൈവത്തിനനുകൂലമായിരിക്കും. തിന്മയും കഷ്ടാനുഭവങ്ങളും അതുപോലെ നന്മയും സന്തോഷവും ഒരുമിച്ച് സഹവർത്തിക്കുന്നതിനെ സംബന്ധിച്ചുള്ള ലളിതമായ ഒരു ദാർശനിക വിശദീകരണമാണ് സൊറോസ്ട്രിയൻ തത്ത്വശാസ്ത്രം നൽകുന്നത്.

നന്മയുടെയും തിന്മയുടെയും ഉറവിടം രണ്ട് വ്യത്യസ്ത കേന്ദ്രങ്ങളിൽ നിന്നാണെന്ന് ഈ തത്വശാസ്ത്രം ലളിതമായി വിശദീകരിക്കുന്നു. വേദന, വ്യസനം, മനഃക്ലേശം. അജ്ഞാനം, കഷ്ടാനുഭവങ്ങൾ മുതലായ ലോകത്തിലെ ദുഃഖങ്ങളെല്ലാം തിന്മയുടെ ദൈവത്തിന് മേൽകൈ ലഭിക്കുന്നതോടെ സംഭവിക്കുന്ന അനന്തരഫലങ്ങളാണ്.

മനുഷ്യന്റെ സ്വതന്ത്രമായ ഇഛാശക്തി പ്രയോഗിക്കാൻ നന്മയുടേയും തിന്മയുടേയും ശക്തികളെ എപ്രകാരമാണ് സഹവർത്തിപ്പിച്ചു നിർത്തിയിരിക്കുന്നതെന്ന് വാസ്തവത്തിൽ സൊറോസ്റ്റർ(അ) (ക്രി. മു. ആറാം നൂറ്റാണ്ട്) പഠിപ്പിക്കുകയായിരുന്നു. അന്തിമമായി മനുഷ്യൻ അവന്റെ നന്മയുടേയും തിന്മയുടേയും ഉദ്ദേശ്യംകൊണ്ടും പ്രവൃത്തികൊണ്ടുമാണ് വിധി കൽപ്പിക്കപ്പെടുക. പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത് പ്രകാശത്തിന്റെ ദൈവത്താലാണെന്നും ആ നന്മയുടെ ശക്തികൾ അവസാനം അതിജീവിക്കുമെന്നും സോറോസ്റ്റർ (അ) പഠിപ്പിക്കുകയുണ്ടായി.

സൊറോസ്ട്രിയൻ മതത്തെപ്പറ്റിയുള്ള ആഴമുള്ള പഠനങ്ങളിൽ നിന്നും നമുക്ക് ന്യായമായും മനസ്സിലാക്കാൻ സാധിക്കുന്നത്, നാം ഇതിന് മുമ്പേ പ്രതിപാദിച്ച സ്വതന്ത്രമായ ഇരുട്ടിന്റെ ദൈവങ്ങൾ, ജൂത, ക്രൈസ്തവ, ഇസ്ലാം എന്നീ പാരമ്പര്യ മതങ്ങളിൽ കാണപ്പെടുന്ന പിശാചിന്റെ തൽസമരൂപങ്ങൾ മാത്രമാണ് എന്നാണ്. പിൽക്കാലത്ത് സെറോസ്റ്ററു(അ)ടെ അനുയായികൾ അദ്ദേഹത്തിന്റെ നന്മ തിന്മകളുടെ ദർശനം തെറ്റിദ്ധരിക്കുകയായിരുന്നു. അവ രണ്ടും ബോധാത്മകവും അനന്തവുമായി സഹവർത്തിച്ചു കൊണ്ടുള്ള രണ്ട് പരമോന്നത അസ്തിത്വങ്ങളുടെ പ്രകടനവുമാണെന്നാണ് അവർ ധരിച്ചത്. ഇതാണ് സൊറോസ്ട്രിയൻ മതത്തിന്റെ ദ്വന്ദാത്മകതയുടെ സാരം. സൊറോസ്ട്രിയൻ ദർശനം ശ്രദ്ധാപൂർവം പഠിക്കുന്ന ഒരാളുടെ രണ്ടാം വായനയിൽ രണ്ടു സംശയങ്ങളെക്കുറിച്ചുള്ള വ്യത്യസ്തമായ

ന്മാർ അപൂർവ്വമായി തീർക്കുന്നതുപോലെയുള്ള പ്രവിശാലമായ ഒരു സാമ്രാജ്യമാണ് സൈറസ് കെട്ടിപ്പടുത്തത്. സമ്രാട്ടുകൾക്കിടയിൽ ചരിത്രകാരന്മാരുടെ എല്ലാവിധ കുറ്റപ്പെടുത്തലുകൾക്കും അതീതനായ ചരിത്രത്തിലെ മഹാനാണ് സൈറസ്. ഒരു മനുഷ്യൻ എന്ന നിലയിലോ ഒരു സമ്രാട്ട് എന്ന നിലയിലോ ഒരു കളങ്കവും ആർക്കും കാണാൻ കഴിയാത്ത ഒരു ചരിത്ര പുരുഷനായിരുന്നു സൈറസ്. ഒരു ഭരണാധികാരിയിൽ നിന്ന് ഒരാൾക്ക് പ്രതീക്ഷിക്കാവുന്ന മഹദ്ഗുണങ്ങളുടെ സംക്ഷേപമായിരുന്നു അദ്ദേഹം. യുദ്ധത്തിൽ അദ്ദേഹം അതിസാഹസികനും നിർഭയനായ വിജീഗിഷുവുമായിരുന്നു. അചഞ്ചലമായ അദ്ദേഹത്തിന്റെ ഏകദൈവത്തിലുള്ള വിശ്വാസം സൊറോസ്റ്ററി(അ)ൽ നിന്നും ലഭിച്ചതാണ്.

സൊറോസ്റ്റർ മതം ജൂതമതത്തോടും ഇസ്‌ലാമിനോടും അടുത്തു നിൽ ക്കുന്നു. നന്മ തിന്മകളെക്കുറിച്ചും ഇരുട്ടിനേയും വെളിച്ചത്തേയും സംബന്ധിച്ചും സൊറോസ്റ്ററിസത്തിന്റെ കാഴ്ച്ചപ്പാട് യഹൂദ, ഇസ്‌ലാം മതത്തിലുള്ളതുപോലതന്നെയായിരുന്നു. 'അഹ്റമാൻ' എന്നത് സാത്താന്റെ മറ്റൊരു പേരല്ലാതെ മറ്റൊന്നുമല്ല.

**സൊ**റാസ്റ്റർ മതത്തെ സംബന്ധിച്ച് ഉത്തരം കാണേണ്ട ഒരു പ്രശ്നം എന്തുകൊണ്ട് ആ മതം ദ്വന്ദാത്മകത എന്ന ആശയം മുന്നോട്ടു വെച്ചു എന്നതാണ്. ദ്വന്ദാത്മകത ഒരിക്കൽ സൊറോസ്റ്റർ ദർശനത്തിൽ വേരുപിടിക്കുകയും അതിന് ആ മതത്തിൽ സ്ഥിരമായ ഒരുസ്ഥാനം ഉണ്ടാകുകയും ചെയ്തത് എന്തുകൊണ്ട്? തിന്മയെക്കുറിച്ചും ദുഃഖങ്ങളെക്കുറിച്ചുമുള്ള സമസ്യകൾ സൊറോസ്ട്രിയൻ ചിന്തകരെ ആശങ്കാകുലരാക്കിയ നാളുകളിൽ നടന്ന തീവ്രമായ തത്ത്വശാസ്ത്ര ചർച്ചകളുടെ കാലഘട്ടത്തിലായിരിക്കാം അത് സംഭവിച്ചിരിക്കുക. ചരിത്രാതീതകാലം മുതൽ മനുഷ്യനെ

യിരുന്നു.

'കർത്താവ് തന്റെ അഭിഷിക്തനായ സൈറസിനോട് അരുൾ ചെയ്യുന്നു-അയാളുടെ മുമ്പാകെ ജനങ്ങളെ കീഴ്പ്പെടുത്താനും രാജാക്കന്മാരുടെ അരപ്പട്ട അഴിപ്പിക്കാനും അയാളുടെ മുമ്പാകെ കവാടങ്ങൾ അടക്കപ്പെടാതെ കതകുകൾ തുറന്നിടാനും ഞാൻ അയാളുടെ വലത് കൈയിൽ പിടിച്ചിരിക്കുന്നു. 'മലഞ്ചെരിവുകൾ നിരപ്പാക്കിക്കൊണ്ട് ഞാൻ നിന്റെ മുമ്പേ പോകും; ഓടുകൊണ്ടുള്ള വാതിലുകൾ ഞാൻ തകർക്കും; ഇരുമ്പു സാക്ഷകൾ ഞാൻ വെട്ടിമുറിക്കും; നിന്നെ പേരുചൊല്ലി വിളിക്കുന്നവനും ഇസ്രായീലിന്റെ ദൈവവുമായ കർത്താവാണ് ഞാൻ എന്ന് നീ അറിയേണ്ടതിന് മറഞ്ഞിരിക്കുന്ന നിക്ഷേപങ്ങളും നിഗൂഢ സ്ഥലങ്ങളിലെ നിധി ശേഖരങ്ങളും ഞാൻ നിനക്ക് നൽകും. എന്റെ ദാസനായ യാക്കോബിനുവേണ്ടി ഞാൻ തിരഞ്ഞെടുത്ത ഇസ്റാഈലിനുവേണ്ടി, ഞാൻ നിന്നെ പേരുചൊല്ലി വിളിക്കുന്നു. നിനക്ക് എന്നെ അറിഞ്ഞുകൂടെങ്കിലും ഞാൻ നിനക്ക് ഒരു ബിരുദനാമം നൽകുന്നു. ഞാനാണ് കർത്താവ്; ഞാനല്ലാതെ മറ്റൊരു കർത്താവില്ല.

മഹാനായ സൈറസിനെ പറ്റി സൈറസ് ഇതിഹാസത്തിൽ വളരെ സഹിഷ്ണുവും മാതൃകാ പുരുഷനുമായ ഒരു രാജാവായിട്ടാണ് സ്മരിക്കപ്പെടുന്നത്. പുരാതന പേർഷ്യക്കാർ അദ്ദേഹത്തെ ജനങ്ങളുടെ പിതാവ്' എന്നാണ് വിളിച്ചത്. ബാബിലോണിയൻ അടിമത്തത്തിൽ നിന്ന് യഹൂദരെ മോചിപ്പിച്ചയാൾ എന്ന നിലക്ക് സൈറസിന് അസാധാരണമായ ബഹുമാനമാണ് ബൈബിൾ നൽകിയിരിക്കുന്നത്.

ചുരുക്കത്തിൽ, അസാമാന്യമായ ഗുണങ്ങൾക്കുടയവനായ ഒരു മഹാനായിട്ടാണ് ചരിത്രത്തിലുടനീളം സൈറസ് അറിയപ്പെടുന്നത്. ഐതിഹാസിക പരിവേഷമുള്ള മറ്റു പടനായക

പദപ്രയോഗങ്ങൾ സൃഷ്ടിക്കുന്ന ഒരു മിഥ്യാസങ്കൽപ്പം മാത്രമാണ് ഈ ദന്ദ്വാത്മകത എന്ന് മനസ്സിലാക്കാം.

സാത്താന് (പിശാച്) മറ്റു മതങ്ങളിലുള്ള സ്ഥാനമാണ് അഹ്ർമാന് (Ahraman) സോറോസ്ട്രിയൻ മതത്തിലുള്ളത്. പിൽക്കാലത്ത് സൊറോസ്ട്രിയൻ മതാനുയായികൾ 'സാത്താൻ' എന്ന സങ്കൽപ്പത്തെ തിന്മയുടെ സ്വതന്ത്രമായ ദൈവം എന്ന ആശയവുമായി കൂട്ടിക്കലർത്തി, ഇരുട്ടിന്റെ ശക്തിയുടെ പരമോന്നത അധിപനായി വിശ്വസിക്കാൻ തുടങ്ങി. ഈ യൊരബദ്ധ വിശ്വാസം മറ്റു അബദ്ധങ്ങളിലേക്കും അവരെ ആനയിച്ചു. 'അഹ്ലെൻ' എന്ന 'തിന്മയുടെ ദൈവം' പരമോന്നതനും സ്രഷ്ടാവുമായ ഏക ദൈവത്തിന്റെ അനന്തതയുമായി പങ്കുവെക്കുന്നവനുമായി ചിത്രീകരിക്കപ്പെട്ടു.

ഇത്തരത്തിലുള്ള തെറ്റായ വിശ്വാസങ്ങൾ എപ്പോഴാണ് സൊറോസ്ട്രിയൻ മതത്തിലേക്ക് നുഴഞ്ഞുകയറിയതെന്ന് കണ്ടെത്താൻ പ്രയാസമാണ്. പക്ഷേ, ഒരു കാര്യം സുനിശ്ചിതമാണ്. സൊറോസ്റ്ററു(അ)ടെ മാതൃകാ ശിഷ്യനായ സൈറസ് (ക്രി. മു. 590-529) ഈ ദ്വൈതവാദത്തിൽ നിന്നും ബഹുദൂരം അകലെയായിരുന്നു. സൊറോസ്ട്രിയൻ മതത്തിൽ അദ്ദേഹത്തിന്റെ അത്യുന്നത സ്ഥാനം അശോകന് ബുദ്ധമതത്തിലുള്ളതിനേക്കാൾ ഉത്തുംഗമാണ്.

ബുദ്ധമതത്തെ അശോകനിലൂടെ വിലയിരുത്തുക എന്നതിനേക്കാൾ ഒട്ടും കുറഞ്ഞതല്ല സൊറോസ്ട്രിയൻ മതത്തെ സൈറസിലൂടെ വിലയിരുത്തുക എന്നത്. സൈറസിന്റെ ഏകദൈവവാദം ബൈബിൾ പഴയ നിയമം (യെശയ്യാ 45:1-5) അദ്ദേഹത്തോട് കാണിച്ച ആദരവിൽ നിന്ന് തെളിയിക്കാവുന്നതാണ്. സൈറസ് ഒരു ദ്വന്ദാത്മക വാദിയായിരുന്നെങ്കിൽ ഒരിക്കലും തന്നെ ഇസ്രയേൽ ദൈവം അദ്ദേഹത്തെ ഇപ്രകാരം വാഴ്ത്തുകയില്ലാ

ചിന്താകുലനാക്കിയ ഒരു പ്രശ്നമായിരുന്നു അത്. വിവിധ കാലഘട്ടങ്ങളിൽ നിരവധി മത ചിന്തകൻമാർ നന്മയുടെ ദൈവത്തിന് വിവിധങ്ങളായ വിശദീകരണങ്ങൾ നൽകുകയുണ്ടായി. ഈ കാലഘട്ടത്തിൽ പൊതുവേ ഏതൻസിലും നൈതികവും, ഭൗതികവുമായ പരീക്ഷണത്തിന് ചിന്തിച്ചിരുന്ന ചിന്തകന്മാരും ഈ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയുണ്ടായി. അവരെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നത്തിന് ഉത്തരം കണ്ടെത്താൻ അത്രയൊന്നും പ്രയാസമുണ്ടായിരുന്നില്ല. കാരണം ഏതൻസിലെ ഭൂരിപക്ഷം ആളുകളും ഇതിഹാസ രൂപികളായ ദൈവങ്ങളിലായിരുന്നു വിശ്വസിച്ചിരുന്നത്. ആ ദൈവങ്ങൾക്ക് കളവ് പറയുക എന്നത് അപൂർവമായ ഒരു സംഭവമല്ലായിരുന്നു. മനുഷ്യനെയും എന്തിനധികം ദൈവത്തെപ്പോലും ബുദ്ധിമുട്ടിക്കുന്ന കുസൃതികൾ കാട്ടുന്നവയായിരുന്നു അവരുടെ ദൈവങ്ങൾ. അത്തരത്തിലുള്ള സൂത്രങ്ങളും കൗശലങ്ങളും കൊണ്ട് നിറഞ്ഞതാണ് ഹോമറിന്റെ * ഇലിയഡിലെ ദൈവ സങ്കൽപ്പം.

എങ്കിലും അവർക്കിടയിൽ ക്രി.മു. 470ൽ ജനിച്ച ഏകദൈവ വിശ്വാസിയായ തത്വജ്ഞാനിയായിരുന്നു സോക്രട്ടീസ്. അദ്ദേഹം തത്ത്വജ്ഞാനികൾക്കിടയിലെ പ്രവാചകനും പ്രവാചകന്മാർക്കിടയിലെ തത്ത്വജ്ഞാനിയുമായിരുന്നു. ദൈവത്തിന്റെ ഏകത്വത്തിൽ അദ്ദേഹം അചഞ്ചലനായി വിശ്വസിച്ചു. ദൈവത്തിന്റെ കേവല നന്മയിൽ സംശയത്തിന്റെ നേരിയ കണികപോലും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഏതൻസിലെ സെനറ്റിൽ വെച്ച് സോക്രട്ടീസ് നടത്തിയ അവസാനത്തെ പ്രഭാഷണത്തിൽ അദ്ദേഹം പ്രഖ്യാപിച്ചത് ഇതായിരുന്നു. കേവല നന്മയുടെ ഉടമയായ ദൈവത്തിൽ അദ്ദേഹം വിശ്വസിച്ചു. ആ വിശ്വാസം അദ്ദേഹത്തിന്റെ ബുദ്ധിശക്തികൊണ്ടോ അതി ഭൗതികമായ അഭ്യാസങ്ങൾകൊണ്ടോ ആയിരുന്നില്ല. സോക്രട്ടീസിന് ദൈവത്തെ ബാല്യകാലം മുതൽ തന്നെ വ്യക്തിഗതമായി അറിയാമായിരുന്നു. അങ്ങനെ മാത്രമായിരുന്നില്ല. കുഞ്ഞുനാളിലെ അദ്ദേഹം ദൈവത്തിന്റെ പ്രത്യേക ശ്രദ്ധയിലും സ്നേഹത്തിലും പരിചരണത്തിലുമാണ് വളർത്തപ്പെട്ടത്. ഈ പ്രശ്നം അതിഗഹനമായ യുക്തിബോധത്തോടെ കൈകാര്യം ചെയ്തത് സോക്രട്ടീസാണ്. പക്ഷേ, ദൈവത്തിൽ നിന്ന് യാതൊരു തിന്മയും ഉത്ഭവിക്കാനുള്ള സാധ്യതയില്ല എന്ന് തെളിയിക്കാനാണ് അദ്ദേഹം കൂടുതലായും തന്റെ തർക്കബുദ്ധി ചെലവഴിച്ചത്. തിന്മയുടെയും കഷ്ടാനുഭവങ്ങളുടെയും പ്രശ്നം വന്നപ്പോൾ അത് ദൈവത്തിൽ നിന്ന് ഉത്ഭവിക്കൽ താർക്കികമായി അസാധ്യമാണെന്നും അവ മനുഷ്യന്റെ ഭാഗത്തുനിന്നുള്ള തെറ്റുകളാണെന്നുമുള്ള നിലക്ക് അദ്ദേഹം അത് തള്ളിക്കളഞ്ഞു. ദൈവം നന്മയായിട്ടുണ്ടായിരിക്കണം. അവൻ നന്മയായിരുന്നു. അവന് നന്മയല്ലാതെ മറ്റൊന്നും ആവാൻ സാധ്യമല്ല എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. അതിനാൽ തിന്മ ലൗകികരായ ആളുകളിൽ നിന്നും ആവിർഭവിക്കുന്ന ഒന്നായിരിക്കണം. ദൈവത്തിന് ആ ഹീന പ്രവർത്തനത്തിൽ യാതൊരു പങ്കുമില്ല. അദ്ദേഹത്തിന്റെ ഉത്തരം ലളിതമായിരുന്നു. പക്ഷേ അദ്ദേഹത്തെ തത്ത്വശാസ്ത്രപരമായി മറ്റുള്ളവർക്ക് ആക്രമിക്കാൻ പഴുതുകളുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം തത്ത്വശാസ്ത്ര പരമായി പ്രതിരോധിക്കാൻ കഴിയാത്ത ഒരിടത്തായിരുന്നു പ്രതിഷ്ഠിക്കപ്പെട്ടിരുന്നത്.

ഇറാനിലെ സോറോസ്ട്രിയൻ ചിന്തകന്മാർക്ക് സോക്രട്ടീസിന്റെ രീതിയിലുള്ള ഉത്തരം തൃപ്തികരമായിരുന്നില്ല. അവർ തിന്മയെപ്പറ്റിയുള്ള ഈ ചോദ്യത്തെപ്പറ്റി കൂടുതൽ അന്വേഷിച്ചു. ആരായിരുന്നു തിന്മയുടെ ആളുകൾ? ആരാണ് അവരെ സൃഷ്ടിച്ചത്? എന്നിത്യാദി പ്രശ്നങ്ങളെക്കുറിച്ച് അവർ ചിന്തിച്ചു. ദൈവമാണ് അവരെ സൃഷ്ടിച്ചിരുന്നതെങ്കിൽ ദൈവമായിരിക്കണം അതിന്റെ പൂർണ ഉത്തരവാദി. തിന്മയുമായി ദൈവത്തിനുള്ള ബന്ധം പൂർണമായി വിഛേദിക്കുവാൻ ദൈവത്തിന് പുറമെ മറ്റൊരു സ്രഷ്ടാവിനെ സൊറോസ്ട്രിയൻ പണ്ഡിതന്മാർക്ക് കണ്ടുപിടിക്കേണ്ടി വന്നു. ഒന്ന് നന്മയുടെ ദൈവമെന്നും മറ്റൊന്ന് തിന്മയുടെ ദൈവമെന്നും വ്യവഹരിക്കപ്പെട്ടു. രണ്ടു ദൈവങ്ങളും വെളിച്ചത്തിനേയും ഇരുട്ടിനേയും തങ്ങളുടേതായ മേഖലയിൽ മാത്രം ദൈവത്വം വിനിയോഗിക്കുന്ന നന്മയുടെയും തിന്മയുടെയും ദൈവങ്ങളായി പരിഗണിക്കപ്പെട്ടു.

ആനുഷംഗികമായി പറയട്ടെ, എല്ലാ സൊറോസ്ട്രിയൻ മതക്കാരും ഈ ദ്വന്ദാത്മക വാദത്തിൽ വിശ്വസിക്കുന്നില്ല. സോറോസ്റ്റർ മതത്തിൽ വളരെ ചെറിയൊരു വിഭാഗം ദൈവത്തിന്റെ ഏകത്വത്തിന് ശക്തമായി വാദിക്കുന്നവരായി ഇന്നുമുണ്ട്. ഈ ഏകത്വവാദികളിൽ വലിയൊരു വിഭാഗം ഇസ്ലാം പേർഷ്യയിൽ പ്രവേശിച്ചപ്പോൾ ഇസ്ലാമിലേക്ക് ആകർഷിക്കപ്പെട്ടു. ദ്വന്ദാത്മകവാദവും അതിനോടനുബന്ധിച്ചുള്ള അഗ്നിയാരാധനയും കഴിച്ചാൽ സോറോസ്ട്രിയൻ മതം മറ്റേതു മതത്തേക്കാളും ഇസ്ലാമുമായി അടുത്തു നിൽക്കുന്നു.

മറ്റ് പ്രബലമായ മതങ്ങളിൽ വിവരിച്ചിട്ടുള്ള ദൈവത്തിന്റെ അതേ ഗുണങ്ങളും അതേ സംജ്ഞകളും തന്നെയാണ് സൊറോസ്റ്റർ മതത്തിലും ദൈവത്തിനുവേണ്ടി പ്രയോഗിച്ചിട്ടുള്ളത്. സൊറോസ്റ്റർ മതത്തിൽ ദൈവത്തിന് ഉപയോഗിച്ച പദം 'അഹൂറ മസ്ദ' എന്നാണ്. എല്ലാ തിന്മയും കഷ്ടാനുഭവങ്ങളും 'അഹ്റമാ'ന്റെ ബലിയാടുകളാണെന്ന് കുറ്റപ്പെടുത്തുന്നതോടെ ഈ പ്രശ്നം ആത്യന്തികമായി പരിഹരിക്കപ്പെട്ടു എന്ന് സൊറോസ്ട്രിയൻ ചിന്തകന്മാർ കരുതി. എന്നാൽ അത് അപ്രകാരമല്ലായിരുന്നു.

ആഘോഷിക്കുക എന്നത് തീരെ അസാധ്യമാണ്.

നമുക്ക് തിരിച്ചുവരേണ്ട മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമുണ്ടെന്നുതോന്നുന്നു. ആ പ്രശ്നം കഷ്ടാനുഭവത്തിന്റെ പ്രശ്നമാണ്. നാം നേരത്തെ വെളിപ്പെടുത്തിയതുപോലെ സൊറാസ്റ്റർ മതത്തിലെ ദ്വന്ദാത്മക വാദത്തിന് പ്രത്യക്ഷത്തിൽ പരിഹാരമുണ്ടെന്ന് തോന്നാമെങ്കിലും പ്രശ്നം പരിഹരിക്കുന്നതിൽ പരാജയപ്പെടുകയാണുണ്ടായത്. ദ്വന്ദാത്മക വാദത്തിന്റെ ആദ്യത്തിൽ പരിശോധിക്കുമ്പോൾ ദയാലുവായ ദൈവത്തിന്റെ സൃഷ്ടി പദ്ധതി കഷ്ടാനുഭവങ്ങളുടെ പ്രശ്നം പരിഹരിക്കാൻ പര്യാപ്തമല്ല എന്ന് കാണുന്നു. ഈ പ്രശ്നം അതിന്റെ പ്രാധാന്യമനുസരിച്ച് തുടർന്നുവരുന്ന അധ്യായത്തിൽ സ്വതന്ത്രമായി ചർച്ച ചെയ്യുന്നതാണ്.

---

* സൊറോസ്റ്റർ (അ) പേർഷ്യയിലെ മഹാനായ പ്രവാചകൻ. പലരും അദ്ദേഹത്തെ ഒരു ദ്വൈതവാദി (Dualist) ആയിട്ടാണ് മനസ്സിലാക്കിയിട്ടുള്ളത്. മറ്റു ചിലർ അദ്ദേഹത്തെ ഏകദൈവ വാദിയായിട്ടും കാണുന്നു. അദ്ദേഹത്തിന്റെ നാമം പലവിധത്തിലും എഴുതുകയും ഉച്ചരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. നാം ഇവിടെ സോറോസ്റ്റർ (Zoroaster) എന്ന ഉച്ചാരണവും എഴുത്തുമാണ് സ്വീകരിച്ചിട്ടുള്ളത്. ധാരാളം ആളുകൾക്ക് സുപരിചിതമായ ഇംഗ്ലീഷ് രൂപം ഇതാണ്. ഫ്ഡറിക് നീച്ചേ അദ്ദേഹത്തിന്റെ നാമം സരതുഷ്ത്ര (Zarathustra) എന്നാണ് ഉച്ചരിച്ചത്. ഇവിടെ ഇംഗ്ലീഷ് ഉച്ചാരണ ശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്. (അ) എന്നത് ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നത് അലൈഹിസ്സലാം എന്നതിന്റെ ചുരുക്കമാണ്. പ്രവാചകരുടെ നാമം കേൾക്കുമ്പോൾ അവർക്കുവേണ്ടി മുസ്‌ലിംകൾ ചെയ്യുന്ന പ്രാർഥനയാണിത്. അർഥം-അദ്ദേഹത്തിന്റെ മേൽ സമാധാനമുണ്ടാകട്ടെ.

* ഹോമർ

1. The Holy Bible. I Saiah 45:1-5

സോക്രട്ടീസ് അവരുടെ സമകാലികനായിരുന്നു. അദ്ദേഹം ഇതിനെ പ്പറ്റി കേട്ടുകാണും. അദ്ദേഹം സ്വയംതന്നെ ഇതിനെപ്പറ്റി ചിന്തിച്ചിട്ടുമുണ്ടാകണം. എങ്കിലും അദ്ദേഹം അത് നിരാകരിക്കുകയും ദൈവത്തിന്റെഏകത്വത്തിൽ വിശ്വസ്തതയോടെ ചേർന്നുനിൽക്കുകയും ചെയ്തു. ഒരു പ്രശ്നം പരിഹരിക്കാനുള്ള ഈ സൊറോസ്ട്രിയൻ ശ്രമം അതിനേക്കാൾ കഠിനമായ മറ്റൊരു കീറാമുട്ടി സൃഷ്ടിക്കുകയാണ് ചെയ്തത്. അവസാനത്തെ പ്രശ്നം നാം ചർച്ച ചെയ്യുന്നതാണ്. ഇപ്പോൾ നാം ഓർമിക്കേണ്ടത് തിന്മക്ക് അതിന്റേതായ സ്വതന്ത്ര അസ്തിത്വമില്ല എന്നതാണ്. അത് സൃഷ്ടിക്കപ്പെടേണ്ടതുണ്ട്.

യഥാർഥത്തിൽ തിന്മ എന്നത് നന്മയുടെ അഭാവമാണ്. നന്മയുടെ അഭാവമാണ് തിന്മയെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. വെളിച്ചവും നിഴലും ഒളിച്ചു കളിക്കുന്നത് പോലെയാണിത്. നിഴൽ സാക്ഷ്യമുള്ള വസ്തുവല്ല. വെളിച്ചമാണ് കാര്യം. അതാണ് നിഴൽ സൃഷ്ടിക്കുന്നത്. എന്നിരുന്നാലും നിഴൽ വെളിച്ചത്താൽ നിർമിക്കപ്പെട്ടതല്ല. വെളിച്ചത്തിന്റെ അഭാവത്തിന്റെ പേരാണത്. വെളിച്ചം എവിടെയാണോ തടയപ്പെടുന്നത് അവിടെ നിഴൽ ജനിക്കുന്നു.. പിൽക്കാലത്തെ സോറോസ്ട്രിയൻ മതക്കാർക്ക് അഹ്റമാൻ എന്നു പേരായ ഒരു പൈശാചിക ശക്തിയെ സൃഷ്ടിക്കേണ്ട യാതൊരു ആവശ്യവുമുണ്ടായിരുന്നില്ല. നന്മയെ മാത്രമായിരുന്നു ഇപ്രകാരം സൃഷ്ടിക്കേണ്ട ആവശ്യമുണ്ടായിരുന്നത്. നന്മ തിരോഭവിക്കുമ്പോഴാണ് തിന്മ രംഗപ്രവേശനം ചെയ്യുക. അഹ്റമാൻ ഇരുട്ടിന്റെ ദൈവമാണെങ്കിൽ പ്രകാശത്തിന്റെയും ധർമ്മത്തിന്റെയും നിഷേധത്തിൽ നിന്നാണ് അത് ഉത്ഭവിക്കുന്നത്. അവ അതിന്റെ സ്രഷ്ടാവല്ല.

കഴിഞ്ഞ ചർച്ചയുടെ അടിസ്ഥാനത്തിൽ നമുക്ക് സംശയലേശമന്യേ പറയാം സറോസ്റ്റർ (അ) ദൈവത്തിൽ വിശ്വസിച്ചിരുന്നു. അവനിൽ മാത്രമാണ് അദ്ദേഹം വിശ്വസിച്ചിരുന്നത്. ദൈവത്തിൽ നിന്നുള്ള വെളിപാടുകളുടെ സ്വീകർത്താവായിരുന്നു അദ്ദേഹം. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ജ്ഞാനവും ശാശ്വത സത്യവും വെളിപാടുകളിലൂടെ നേരിട്ട് ലഭിക്കുന്നു. അത് ബുദ്ധികൊണ്ട് മാത്രം മനനം ചെയ്തെടുക്കാവുന്നതോ പ്രചോദനത്തിലൂടെ ലഭിക്കുന്നതോ അല്ല.

തിന്മയുടെയും കഷ്ടാനുഭവങ്ങളുടെയും സമസ്യക്ക് സെറോസ്ട്രിയൻ മതം സമർപ്പിച്ച പരിഹാരങ്ങളിലേക്ക് നമുക്ക് തിരിച്ചുവരാം. നമുക്ക് ഈ തത്ത്വശാസ്ത്രം ഒരിക്കൽക്കൂടി ആഴത്തിൽ ചർച്ച ചെയ്യാം. എങ്ങനെയാണ് കഷ്ടാനുഭവങ്ങൾ അസ്തിത്വത്തിലേക്ക് വരുന്നത്? എന്താണ് കഷ്ടാനുഭവങ്ങളുടെ അർത്ഥം?

തിന്മ ആസൂത്രണം ചെയ്യുന്ന ഒരു ദൈവവും നന്മ രൂപപ്പെടുത്തുന്ന മറ്റൊരു ദൈവവും ഉണ്ടായിരുന്നുവെന്നിരിക്കട്ടെ. ഒന്ന് മറ്റൊന്നിനു മേൽ വിജയം നേടുന്ന സമരത്തിന്റെ അന്തിമഫലമെന്തായിരിക്കും? ആരാണ് വിജയം വരിക്കുക? എന്തുകൊണ്ട് വിജയം വരിക്കുന്നു? സൊറോസ്റ്റർ (അ) നന്മയുടെ അന്തിമ വിജയത്തിൽ ആശ്വാസം കൊള്ളുന്നതായി കാണാം. എന്തുകൊണ്ട് നന്മ അവസാനംവിജയം വരിക്കുന്നു എന്ന അവരുടെ തത്ത്വശാസ്ത്രത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. രണ്ട് ദൈവങ്ങളും സ്വതന്ത്രരും ഒന്ന് മറ്റൊന്നിനേക്കാൾ ബലഹീനവുമാണെങ്കിൽ ശക്തനായ ദൈവം ബലഹീനനായ ദൈവത്തെ ഒരുപാട് കാലം കഴിഞ്ഞെങ്കിലും നശിപ്പിക്കും. അങ്ങനെ കാലക്രമേണ നന്മ തിന്മയെ ഒടുവിൽ അതിജയിക്കും.ഇപ്രകാരമല്ല എന്നാണെങ്കിൽ രണ്ടു ദൈവങ്ങൾക്കും തുല്യശക്തിയായിരിക്കണം. എന്നാൽ, ഇവ രണ്ടിന്റെയും ഏറിയും കുറഞ്ഞുമുള്ള കളി അനന്തമായി തുടരും. അത്തരമൊരവസ്ഥയിൽ നന്മയുടെ അന്തിമ വിജയം

ലേഖനം

സൂര്യോദയം കാത്തിരിക്കുന്ന പശ്ചിമചക്രവാളം - 2

# യൂറോപ്പിലെ അഹ്മദിയ്യാ കേന്ദ്രങ്ങൾ

മുഹമ്മദ് ഉമർ എച്ച്.എ.
നാസിർ ഇസ്‌ലാഹൊ ഇർശാദു ഖാദിയാൻ

**ഇസ്‌ലാമിന്റെ യഥാർത്ഥമുഖം വിവിധ അഹ്മദിയ്യാ കേന്ദ്രങ്ങളിലൂടെ യൂറോപ്പിനെ അഭിമുഖീകരിക്കുകയാണ്**

## പാൻ ആഫ്രിക്കൻ അഹ്മദിയ്യാ മുസ്‌ലിം അസോസിയേഷൻ

ലണ്ടൻ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന PAN AFRICAN Ahmadiyya Muslim Association U.K. യുടെ ഒരു പ്രത്യേക സമ്മേളനം യു.കെ. ജമാഅത്ത് അമീർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്നു. എനിക്കും ജഃ ശിറാസ് അഹ്മദ് സാഹിബിന്നും പ്രത്യേകം ക്ഷണമുണ്ടായിരുന്നു. ഈ സമ്മേളനത്തിൽ ബെനിൻ, യുഗണ്ട, ബുർക്കിനാഫാസോ, ഘാന, നൈജീരിയാ, കെനിയ എന്നീ ആഫ്രിക്കൻ നാടുകളിലെ നാഷനൽ അമീർ മാർ തങ്ങളുടെ നാടുകളിൽ തബ്‌ലീഗ്, തർബിയത്ത് രംഗങ്ങളിൽ ഉണ്ടായ പുരോഗതികൾ വിവരിക്കുകയുണ്ടായി. സമ്മേളനത്തിന്നുശേഷം വിഭവസമൃദ്ധമായ ഡിന്നർ ഉണ്ടായിരുന്നു. ഡിന്നറിൽ ആഫ്രിക്കൻ ഡിഷ് ഉണ്ടായിരുന്നു. മരക്കിഴങ്ങു പുഴുങ്ങിയതും നേന്ത്രപ്പഴം പൊരിച്ചതുമായിരുന്നു ആ പ്രത്യേക ഡിഷ്.!

പ്രസ്തുത പരിപാടികൾക്കു ശേഷം യു.കെ.യിലെ വിവിധ മിഷൻ ഹൗസുകൾ സന്ദർശിക്കാനുള്ള ഭാഗ്യം ഈയുള്ളവനും ഭാര്യക്കും മകൾക്കും മരുമകനും മൂന്നു പേരക്കുട്ടികൾക്കും ലഭിച്ചു.

## യു.കെ. മിഷൻ ഹൗസുകൾ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ ഇംഗ്ലണ്ടിൽ 13 സ്ഥലങ്ങളിൽ ജമാഅത്തിന് മസ്ജിദുകളും മിഷൻ ഹൗസുകളും ഉണ്ട്. ബർമ്മിംഗ്ഹാം, ബ്രാഡ് ഫോർഡ്, കേംബ്രിഡ്ജ്, ക്രോയിഡോൻ, ഈസ്റ്റു ലണ്ടൻ, മാഞ്ചസ്റ്റർ, ഓക്സ്ഫോർഡ്, സൌത്താൾ, സൗത്ത് വെസ്റ്റ് റീജിയനിലുള്ള 8 ജമാഅത്തുകൾ എന്നിവയാണവ. ഈ ജമാഅത്തുകളിൽ ചിലത് സന്ദർശിക്കാനുള്ള സൗഭാഗ്യം ലഭിച്ചു.

## ബൈത്തുൽ ഫുത്തൂഹ്

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് യു.കെ. ബ്രിട്ടനിൽ നിർമ്മിച്ച അതിമനോഹരവും വളരെ വിശാലവുമായ കെട്ടിട സമുച്ചയമാണ് ബൈത്തുൽ ഫുത്തൂഹ്. 2003ൽ പണിപൂർത്തിയായ ഈ മസ്ജിദും അതിനോടനുബന്ധിച്ച ഓഫീസുകളും മറ്റും അഞ്ചേകാൽ ഏക്കർ സ്ഥലത്ത് നിർമ്മിക്കപ്പെട്ടതാണ്. ഇവിടെ 1500 പുരുഷന്മാർക്കും അത്രതന്നെ സ്ത്രീകൾക്കുമായി രണ്ടു Prayer Hallകളുണ്ട്. 25 $^1/_2$ മീറ്റർ ഉയരമുള്ള മിനാരം ദൂരെ നിന്നു തന്നെ മനോഹരമായ ദൃശ്യമാണ് തരുന്നത്.

ഈ മസ്ജിദുമായി ബന്ധപ്പെട്ട കെട്ടിടസമുച്ചയം 21,800 ചതുരശ്ര അടിയിൽ നിർമ്മിക്കപ്പെട്ടതാണ്. ഈ കോംപ്ലക്സിൽ എല്ലാവിധ സൗകര്യങ്ങളുമുണ്ട്. നാലു ശാഖാസംഘടനകൾക്കുമായി വിവിധ കോൺഫ്രൻസു ഹാളുകൾ, വിശാലമായ ഓഡിറ്റോറിയം, ലൈബ്രറി, എം.ടി.എ. ഹാൾ വിവിധ ഓഫീസ്സുകൾ, ജിംനേഷ്യം എന്നിവയടങ്ങിയ ഈ കെട്ടിട സമുച്ചയം രാപകൽ പ്രവർത്തനനിരതമാണ്.

വാർഷികസമ്മേളനത്തിൽ പങ്കെടുത്ത അതിഥികളുടെ താൽക്കാലിക പാർപ്പിട സൗകര്യങ്ങൾ ഇവിടെയും സജ്ജമാക്കപ്പെട്ടിരുന്നു.

## സൗത്ത് വെസ്റ്റ് റീജിയൻ

ലണ്ടനിൽ നിന്ന് ഏകദേശം 200 നാഴിക തെക്കുപടിഞ്ഞാറു സ്ഥിതി ചെയ്യുന്ന ഈ റീജിയനിൽ മനോഹരമായ മസ്ജിദും മിഷൻ ഹൗസും ഉണ്ട്. ഈ റീജിയന്റെ വകയായി ഈ വിനീതന്നും ഭാര്യക്കും 12-8-07ന് ഒരു സ്വീകരണയോഗത്തിന്നുള്ള ഏർപ്പാടു ചെയ്തിരുന്നു. ഈ റീജിയനിൽ 4 ജമാ

അത്തിന്നു ചില നിബന്ധനകളോടു കൂടി വിട്ടു തന്നു. അതിന്നുശേഷം കൗൺസിലിന്റെ അനുവാദത്തോടു കൂടി മനോഹരമായ മിനാരവും കുംഭവും അടങ്ങിയ മസ്ജിദു രൂപാന്തരപ്പെട്ടു. അങ്ങനെ 1998ൽ ഈ പള്ളി ഉൽഘാടനം ചെയ്യപ്പെട്ടു. ക്രിസ്ത്യാനികളുടെ കേന്ദ്രത്തിൽ സ്ഥിതിചെയ്യുന്ന ഈ മഹൽ കെട്ടിടം ക്രൈസ്തവസമൂഹത്തിനു മുമ്പിൽ ഇസ്‌ലാമിന്റെ യശ്ശസുയർത്തി നിലകൊള്ളുന്നു. ലണ്ടനിൽ നിന്ന് 8 മണിക്ക് പുറപ്പെട്ട ഞങ്ങൾ പത്തരമണിക്കു ബർമ്മിംഗ്ഹാം മസ്ജിദിലെത്തി. അവിടുത്തെ മിഷനറി മൗലാനാ ഫൈസ് അഹ്മദ് സാഹിബ് ഹാർദ്ദമായ സ്വീകരണം നൽകി. ഒരു മണിക്കൂർ അവിടെ ചെലവഴിച്ചതിന്നുശേഷം ഞങ്ങൾ മാഞ്ചസ്റ്ററിലേക്കു പുറപ്പെട്ടു.

## മാഞ്ചസ്റ്റർ

ബർമ്മിംഗ് ഹാമിൽ നിന്ന് പുറപ്പെട്ട ഞങ്ങൾ രണ്ടു മണിക്കൂറുകൾക്കു ശേഷം ബ്രിട്ടനിലെ സുപ്രസിദ്ധ പട്ടണമായ മാഞ്ചസ്റ്ററിലെത്തി. അവിടുത്തെ മിഷനറി ജ: ശൈഖ് ദാവൂദ് സാഹിബ് ഞങ്ങളെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഉച്ചഭക്ഷണത്തിന്നും നമസ്കാരങ്ങൾക്കും അല്പസമയവിശ്രമത്തിന്നും ശേഷം റീജിയനൽ അമീർ ജനാബ് നദീർ അഹ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ഒരു സ്വീകരണയോഗം സംഘടിപ്പിക്കപ്പെട്ടു. ധാരാളം സഹോദരീ സഹോദരന്മാർ പങ്കെടുത്തിരുന്നു. ചീഫ് മിഷനറി വിനീതനെ പരിചയപ്പെടുത്തി സംസാരിച്ചു. അതിന്നുശേഷം അരമുക്കാൽ മണിക്കൂർ ശിക്ഷണപരമായി ഒരു പ്രസംഗം നടത്തി. സ്നേഹസമ്പൂർണ്ണവും ആത്മാർത്ഥവുമായ അന്തരീക്ഷമായിരുന്നു. ഒരു വിധത്തിലുള്ള അന്യഥാ ഭാവവും കാണ്മാൻ സാധിച്ചില്ല. ഈ ആത്മാർത്ഥത നിറഞ്ഞ സൗഹൃദഭാവം അഹ്മദിയ്യത്തിന്റെ മഹത്തായ അനുഗ്രഹമാണ്.

1991-ൽ ഒരേക്കർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ഈ മനോഹരമായ കെട്ടിടം വിലക്കു വാങ്ങി മസ്ജിദിന്റെ കുമെന്ന് കരുതി അന്വേഷിച്ചപ്പോൾ യു.കെ.യിലെ വലിയൊരു സുന്നികേന്ദ്രമാണിതെന്നും, ഓരോ വർഷവും ഖതമുന്നുബുവ്വത്ത് സംരക്ഷണ സമ്മേളനം നടക്കാറുണ്ടെന്നും അറിഞ്ഞു. പെട്ടെന്നു അതിമനോഹരമായ മിനാരവും കുംഭവും ഉള്ള വലിയൊരു പള്ളി ഞങ്ങളുടെ ദൃഷ്ടിയിൽ പെട്ടു. പൂമുഖത്തു വെണ്ടക്ക അക്ഷരത്തിൽ ബൈത്തുൽ ബറക്കാത്ത് എന്നും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്നും എഴുതിയത് കണ്ടപ്പോൾ അൽഹദുലില്ലാഹ്! ഇവിടെ അഹ്മദികൾക്കു ഇത്ര വലിയ പള്ളിയോ എന്ന് അത്ഭുതപ്പെട്ടുപോയി. ഈ മഹത്തായ കെട്ടിടം രണ്ട് ഏക്കർ സ്ഥലത്ത് പണിതതാണ്. വളരെ വിശാലമായ രണ്ടു ഹാളുകളും മുബല്ലിഗ് ക്വാർട്ടേഴ്സും, ലൈബ്രറി മുതലായ എല്ലാ സൗകര്യങ്ങളും ഉള്ളതാണ് ഈ കെട്ടിടം. 50 കാറുകൾക്കു പാർക്ക് ചെയ്യുവാനുള്ള വിശാലമായ സ്ഥലവുമുണ്ട്.

ഈ കെട്ടിടത്തിന്റെ പിന്നിൽ അത്ഭുതകരമായ ഒരു ചരിത്രമുണ്ട്. ഇത് ആദ്യം ഒരു കൗൺസിലിന്റെ സ്കൂൾ കെട്ടിടമായിരുന്നു. 1889ൽ പണിതതായിരുന്നു. കുറേക്കാലത്തിന്നുശേഷം ഈ കെട്ടിടം പഴകി ദ്രവിക്കാൻ തുടങ്ങിയതോടുകൂടി സ്കൂൾ പ്രവർത്തനം നിലച്ചു. ഇവിടെയുള്ള ചട്ടമനുസരിച്ചു പഴകി ദ്രവിക്കുന്ന കെട്ടിടം പൊളിക്കുവാൻ പാടില്ലാത്തതാണ്. ഏതെങ്കിലും ഒരു സ്ഥാപനം ഈ കെട്ടിടം ഏറ്റെടുക്കുകയാണെങ്കിൽ തങ്ങൾ കൊടുക്കുന്നതാണെന്ന് കൗൺസിൽ വിളംബരം ചെയ്തു. അങ്ങനെ ഈ കെട്ടിടം തങ്ങൾക്കു വിട്ടുകിട്ടുവാൻ ജമാഅത്ത് കൗൺസിലിനോടപേക്ഷിച്ചു. ഈ കെട്ടിടം അഹ്മദികൾക്കു വിട്ടുകൊടുക്കുന്നതിനെ ഈ പ്രദേശത്തെ മുസ്‌ലിംകളും മുല്ലാക്കളും അങ്ങേയറ്റം എതിർക്കുകയുണ്ടായെങ്കിലും, അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ചറിയുന്ന കൗൺസിൽ അംഗങ്ങൾ അഹ്മദികൾക്കു കെട്ടിടം വിട്ടുകൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ ഒരു ടോക്കൻ എന്നോണം 200 പൗണ്ടിന് ഈ കെട്ടിടം ജമാഅത്തുകളാണുള്ളത്. അവയിൽ ഓക്സ്ഫോർഡ് ജമാഅത്താണ് സ്വീകരണം ഏർപ്പാടു ചെയ്തിരുന്നത്. റീജിയനൽ അമീർ ജനാബ് ശൈഖ് ദാവൂദുസാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ചീഫ് മിഷനറി മൗലാനാ മുബാറക്ക് സാഹിബ് സദസ്സിന്നു എന്നെ പരിചയപ്പെടുത്തി സംസാരിക്കുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു. വിനീതൻ വിവിധ വിഷയങ്ങളെക്കുറിച്ച് ഒരു മണിക്കൂർ സംസാരിക്കുകയും സ്വീകരണത്തിന്ന് നന്ദി പറയുകയും ചെയ്തു. ദുആകൾക്കുശേഷം വിഭവസമൃദ്ധമായ വിരുന്നുണ്ടായിരുന്നു. ജമാഅത്തിന്റെ വകയായി എനിക്ക് ഒരു ഷീൽഡും ഭാര്യക്കു ഉപഹാരവും ലഭിച്ചു.

## വാൾട്ടുഹാം ഫോറസ്റ്റ്

കിഴക്കെ ലണ്ടനിൽ സ്ഥിതിചെയ്യുന്ന ഈ റീജിയൻ 8 ജമാഅത്തുകളടങ്ങിയതാണ്. വാൾട്ടുഹോം ജമാഅത്ത് 1200 അംഗങ്ങളടങ്ങിയതാണ്. 1982ൽ യു.കെ. ജമാഅത്ത് വാങ്ങിയ ഇരുനിലക്കെട്ടിടത്തിൽ മിഷൻ ഹൗസ് കൂടാതെ പുരുഷന്മാർക്കും സ്ത്രീകൾക്കുമായി രണ്ടു പ്രെയർ ഹാളുകളും ഉണ്ട്. ഞങ്ങൾക്ക് ഈ ജമാഅത്തിൽ നിന്ന് ഹാർദ്ദമായ സ്വീകരണമാണു ലഭിച്ചത്.

## സൌത്താൾ

ഇന്ത്യൻ സിറ്റി എന്നറിയപ്പെടുന്ന ഈ പ്രദേശത്തു സിക്കുകാരും ഹിന്ദുക്കളും മുസ്‌ലിംകളും ഇടതിങ്ങി വസിക്കുന്നു. പല വർഷങ്ങൾക്കു മുമ്പേ വിലയ്ക്കു വാങ്ങിയ മിഷൻ കെട്ടിടം സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള പ്രെയർ ഹാൾ, പ്രചാരണകേന്ദ്രം, ലൈബ്രറി എന്നിവ അടങ്ങിയതാണ്.

## ബെർമിംഗ് ഹാം

ആഗസ്റ്റ് പത്തൊമ്പതാം തിയതി ഞങ്ങൾ കുടുംബസമേതം ബെർമിംഗ്ഹാം എന്ന പട്ടണത്തിലേക്കു പുറപ്പെട്ടു. പ്രസ്തുത പട്ടണത്തിൽ നീളക്കുപ്പായവും നീണ്ട താടിയും വെച്ച മുല്ലാക്കൾ വിഹരിക്കുന്നത് കണ്ടപ്പോൾ ഈ പ്രദേശത്ത് മുസ്‌ലിംകൾ അധികമുണ്ടാ

രൂപം നൽകപ്പെട്ടു. രണ്ടു വലിയ പ്രെയർ ഹാൾ, ഓഫീസ്, ലൈബ്രറി, ഗസ്റ്റു ഹൗസ്, മിഷനറി ക്വാർട്ടേർസ് എല്ലാം അടങ്ങിയതാണ് ഈ മനോഹരമായ കെട്ടിടം. 700 പേരടങ്ങിയതാണിവിടുത്തെ ജമാഅത്ത്. മനോഹരമായ ഈ കെട്ടിടത്തോടനുബന്ധിച്ചു വിശാലമായ ഒരു മസ്ജിദ് നിർമ്മിക്കുവാനുള്ള പദ്ധതിയുണ്ട്. അതിന്റെ പ്രാരംഭനടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഞങ്ങൾ രാത്രി അവിടെ തങ്ങി. രാവിലെ 9 മണിക്കു പ്രാതൽ കഴിച്ചു ലണ്ടനിലേക്കു പുറപ്പെടുകയും 4 മണിക്കൂർ യാത്ര ചെയ്തു എത്തിച്ചേരുകയും ചെയ്തു.

## ബെൽജിയം

ഞങ്ങൾ ആഗസ്റ്റ് 25ന് രാവിലെ ഏഴുമണിക്കു ലണ്ടനിൽ നിന്നു പുറപ്പെട്ടു. ഒന്നരമണിക്കൂർ യാത്രക്കു ശേഷം ഫ്രാൻസിന്റെ അതിർത്തിയിൽ എത്തി പാസ്പോർട്ട്, വിസ ചെക്കിംഗിന്നുശേഷം അവിടുന്നു ഇംഗ്ലീഷ് ചാനൽ കടന്നു യാത്ര ചെയ്യേണ്ടതുണ്ട്. ഈ ചാനൽ കടക്കാൻ രണ്ടു മാർഗ്ഗങ്ങളാണുള്ളത്. ഒന്നു കപ്പൽ മാർഗ്ഗം - യാത്രികരേയും കാർ, ബസ്സ് മുതലായവയും കപ്പലിൽ കയറ്റി. രണ്ടര മണിക്കൂർ യാത്ര ചെയ്തു അതിർത്തി കടക്കണം. രണ്ടാമത്തെ മാർഗ്ഗം സമുദ്രത്തിന്നടിയിലൂടെ തുരങ്കം വഴി നിർമ്മിക്കപ്പെട്ട ട്രെയിൻ യാത്രയാണ്. ഈ തുരങ്കിൽ കൂടി രണ്ടു തട്ടുകളുള്ള സുദീർഘമായ ട്രെയിനിൽ 150ൽ പരം കാറുകളും ഇതരവാഹനങ്ങളും കയറ്റപ്പെടുന്നു. 36 കിലോമീറ്റർ ദൂരമുള്ള അരമണിക്കൂർ യാത്ര ഒരു വല്ലാത്ത അനുഭവമായിരുന്നു. തങ്ങൾ സമുദ്രത്തിന്റെ അകത്തു കൂടിയാണ് യാത്ര ചെയ്യുന്നത് എന്നു തോന്നുകയില്ലെങ്കിലും ആ യാത്ര ഒരനുഭവം തന്നെയായിരുന്നു. ഇതുകൂടാതെ, യാത്രക്കാരെ കൊണ്ടുപോകുന്നതിന്നുള്ള ട്രെയിൻ വേറെയുമുണ്ട്. ഈ യാത്രക്കുശേഷം ഞങ്ങൾ രണ്ടു മണിക്ക് ബെൽജിയം, മിഷൻ ഹൗസ് ബൈത്തുസ്സലാമിൽ എത്തിച്ചേർന്നു. മൂന്നേക്കർ വിശാലമായ സ്ഥലത്ത് മനോഹരമായ ഒരു കെട്ടിടം മസ്ജിദിന്റെ രൂപത്തിൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഈ മൂന്നേക്കർ നിലം 1985ലാണ് വാങ്ങിയത്. ഈ കെട്ടിടം രണ്ടു പ്രാർത്ഥനാമുറിയും ലൈബ്രറി, ഗസ്റ്റ് ഹൗസ്, മിഷനറി ക്വാർട്ടേർസ് ലക്ചർ ഹാൾ എന്നിവയും അടങ്ങിയതാണ്.

ബെൽജിയത്തിൽ 24, 25, 26 തിയതികളിൽ പതിനഞ്ചാം വാർഷിക സമ്മേളനം നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഇതിൽ പങ്കെടുക്കുവാനും ഒരു സെഷന്റെ അദ്ധ്യക്ഷത വഹിക്കുവാനുമുള്ള അവസരം എനിക്കു ലഭിച്ചു.

27-ാം തിയതി രാവിലെ പത്തു മണിക്ക് ബെൽജിയത്തിൽ നിന്ന് പുറപ്പെട്ടു. ഏകദേശം രണ്ടു മണിക്ക് ഹോളണ്ടിലെ സുപ്രധാന നഗരമായ നൊൻസ്പീറ്റിലെത്തി. ഇവിടെയാണു നമ്മുടെ ജമാഅത്ത് സ്ഥിതിചെയ്യുന്നത്. ഇവിടെ മൗലാനാ കരിം മഹ്മൂദു സാഹിബ് മിഷൻ ഇൻ ചാർജ്ജ് ഞങ്ങളെ സ്വാഗതം ചെയ്തു. ഞങ്ങൾ സന്ദർശിക്കുന്ന മിഷൻ ഇൻ ചാർജ്ജുമാർക്ക് വക്കാലത്തു ത്തബ്ശിറിൽ നിന്നും ഫാക്സ് വഴി വിവരമറിയിച്ചത് കൊണ്ട് എല്ലാ മിഷനുകളിലും ഞങ്ങളുടെ ഭക്ഷണത്തിന്നും താമസത്തിന്നും പ്രത്യേക ഏർപ്പാടു ചെയ്തിട്ടുണ്ടായിരുന്നു.

## ഹോളണ്ടു മിഷൻ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹോളണ്ടിൽ 1947ൽ ജമാഅത്ത് സ്ഥാപിതമായിരുന്നു. 1955ൽ ഹോളണ്ടിലെ ഹേഗ് പട്ടണത്തിൽ മസ്ജിദു മുബാറക്കിന്റെ അസ്തിവാരം ഹദ്റത്ത് ചൗദ്ദരി മുഹമ്മദു സഫറുല്ലാഖാൻ സാഹിബ് (റ) ഇടുകയും മസ്ജിദു നിർമ്മാണത്തിനുശേഷം അദ്ദേഹം തന്നെ ഉദ്ഘാടനകർമ്മം നിർവഹിക്കുകയുമുണ്ടായി.

1985ൽ ജമാഅത്ത് നൊൻസ്പീറ്റു എന്ന അതിമനോഹരമായ സ്ഥലം വിലക്കു വാങ്ങുകയുണ്ടായി. രണ്ടര ഏക്കർ സ്ഥലത്ത് വിശാലമായ നാലുകെട്ടിടങ്ങൾ ഇവിടെ സ്ഥിതിചെയ്യുന്നു. ഈ ജമാഅത്ത് സൂർനാമീ, പാക്കിസ്താനീ, മൊറാക്കെഷി, ആഫ്രിക്കൻ, ബംഗ്ലാദേശ്, ഇന്ത്യൻ സഹോദരീസഹോദരന്മാരടങ്ങിയതാണ്. 850 അംഗങ്ങളുണ്ട്. ഹോളണ്ടിൽ 16 സ്ഥലങ്ങളിൽ ശാഖകളുണ്ട്. ഡച്ചു ഭാഷയിൽ ഖുർആൻ പരിഭാഷ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇപ്പോൾ ആംസ്റ്റർഡാമിൽ മസ്ജിദു നിർമാണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്.

ഹോളണ്ടിലെ നൻസ്പീനിലുള്ള മസ്ജിദിന്നു ബൈത്തു നൂർ എന്നും ഹേഗിലുള്ള മസ്ജിദിന്ന് മസ്ജിദു മുബാറക്കു എന്നുമാണ് നാമകരണം ചെയ്യപ്പെട്ടിട്ടുള്ളത്. ഹേഗിലുള്ള മസ്ജിദു ലജ്നാ ഇമായില്ലായുടെ ചന്ദ കൊണ്ടു മാത്രം നിർമ്മിക്കപ്പെട്ടതാണ്. ആഗസ്റ്റ് 29ാം തിയതി ഞങ്ങൾ ഹോളണ്ടിൽ നിന്ന് ഉച്ചക്കുശേഷം പുറപ്പെട്ട് വൈകുന്നേരം ജർമ്മനിയിലെ ഫ്രാൻക്ഫർട്ടു എന്ന പട്ടണത്തിലെത്തി. വളരെ സൗകര്യമുള്ള താമസസ്ഥലമാണ് ഞങ്ങൾക്കു ലഭിച്ചിരുന്നത്.

## ബൈത്തുസ്സുബൂഹ്

ഫ്രാങ്ക്ഫർട്ടു പട്ടണത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ബൈത്തുസ്സുബൂഹ് എന്ന ഭീമാകാരമായ കെട്ടിടം ജമാഅത്തിന്റെ മിഷൻ കേന്ദ്രമാണ്. 120 ഓഫീസ് മുറികളും രണ്ടു വിശാലമായ പ്രെയർഹാളുകളും ഏറ്റവും വിസ്താരവും എല്ലാ സൗകര്യങ്ങളുമുള്ള കോൺഫ്രൻസുഹാളും മിഷനറി ക്വാർട്ടേർസും ഇതിൽ അടങ്ങിയിരിക്കുന്നു. ആഗസ്ത്, 31 സപ്തംബർ 1, 2 തിയതികളിൽ നടന്ന വാർഷിക സമ്മേളനത്തിൽ പങ്കെടുക്കാൻ വന്നവർക്കുള്ള താമസസ്ഥലവും ഇവിടെയാണുള്ളത്

## 32-ാം വാർഷികസമ്മേളനം

ജമാഅത്തെ അഹ്മദിയ്യ ജർമ്മനിയുടെ 32-ാം വാർഷികസമ്മേളനം ആഗസ്റ്റ് 31, സപ്തംബർ 1, 2 തിയതികളിൽ ഫ്രങ്ക്ഫർട്ടിൽ നിന്നു 100 കി. മീ. ദൂരത്തുള്ള മേൻഹേം എന്ന വിശാലമായ മൈതാനത്ത് നടന്നു. 1-50ന് പതാക ഉയർത്തി ഹുസൂർ തിരുമനസ്സ് സമ്മേളനം ഉൽഘാടനം ചെയ്തു.

മൂന്നു ദിവസങ്ങളിലായി ദൈവാരാധനയുടെ മഹത്വം, സുന്ദരമായ കുടുംബജീവിതം, ദഅ്‌വത്തെ ഇലല്ലായും നമ്മുടെ ഉത്തരവാദിത്വങ്ങളും, വസിയ്യത്തിന്റെ മഹത്തായ ഫലങ്ങൾ, ഖിലാഫത്തെ അഹ്മദിയ്യയുടെ ശതാബ്ദി ജൂബിലിയും നമ്മുടെ ഉത്തരവാദിത്തങ്ങളും, ഇസ്‌ലാമും സമുദായമൈത്രിയും, വിശുദ്ധ ഖുർആന്റെ സംരക്ഷണം ബാഹ്യമായും ആന്തരീകമായും, ഹദ്റത്ത് നബി കരീം (സ) ലോകത്തിന്നെന്തു നൽകി? വിവിധ മതങ്ങളിൽ വാഗ്ദത്ത് മസീഹിനെക്കുറിച്ചുള്ള സങ്കല്പങ്ങളും പ്രവചനങ്ങളും എന്നീ വിഷയങ്ങളെക്കുറിച്ചു യഥാക്രമം ഡോക്ടർ അബ്ദുൽ ശഫ്ഫാർ സാഹിബ് (ജർമ്മനി) മൗലാനാ ഹൈദർ അലി സഫർ സാഹിബ് (ചീഫ് മിഷനറി ജർമ്മനി) മൗലാനാ മുഹമ്മദ് അശ്റഫ് സാഹിബ് മുബല്ലിഗ് ബൽഗാരിയ, മൗലാന മുഹമ്മദു ഇല്യാസ് മുനീർ സാഹിബ് മുബല്ലിഗ് ജർമ്മനി, മുഹമ്മദു ഉമർ നാസിർ ഇസ്‌ലാഹൊ ഇർശാദു ഖാദിയാൻ, അബ്ദുല്ലാ വാഗബ് ഹൗസർ സാഹിബ്, അമീർ ജമാഅത്ത് ജർമ്മനി, മുഹമ്മദു ദാവൂദ് മജോക്കാ സാഹിബ് മുബല്ലിഗ് ജർമ്മനി, ഹിദായത്തുല്ലാഹ ബ്ശ് (ജർമ്മനി) മൗ: ശംശാദ് അഹ്മദ് ഖമർ സാഹിബ് മുബല്ലിഗ് ജർമ്മനി എന്നിവർ പ്രസംഗിച്ചു. ഹുസൂർ തിരുമനസ്സിന്റെ രണ്ടു പ്രഭാഷണങ്ങളും ഉണ്ടായിരുന്നു.

1-9-2007ന് ലജ്നാ ഇമായില്ലാ ജർമ്മനിയുടെ വാർഷിക സമ്മേളനവും ഉണ്ടായിരുന്നു. ഈ സമ്മേളനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും 26,000 പേർ പങ്കെടുക്കുന്നതായി അറിയിക്കപ്പെട്ടു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ യൂറോപ്പിൽ വളരെയധികം പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന ജമാഅത്താണു ജർമ്മനി. ഇവിടെ 240 ശാഖാ ജമാഅത്തുകളുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ചില വർഷങ്ങൾക്കുമുമ്പ് ജർമ്മനി ജമാഅത്തുകളോട് ജർമ്മനിയിൽ 100 മസ്ജിദുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി വെക്കുകയുണ്ടായി. ഇതുവരെ ജർമ്മനിയിലെ വിവിധ ഭാഗങ്ങളിലായി 35 മനോഹരവും വിശാലവുമായ മസ്ജിദുകൾ നിർമ്മിക്കുകയും 20 പ്ലോട്ടുകൾ പള്ളി നിർമ്മാണത്തിന്നായി വാങ്ങുകയും ചെയ്തിരിക്കുന്നു. 7-9-2004ൽ ഖലീഫത്തുൽ മസീഹ് യൂസിൽജൻ എന്ന സ്ഥലത്ത് ഒരു കുന്നിൻപുറത്ത് ഏറ്റവും മനോഹരമായ മസ്ജിദ് ഉൽഘാടനം ചെയ്യുകയുണ്ടായി. മസ്ജിദുൽ ഹുദാ എന്ന് പേരുള്ള പ്രസ്തുത പള്ളിയുടെ ചുറ്റുപാടും ധാരാളം അഹ്മദികളുണ്ട്. എല്ലാ സൗകര്യങ്ങളുമുള്ള രണ്ടുനില മസ്ജിദു ദൂരെ നിന്നു തന്നെ മനോഹരമായ ദൃശ്യം നൽകുന്നു. 4-9-2007ൽ ഈ സ്ഥലത്തിന്നു തൊട്ടടുത്തുള്ള കേസ്സൽ എന്ന സ്ഥലത്തും കുറച്ചുകൂടി അകലെയുള്ള ബോവാൻ എന്ന സ്ഥലത്തും ഹുസൂർ തിരുമനസ്സ് മനോഹരമായ രണ്ടു പള്ളികൾ ഉദ്ഘാടനം ചെയ്തു. ഈ രണ്ടുൽഘാടനങ്ങളിലും പങ്കെടുക്കാനുള്ള ഭാഗ്യം ഈ വിനീതന്നു ലഭിക്കുകയുണ്ടായി. രണ്ട് മസ്ദിദുകളിലും ഈ രണ്ടു പ്രെയർ ഹാളുകളും അവയോടനുബന്ധിച്ചു എല്ലാവിധ സൗകര്യങ്ങളുമുണ്ട്. കേസ്സലിൽ നിർമ്മിക്കപ്പെട്ട മസ്ജിദിന്നു മസ്ജിദു മഹ്മൂദു എന്നും ബോവാനിൽ നിർമ്മിക്കപ്പെട്ട മസ്ജിദിന്നു മസ്ജിദു മുഖീത്തെന്നുമാണ് നാമകരണം ചെയ്യപ്പെട്ടിട്ടുള്ളത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജർമ്മൻ അഹ്മദികൾ മസ്ജിദു നിർമ്മാണത്തിൽ അങ്ങേ അറ്റം ആവേശമാണ് കാണിക്കുന്നത്.

ഫ്രാങ്ക്ഫർട്ടിൽ നിന്നും അല്പം അകന്നുമാറി മസ്ജിദു നൂർ എന്ന പേരിലുള്ള പള്ളി ഉൽഘാടനം ചെയ്തത് ഹദ്റത്ത് ചൗധരി സഫറുല്ലാഖാൻ സാഹിബായിരുന്നു. ജർമ്മനിയിൽ നിർമ്മിക്കപ്പെട്ട ആദ്യത്തെ മസ്ജിദാണിത്.

## നാസിർ ബാഗ്

അതേപ്രകാരം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് III ന്റെ കാലത്ത് വാങ്ങിയ നാസിർബാഗ് എന്നു നാമകരണം ചെയ്യപ്പെട്ട 35,000 ചതുരശ്ര മീറ്റർ വിശാലമായ സ്ഥലത്ത് മനോഹരവും ആയിരത്തിലധികം പേർക്ക് നമസ്കരിക്കുവാനുള്ള രണ്ടു വലിയ ഹാളുകളടങ്ങിയതുമായ മസ്ജിദു സ്ഥിതി ചെയ്യുന്നു.

## ബെർലിൻ

ഇപ്പോൾ സ്ത്രീകളുടെ മാത്രം ചന്ദ കൊണ്ട് ബെർലിനിൽ അതിവിശാലമായ മസ്ജിദു നിർമ്മിക്കപ്പെട്ടുവരികയാണ്.

പൊതുവിൽ ജർമ്മനി ജമാഅത്തുകൾക്കു ഭാസുരമായ ഒരു ഭാവി പ്രതീക്ഷിക്കാം.

ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ (അ) ഒരു ദർശനം ഇതാ ഇവിടെ സഫലമായിക്കൊണ്ടിരിക്കുകയാണ് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു: അതേപ്രകാരം തന്നെയാണ് പടിഞ്ഞാറു നിന്നുള്ള സൂര്യോദയവും. നാം ഈ കാര്യത്തിൽ വിശ്വസിക്കുന്നു. എന്നാലീ വിനീതന്ന് ഒരു സ്വപ്നദർശനത്തിൽ വ്യക്തമാക്കപ്പെട്ടത്, പടിഞ്ഞാറുഭാഗത്ത് നിന്ന് സൂര്യൻ ഉദിക്കുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ആദ്യകാലം തൊട്ട് അവിശ്വാസത്തിന്റേയും വഴികേടിന്റേയും കൂരിരുട്ടിൽ പെട്ടിരുന്ന പാശ്ചാത്യനാടുകൾ സദാചത്തിന്റെ സൂര്യനിൽ നിന്ന് പ്രകാശിതമാകുന്നതും അവർക്ക് ഇസ്‌ലാമിൽ നിന്ന് പങ്കു ലഭിക്കുമെന്നതുമാണ്. ഞാൻ ആത്മീയ ദർശനത്തിൽ ലണ്ടൻ പട്ടണത്തിൽ ഒരു മിമ്പറിന്മേൽ നിൽക്കുന്നതായും ഇംഗ്ലീഷ് ഭാഷയിൽ ഇമാമിന്റെ സത്യതയെക്കുറിച്ചു അവിതർക്കിതമായ ഭാഷയിൽ പ്രഭാഷണം നടത്തുന്നതായും കാണുകയുണ്ടായി. അതിന്നു ശേഷം ഞാൻ ചെറിയ ചെറിയ മരങ്ങളിൽ ഇരിക്കുന്ന വെള്ളനിറമുള്ള പ്രാവുകളെ പിടിക്കുന്നതായും കണ്ടു. ഞാനിതിന്നു നൽകുന്ന വിശദീകരണം എനിക്കു ലണ്ടനിൽ പോകാൻ സാധിക്കുകയില്ലെങ്കിലും എന്റെ ലിഖിതങ്ങൾ ആ ജനങ്ങളിൽ വ്യാപിക്കുന്നതും ധാരാളം സാത്ത്വികരായ ആംഗ്ലേയർ സത്യസാക്ഷ്യത്തിന്നിരയാ

*(ശേഷം 41-ൽ)*

ലേഖനം

# ഇസ്‌ലാമിലെ അറവുക്രമം

**എൻ. അബ്ദുർറഹീം**

**അറവുമൃഗത്തിന് പരമാവധി വേദന കുറച്ചുകൊണ്ടുള്ള അറവുരീതിയാണ് ഇസ്‌ലാമിലേത്. ശാസ്ത്രവും ഈ രീതി ശരിവെക്കുന്നു**

മാംസം ഭക്ഷ്യവസ്തുക്കളിൽ അതിപ്രധാനമായ ഒന്നാണ്. ശരീരത്തിന്റെ പലവിധങ്ങളായ ആവശ്യങ്ങൾക്ക് മാംസഭക്ഷണം അനുപേക്ഷ്യമത്രെ. മനുഷ്യന്നുവേണ്ടിയാണ് ദൈവം സർവ്വ വസ്തുക്കളേയും സൃഷ്ടിച്ചിരിക്കുന്നത്. മൃഗത്തെ അറുക്കാതെ മാംസം ലഭിക്കയില്ലല്ലോ. മൃഗവധം പാപമാണെന്നും അതു കഠിന കൃത്യമാണെന്നും മറ്റും ചിലർ പറയുന്നു. എല്ലാ വധവും പാപമാണെങ്കിൽ, യാതൊരുവിധത്തിലും മൃഗത്തെ ദ്രോഹിക്കാതിരിക്കേണമെന്നുണ്ടെങ്കിൽ നാം മാംസഭക്ഷണം തീരെ വർജ്ജിക്കുകയും സസ്യഭുക്കുകളായി മാറുകയും വേണം. എന്നാൽ, മാംസഭക്ഷണത്തിന്റെ അനുപേക്ഷണീയതയെ അംഗീകരിച്ചുകൊണ്ടു ചില മൃഗങ്ങളെ അറുക്കുന്നതിന്നു ഇസ്‌ലാം തദനുയായികളെ അനുവദിച്ചിരിക്കുന്നു. ഇസ്‌ലാം മാത്രമല്ല, ക്രിസ്തുമതവും ഇസ്രയേൽ മതവും ഹിന്ദുമതം തന്നെയും മൃഗവധം അനുവദിക്കുന്നുണ്ട്. മാംസഭക്ഷണം ശരീരത്തിന്നു അത്യാവശ്യമാണെങ്കിൽ, മൃഗങ്ങളെ അറുക്കുന്നതു ഒരുവിധത്തിലും പാപമായിരിക്കയില്ല.

മൃഗത്തെ അറുക്കുമ്പോൾ അതിന്നു അനാവശ്യമായ വേദനകളും ക്ലേശങ്ങളും ഏല്പിക്കരുതെന്നതു മനുഷ്യത്വപരമായ ഒരു ധർമ്മം മാത്രമാണ്. മറ്റേതു വധക്രമത്തെക്കാളും മൃഗത്തിന്നു അനാവശ്യമായ ബുദ്ധിമുട്ടുകൾ ഏല്പിക്കാതെയുള്ള അറവുരീതി ഇസ്‌ലാം നിർദ്ദേശിക്കുന്നു. ആ രീതിക്കു ശാസ്ത്രീയമായ പിൻബലവുമുണ്ട്. ആരോഗ്യശാസ്ത്രത്തിന്റെ എല്ലാവിധ നിയമങ്ങളും ആ സമ്പ്രദായത്തിൽ അനുവർത്തിക്കപ്പെടുന്നു. ഇസ്‌ലാമിക മൃഗവധക്രമത്തിനുള്ള ശാസ്ത്രീയ പിൻബലം ശരീരശാസ്ത്രജ്ഞരും മൃഗചികിത്സാവിദഗ്ധരും ആയ പലരുടേയും അഭിപ്രായങ്ങളിൽ നിന്നും പ്രസ്ഫുടമാവുന്നുണ്ട്.

### വ്യത്യസ്ത അറവ് രീതികൾ

ലോകത്തു ഇന്നു നടപ്പിലുള്ള അറവുരീതികളെക്കുറിച്ചു അല്പമൊന്നു ശ്രദ്ധിക്കാം. യൂറോപ്യൻ രാജ്യങ്ങളിൽ സാധാരണ മൃഗങ്ങളെ അറുത്തുവരുന്നത് ഒരുതരം യന്ത്രസഹായത്താലാണ്. ഇംഗ്ലീഷിൽ അതിന്നു 'പുള്ളി മെതേഡ്' (Pulley Method) എന്നു പറയുന്നു. കപ്പിപോലുള്ള ഒരുതരം യന്ത്രത്തിന്നു താഴെ അറുക്കപ്പെടേണ്ടുന്ന മൃഗത്തെ നിറുത്തുന്നു. ആ കപ്പിയുടെ ഒരറ്റത്തായി ഘടിപ്പിച്ചിട്ടുള്ള കത്തി മൃഗത്തിന്റെ കഴുത്തിനു നേരെ താഴ്ത്തപ്പെടുകയും കഴുത്തും ദേഹവും വേർപെടുത്തപ്പെടുകയും ചെയ്യുന്നു. ഇതാണ് പരിഷ്കൃത രാജ്യങ്ങളിൽ പ്രചാരത്തിലിരിക്കുന്ന സമ്പ്രദായം.

ചില നാടുകളിൽ മൃഗങ്ങളെ വേട്ടചെയ്യുകയോ വെടിവെച്ചുകൊല്ലുകയോ ചെയ്യുന്നു.

ജർമ്മനിയിലും മറ്റും അധികവും ബോറിങ്ങ് സമ്പ്രദായം (Boring Method) ആണ് നടപ്പുള്ളത്. ഇതിന്നുപയോഗിക്കുന്ന ഉപകരണത്തിന്റെ അഗ്രത്തിൽ ഒരുതരം ചക്രമുണ്ട്. ഈ ചക്രം തിരിയുമ്പോൾ മൃഗത്തിന്റെ തലയിൽ മസ്തിഷ്ക്കത്തോളം തുളക്കപ്പെടുന്നു. മൃഗം കൊല്ലപ്പെടുകയും ചെയ്യുന്നു.

പഞ്ചാബിൽ സിക്കുകാരിൽ പ്രത്യേകമായി കാണപ്പെടുന്നതാണ് 'ജട്ക്കാ' സമ്പ്രദായം. മൂർച്ചേറിയ ഒരു വാളോ മഴുവോ ഉപയോഗിച്ചു ഒന്നോ രണ്ടോ വെട്ടിന്നു തല ദേഹത്തിൽ നിന്നും കഷ്ണിക്കപ്പെടുന്നു.

പിന്നെയുള്ളതു മുസ്‌ലിംകളുടെ അറവുരീതിയാണ്. ഇതിന്നു 'സബ്ഹ്' എന്നാണ് പറയപ്പെടുന്നത്. മൃഗത്തെ നിലത്തു കിടത്തിയശേഷം മൂർച്ചയുള്ള കത്തികൊണ്ട് – കത്തിയില്ലാത്തപക്ഷം വളരെ മൂർച്ചയുള്ള മറ്റെന്തെങ്കിലുമുപകരണവുമാവാം – അതിന്റെ തൊണ്ടക്കുഴൽ വളരെ സൂക്ഷ്മമായും ദ്രുതമായും മുറിക്കുകയാണ് ഇസ്‌ലാമിക രീതി. അറവുകാരൻ തന്റെ പെരുവിരലും ചൂണ്ടുവിരലും കണ്ഠചർമ്മത്തോടു ചേർത്തുപിടിച്ചശേഷം വളരെ സൂക്ഷ്മമായി കത്തിവെക്കേണ്ടതാണ്. മുറിവു പൃഷ്ഠാസ്തി

കുന്നതിനാൽ മരണം നിശ്ചയപ്പെടുത്താൻ സാധിക്കുന്നു. ചില മൃഗങ്ങളെ അറുത്തിട്ടാൽ അവ എഴുനേൽക്കുവാനും മറ്റും ശ്രമിക്കുന്നതിൽ നിന്നു അവക്കു ജീവനും ബോധവും ഉണ്ടായിരിക്കാമെന്നു ചിലർ വിചാരിക്കുന്നുണ്ട്. എന്നാൽ അതു ബോധവും ജീവനും ഉള്ളതുകൊണ്ടല്ലെന്നും ചെറിയ ഞരമ്പുകളുടെ പ്രവർത്തന ഫലം മാത്രമാണെന്നും വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു. രക്തം ധാരധാരയായി പുറത്തേക്ക് പോകുന്നതോടെ രക്തസഞ്ചാരം നിലക്കുന്നതിനാൽ ക്ഷണത്തിൽ മരണം പ്രാപിക്കുന്നു.

## പൂർണ്ണമായ രക്തസ്രാവം

ഇസ്‌ലാമിലെ അറവുക്രമമനുസരിച്ചു മൃഗങ്ങളെ അറുത്താൽ മൃഗത്തിന്റെ ശരീരത്തിലെ മുഴുവൻ രക്തവും ബഹിർഗ്ഗമിക്കുന്നതിന്നു സംഗതിയാവുന്നുവെന്നതാണ് പ്രമുഖമായ ഒരു പ്രത്യേകത. രക്തവാഹിനികളുടെ മദ്ധ്യചർമ്മം എലാസ്റ്റിക്ക് പോലുള്ള ഒരു തരം ചർമ്മമാണ്. ശരീരത്തിന്റെ നാനാഭാഗങ്ങളിലും ആവശ്യാനുസരണം രക്തവ്യാപനത്തെ ക്രമീകരിക്കുവാൻ നിസർഗ്ഗസിദ്ധമായിരിക്കുന്ന ഒരു സംവിധാനമാണിത്. അവ സ്ഥാഭേദേന സിരാഭിത്തികൾ ചുരുങ്ങുകയും വികസിക്കുകയും ചെയ്യും. 'പുള്ളിമെതേഡി'ലും 'ജട്കാ' സമ്പ്രദായത്തിലും അറുക്കപ്പെടുമ്പോൾ കണ്ഠത്തിലെ വലിയ രക്തവാഹിനികളുടെ ഭിത്തികൾക്കു വെട്ടേല്ക്കുകയും അവ ചതയ്ക്കപ്പെടുകയും അതിന്റെ ഫലമായി ധമനികളുടെ ഉൾവൃത്തം (Sumen) ചുരുങ്ങിപ്പോവുകയും ചെയ്യുന്നതിനാൽ അനുസ്യൂതമായ രക്തസ്രാവം തടസ്സപ്പെടുകയും രക്തം വേഗത്തിൽ കട്ടപിടിക്കുന്നതിന്നു കാരണമാവുകയും ചെയ്യുന്നു. ഇസ്‌ലാമിക ക്രമമനുസരിച്ചു ഇങ്ങനെ സംഭവിക്കുന്നില്ല. മൂർച്ചയുള്ള കത്തി വളരെ സൂക്ഷ്മമായി തൊണ്ടക്കുഴലിനെ സമീപിക്കുമ്പോൾ ധമനീചർമ്മം വികസിക്കുകയും രക്തപ്രവാഹം ത്വരിതമായും അനിരുദ്ധമായും സംഭവിക്കുകയും ചെയ്യുന്നു. അറുത്തിട്ട ഉടനെയുണ്ടാവുന്ന വിറയലും ദീർഘവും അഗാധ

അൽപനേരത്തേക്ക് അവ ജീവിച്ചിരുന്നിട്ടുള്ളതായി ശാസ്ത്രജ്ഞന്മാർ രേഖപ്പെടുത്തിയിരിക്കുന്നു.

2. ഒരു വർഗ്ഗത്തിൽപെട്ട പുഴുക്കളുടെ തലയെടുത്തു വേറൊന്നിന്മേൽ ഒട്ടിച്ചപ്പോൾ രണ്ടാമത്തേതു അതിന്റെ അബോധാവസ്ഥയിൽ നിന്നും ജീവിച്ചതായി വിയന്നായിൽ വച്ചു നടത്തിയ ഒരു പരീക്ഷണത്തിൽ കാണപ്പെട്ടു.

3. സാധാരണ പരിതഃസ്ഥിതിയിൽ പ്രത്യക്ഷത്തിലുള്ള മരണത്തിന്നു ശേഷം ജീവന്റെ ശക്തി 18 മണിക്കൂറോളം നിലനിൽക്കുന്നു.

4. നാഡീവ്യവസ്ഥയുടെ നിയന്ത്രണം നഷ്ടപ്പെട്ടതിനു ശേഷവും ശരീരത്തിൽ 'അഡ്രിനാലിൻ' ഇഞ്ചക്ട് ചെയ്താൽ ഹൃദയവും പൾസും സചേതനമാകുന്നു.

5. പൂർവ്വകാലങ്ങളിൽ, ഗളഛേദം ചെയ്യപ്പെട്ട കുറ്റവാളികളുടെ കഴുത്തിന്മേൽ ചുട്ടുപഴുത്ത ഒരുതരം പാത്രം വെച്ചുകെട്ടി രക്തമൊഴുക്ക് തടസ്സപ്പെടുത്തുന്ന പതിവുണ്ടായിരുന്നു. അപ്പോൾ തലയറ്റ ശരീരം അങ്ങുമിങ്ങും ഓടുകയും വീഴുകയും തുള്ളുകയും ചെയ്യും. ഹൃദയശൂന്യരായ കാണികളെ ആ കാഴ്ച രസിപ്പിക്കുകയും ചെയ്തിരുന്നുവത്രെ.

ബാഹ്യമായ മരണത്തിന്നുശേഷം പുനർജീവനം അസാദ്ധ്യമാണെന്നു കാണുകയോ ശരീരത്തിൽ നിന്നും രക്തം പരിപൂർണ്ണമായും ഒഴിക്കപ്പെടുകയോ ചെയ്താൽ മാത്രമേ മരണം തീർച്ചപ്പെടുത്താൻ സാദ്ധ്യമാകയുള്ളൂ. രണ്ടാമത്തേതും മൂന്നാമത്തേതുമായ അറവുക്രമങ്ങൾ, ശരീരത്തിൽ രക്തം തങ്ങിനിൽക്കുന്നതിന്നുള്ള വഴിവെക്കുന്നുണ്ട്. ഒന്നും നാലും സമ്പ്രദായങ്ങൾ അധികം ബുദ്ധിമുട്ടില്ലാത്തതാണെങ്കിലും ചില കുറവുകൾ ആ ക്രമങ്ങൾക്കുമുണ്ടു. ആ രീതികൾക്കനുസരിച്ചു മൃഗം വധിക്കപ്പെടുമ്പോൾ പെട്ടെന്നുണ്ടാകുന്ന ഞെട്ടൽ കാരണമായി രക്തം ധമനികളിൽ കട്ടപിടിച്ചു നിൽക്കാൻ ഇടയുണ്ടു. ഇസ് ലാമിക രീതിയനുസരിച്ചു മൃഗത്തെ അറുത്താൽ രക്തം തികച്ചും വാർന്നുപോ

അഥവാ നെടുമുള്ളുവരെ എത്തുകയും വേണം. ഈ രീതിയനുസരിച്ചു ചെയ്താൽ മസ്തിഷ്കത്തിലേക്കു രക്തമെത്തിക്കുന്ന കണ്ഠരക്തസിരകൾ തികച്ചും ഛേദിക്കപ്പെടുന്നു. ഇസ്‌ലാമിലെ അറവുക്രമം ജൂതന്മാരുടേതിനോടു സാദൃശ്യമുള്ളതാണ്. പ്രധാനമായ ഒരു വ്യത്യാസമുള്ളതു അറവുകാരനെസംബന്ധിച്ചു മാത്രമാണ്. ആധുനിക ജൂതസമുദായത്തിലെ 'ഷോക്കറ്റു' (Shochet) അഥവാ അറവുകർമ്മം നടത്തുന്ന ആൾ, സഭാധികൃതന്മാരാൽ അംഗീകരിക്കപ്പെടുകയും പരീക്ഷിക്കപ്പെടുകയും വേണം. സഭയുടെ അനുമതി ലഭിച്ചവർക്ക് മാത്രമെ അറവു നടത്തിക്കൂടു. അറവുകാരൻ നിപുണനും നല്ല പരിചയം സിദ്ധിച്ചവനും ആയിരിക്കണം. 'ശാബ്ബത്തി'നെ പരസ്യമായി അതിലംഘിക്കുന്നവൻ 'ഷോക്കറ്റു' ആയി പ്രവർത്തിക്കുവാൻ അനർഹനാണ്.

ലോകത്തിന്റെ മറ്റു പലഭാഗങ്ങളിലും മറ്റുപല സമ്പ്രദായങ്ങളും ഉണ്ട്. എന്നാൽ, അവയൊന്നും വിസ്തൃതമായ തോതിൽ നടപ്പിലില്ലെന്നതിനാൽ ഇവിടെ പ്രസ്താവയോഗ്യമല്ല.

## ശീഘ്രമരണം

മറ്റു അറവുക്രമങ്ങളെ അപേക്ഷിച്ചു ഇസ്‌ലാം നിർദ്ദേശിച്ചിരിക്കുന്ന ക്രമത്തിന്നു പല പ്രത്യേകതകളും ഗുണങ്ങളും ഉണ്ട്. ഒന്നാമതായി, അതു മുഖേന ശീഘ്രമരണം സംഭവിക്കുന്നു. രണ്ടാമതായി, ശരീരത്തിൽ നിന്നും രക്തം മുഴുവനും ഒഴിഞ്ഞു പോകുന്നു. മൂന്നാമതായി, മൃഗത്തിന്നു അനാവശ്യമായ വേദന ഏൽക്കേണ്ടി വരുന്നില്ല.

ഹൃദയസ്തംഭനം മൂലമാണോ അതല്ല മസ്തിഷ്ക പ്രവർത്തനത്തിന്റെ നിലയ്ക്കൽ മൂലമാണോ മരണം സംഭവിക്കുന്നത് എന്ന പ്രശ്നം വളരെ വിവാദങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഹൃദയസ്തംഭനം മൂലമാണ് മരണം യഥാർത്ഥത്തിൽ സംഭവിക്കുന്നതെന്നതിന്നു പല ഗവേഷണങ്ങളുടെയും പിൻബലമുണ്ട്.

1. ചില ജീവികളുടെ മസ്തിഷ്കം നീക്കം ചെയ്യപ്പെട്ട ശേഷവും

വുമായ ശ്വാസോച്ഛ്വാസവും കാരണമായി ഉദരത്തിലെയും മറ്റും മാംസപേശികളിൽ നിന്നു രക്തവും മാംസനീരും ശക്തിയിൽ പുറത്തേക്കൊഴിഞ്ഞു പോകുന്നുവെന്നു ഒരു പ്രസിദ്ധ ഡോക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു. മറ്റൊരു വഴിക്കും രക്തം ശരീരത്തിൽ നിന്നു മുഴുവനായും പുറംതള്ളപ്പെടുവാൻ സാദ്ധ്യമല്ലെന്നു ലണ്ടൻ ആസ്പത്രിയിലെ സർജൻ ആയിരുന്ന ടി.എച്ച്. ഓപൻഷോ (C.M.G. M.S.F.R.C.S.) അഭിപ്രായപ്പെടുകയുണ്ടായി.

വെടിവെച്ചു വീഴ്ത്തിയതോ അമ്പെയ്യപ്പെട്ടതോ ആയ പക്ഷികളെ ഭക്ഷിക്കുന്നതിന്നു ഇസ്ലാം അനുവദിച്ചിട്ടുണ്ട്. എന്നാൽ, അവ ഉടനെ ഇസ്ലാമിക രീതിയനുസരിച്ചു അറുക്കപ്പെടണമെന്നാണ് വിധി. എന്നാൽ മാത്രമെ രക്തം തികച്ചും പുറത്തുപോവുകയും മാംസം ഭോജ്യമായി ഭവിക്കുകയും ചെയ്കയുള്ളു. അടിച്ചുകൊന്നതോ, കുത്തിക്കൊന്നതോ, ഞെക്കിക്കൊന്നതോ ആയ മൃഗങ്ങളുടെ മാംസം ഭക്ഷിക്കുന്നതിനെ ഇസ്ലാം വിരോധിച്ചിരിക്കുന്നു. അവയുടെ ശരീരത്തിൽ രക്തം കട്ട പിടിച്ചിരിക്കും. രക്തത്തിൽ തന്നെയും ശുദ്ധരക്തവും അശുദ്ധരക്തവും ഉണ്ടായിരിക്കും. ആരോഗ്യശാസ്ത്രാടിസ്ഥാനത്തിൽ നോക്കുമ്പോൾ രക്തം ഭക്ഷിക്കുന്നതു ശരീരത്തിന്നു ദോഷകരമാണ്. രക്തം മനുഷ്യന്റെ സ്വഭാവഗുണങ്ങളെയും ബാധിക്കും. ഈ കാരണങ്ങളാൽ ഇസ്ലാമിൽ രക്തം നിഷിദ്ധമാണ്. മറ്റെല്ലാ ക്രമങ്ങളെയും അപേക്ഷിച്ചു കൂടുതൽ ആരോഗ്യകരവും ഗുണദായകവുമായ അറവുക്രമം ഇസ്ലാമിന്റേതു മാത്രമാണെന്നു പറയാവുന്നതാണ്.

## മൃഗം അബോധാവസ്ഥയിൽ

അറുക്കുന്ന മൃഗത്തിന്നു യാതൊരുവിധത്തിലും അനാവശ്യമായ ദ്രോഹമേല്പിക്കരുതെന്നു ഇസ്ലാം അനുശാസിക്കുന്നു. നിയന്ത്രിക്കാൻ സാധിക്കാത്ത വലിയ മൃഗങ്ങളുടെ കാലുകൾ കെട്ടിയിടാവുന്നതാണ്. മൃഗത്തെ ഒതുക്കുന്നതിന്നു വേണ്ടി പലവിധ കടുംകൈകളും ചിലർ പ്രവർത്തിക്കാറുണ്ട്. അത്തരം കഠിനചെയ്തികൾ തീർച്ചയായും അനുവദനീയമായിരിക്കയില്ല.

'സബ്ഹ്' സമ്പ്രദായത്തിൽ മൃഗത്തിന്നു അനുഭവിക്കേണ്ടിവരുന്ന വേദന ചർമ്മം മുറിക്കുമ്പോൾ മാത്രമാണ് ഉണ്ടാവുന്നത്. അതുതന്നെയും വളരെ ക്ഷണികവും നിസ്സാരവുമായിരിക്കും. ചില കുട്ടികൾ തങ്ങളുടെ വിരലും മറ്റും ഓർക്കാതെ മുറിപ്പെടുത്താറുണ്ടല്ലോ. അല്പം കഴിഞ്ഞാൽ മാത്രമെ അവർക്കു വേദനയും പുകച്ചലും അനുഭവപ്പെടുന്നുള്ളു. സസ്യഭുക്കുകളായ ജീവികൾക്കു മനുഷ്യജീവികളെക്കാൾ ഇന്ദ്രിയശക്തി കുറവാണെന്നാണല്ലോ പറയപ്പെടുന്നത്.

മൃഗത്തെ അറുത്തു കഴിഞ്ഞാൽ രക്തം ധാരധാരയായി പുറത്തേക്കു പോകുന്നു. കണ്ഠരക്തനാഡികൾ മുറിപ്പെട്ടാൽ മസ്തിഷ്കത്തിലേക്കുള്ള രക്തമോട്ടം നിലക്കുകയും പെട്ടെന്നു ബോധംകെടുകയും ചെയ്യുന്നു. വലിയ സമ്മർദ്ദത്തിൽ ശുദ്ധരക്തം തുടർച്ചയായി ലഭിക്കുന്നതായാൽ മാത്രമെ ബോധം നിലനിൽക്കുകയുള്ളു. ലണ്ടൻ യൂനിവേർസിറ്റിയിലെ ജനറൽ ഫിസിയോളജി പ്രൊഫസരായിരുന്ന സർ വില്യം എം. രബയിലിസ് (M.A, D.S.C, L.L.D, F.R.S) ഇങ്ങനെ പറയുന്നു: "മസ്തിഷ്കത്തിന്റെ അനുസ്യൂതമായ പ്രവർത്തനത്തിന്നാവശ്യമായ ഉപാധി ശുദ്ധരക്തം മുഖേന പ്രാണവാതകം എത്തിക്കപ്പെടുകയാണെന്നത് നിശ്ചയമാണ്." സർ ലോണാർഡ് ഹിൽ (M.B, L.L.D, F.R.S.) പറയുന്നു: "കണ്ഠരക്തധമനികൾ ഛേദിക്കപ്പെടുമ്പോൾ മസ്തിഷ്കത്തിന്റെ പരിമാണം പെട്ടെന്നു ചുരുങ്ങിപ്പോകുന്നതായി ട്രെഫൈൻ (Trefine) (തലയോടു തുരക്കുവാനുള്ള ഒരു ഉപകരണം) ദ്വാരത്തിൽകൂടി നോക്കിയാൽ കാണാം. അതു പിന്നീടു പൂർവ്വസ്ഥിതി പ്രാപിക്കുന്നുമില്ല. ഇതു തെളിയിക്കുന്നതു കണ്ഠരക്തനാഡികൾ മുറിക്കപ്പെട്ടാൽ അതിന്നുള്ള നഷ്ടപരിഹാരമെന്നോണം മുതുകെല്ലിലെ രക്തവാഹിനികൾ മുഖേന രക്താഭിസരണം ഉണ്ടാവുന്നില്ലെന്നാണ്." കാംബ്രിഡ്ജിലെ പ്രൊഫസർ ടി.ബി. വുഡ്സ് (C.B.E, M.A, F.R.S.) പ്രൊഫ. ജെ. ബാർകോഫ്ട് (C.B.E, M.A., F.R.S.) എൽ.എഫ്. ന്യൂമാൻ (M.A.) എന്നിവർ പറയുന്നു: "ബോധഹീനത ഉണ്ടാവുന്നതിനെ താമസിപ്പിക്കുമാറ്, മസ്തിഷ്കത്തിൽ വേണ്ടുവോളമുള്ള രക്തസമ്മർദ്ദം നിലനിർത്താൻ മുറിപ്പെടാത്ത സുഷുമ്നാനാഡികൾക്ക് (Vertebrals) സാദ്ധ്യമല്ല. ടി.എച്ച്. ഓപൻഷോ പറയുന്നു: 'കണ്ഠരക്തനാഡികൾ രണ്ടും മുറിപ്പെട്ടാൽ തലച്ചോറിലെ രക്തസമ്മർദ്ദം നിലനിർത്താൻ സാധ്യമേയല്ല. തലച്ചോറിലെ രക്തസമ്മർദ്ദത്തിന്നു പെട്ടെന്നു സുശക്തവും സ്ഥിരവുമായ വീഴ്ചയാണ് സംഭവിക്കുന്നത്. മസ്തിഷ്കത്തിൽ പൂർണ്ണമായും രക്തശൂന്യതയും കഠിനമോ നിസ്സാരമോ ആയ നൊമ്പരങ്ങൾ അറിയപ്പെടാതിരിക്കുന്ന അവസ്ഥയുമാണ് ഉണ്ടാകുന്നത്." സർ ലോണാർഡ് ഹിൽ ഈ വിഷയത്തെക്കുറിച്ചു ഇങ്ങനെ വിശദീകരണം നൽകുന്നു:

"കരൾ മുറിക്കപ്പെട്ടാൽ ഉടനെ തലയിലും കാലുകളിലും വായിലും സംഭവിക്കുന്ന അനക്കങ്ങളും കിടപ്പിൽ നിന്നും തലയും ശരീരവും പൊക്കുവാനുള്ള ശ്രമവും കണ്ണുതുറിക്കലും മൊക്കറയും ബോധനിലക്കുള്ള ലക്ഷണമാണെന്നു പലരും ധരിച്ചുവശായിട്ടുണ്ട്. ഈ ബോധനില, ഒരു നഷ്ടപരിഹാരമെന്നോണം പൃഷ്ഠാസ്തിനാഡികൾ മുഖേനയുള്ള രക്തസഞ്ചാരം കാരണമായുണ്ടാവുന്നതാണെന്നു ഉറപ്പായി പ്രസ്താവിക്കപ്പെടുകയും ചെയ്യുന്നു.

സുബോധാവസ്ഥ ഉണ്ടാവുന്നുവെന്നുള്ള അഭിപ്രായം അറുത്തിടപ്പെട്ട മൃഗം എഴുന്നേറ്റു രക്ഷപ്പെടാൻ ശ്രമിച്ചേക്കാമെന്ന സംഗതിയെ ആസ്പദിച്ചാണ് മൃഗചികിത്സാവൃത്തങ്ങളിൽ ഉണ്ടായിട്ടുള്ളത്. എങ്കിലും വിശ്വപ്രസിദ്ധ നാഡിജ്ഞാന വിദഗ്ദ്ധനായ സർ. ചാർത്സ് ഷെരിങ്ങ്ടൻ ഉൾപ്പെടെയുള്ള ശരീരശാസ്ത്ര വിചക്ഷണന്മാ

*(ശേഷം 41-ൽ)*

കുറിപ്പുകൾ

മുസാഫിർ

# യഅ്ജൂജ് മഅ്ജൂജും ബോംബുകളുടെ പിതാവും

**വി**ശുദ്ധ ഖുർആൻ പ്രതിപാദിച്ചതും പൗരാണിക കാലം മുതൽ നമ്മുടെ കാലം വരെ നിലനിന്നു വരുന്നതുമായ ലോകത്തിലെ രണ്ട് ശാക്തികച്ചേരികളാണ് യഅ്ജൂജ് മഅ്ജൂജ്. ചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ ബന്ധനസ്ഥരാക്കപ്പെട്ട ആ ശക്തികൾക്ക് വാഗ്ദത്ത മസീഹിന്റെ കാലത്ത് പുനരുജ്ജീവനമുണ്ടാകുമെന്നും അവർ വമ്പിച്ച ആക്രമണപ്രത്യാക്രമണങ്ങൾക്ക് തുടക്കം കുറിക്കുമെന്നും അവസാനം അത് ആഗോള വ്യാപകമായ ഘോരസംഘട്ടനത്തിലേക്ക് നയിക്കുമെന്നും ഖുർആനിലും ഹദീസുകളിലും സൂചനയുണ്ട്. 'ഗോഗ് മഗോഗ്' എന്ന പേരിൽ ഈ ശക്തികളെക്കുറിച്ച് സുദീർഘങ്ങളായ പ്രതിപാദനങ്ങൾ ബൈബിളിലുമുണ്ട്. 'യഅ്ജൂജ് മഅ്ജൂജിനെ'ക്കുറിച്ച് ഖുർആൻ പറയുന്നു.

***'ഏതുവരെയെന്നാൽ യഅ്ജൂജ് മഅ്ജൂജ് തുറന്നുവിടപ്പെടുകയും അവർ എല്ലാ ഉയരങ്ങളിൽ നിന്നും തരംഗങ്ങളിൽ നിന്നും ശീഘ്രസഞ്ചാരം ചെയ്തുവരികയും ആ സത്യമായ വാഗ്ദാനം സമീപിക്കുകയും ചെയ്യുന്ന സമയം വരെ അപ്പോഴതാ അവിശ്വസിച്ചവരുടെ കണ്ണുകൾ മിഴിച്ചു തുറിച്ചുപോകുന്നു. അഹോ ഞങ്ങളുടെ നാശമേ! തീർച്ചയായും ഞങ്ങളിതിനെക്കുറിച്ച് അശ്രദ്ധരായിരുന്നു. അല്ല ഞങ്ങൾ അക്രമികളായിരുന്നു. തീർച്ചയായും നിങ്ങളും അല്ലാഹുവിനു പുറമേ നിങ്ങൾ ആരാധിക്കുന്ന വസ്തുക്കളുമെല്ലാം നരകത്തിന്റെ ഇന്ധനമാണ്. നിങ്ങൾ അവിടെ ചെന്നെത്തുന്നവരായിരിക്കും.... അവർക്ക് അവിടെ നെടുവീർപ്പുകളുണ്ടായിരിക്കും. അവർ അവിടെ (മറ്റൊന്നും) കേൾക്കുകയുമില്ല (21:97-101)***

മറ്റൊരിടത്ത് യഅ്ജൂജ് മഅ്ജൂജിനെപ്പറ്റി ഖുർആൻ പറയുന്നു:

'അന്നു അവരിൽ ചിലർ മറ്റു ചിലർക്കെതിരിൽ തിരമാലകൾ കണക്കെ അടിച്ചുകയറുന്നവരായി നാം വിടുന്നതാണ്. കാഹളത്തിൽ ഊതപ്പെടുകയും എന്നിട്ടു നാം അവരെയെല്ലാവരേയും ഒരുമിച്ചുകൂട്ടുകയും ചെയ്യും (18:100)

പൗരാണികകാലം മുതൽക്കെ നിലനിന്നിരുന്ന യഅ്ജൂജ് മഅ്ജൂജ് എന്ന ഈ ശാക്തികച്ചേരികൾ ഇക്കാലത്ത് ഇംഗ്ലീഷുകാരും റഷ്യക്കാരുമാണെന്നാണ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) വിവരിച്ചത്. ഈ രണ്ട് ജനവർഗ്ഗങ്ങളുടേയും ഗോത്രീയവും സാംസ്കാരികവുമായ സ്വഭാവങ്ങളെയും അവരുടെ ചരിത്ര പരിണാമങ്ങളേയും വിശകലനം ചെയ്തുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) വളരെയേറെ പറഞ്ഞിട്ടുണ്ട്. അധിനിവേശ പ്രവണതയുള്ള ഈ ശക്തികളുടെ ഏഷ്യൻ രാജ്യങ്ങളിലേക്കുള്ള കുതിച്ചുകയറ്റവും അവർ തമ്മിലുള്ള കിടമത്സരങ്ങളും അതിന്റെ രാഷ്ട്രീയവും, സൈനികവും സാമ്പത്തികവുമായ മാറ്റങ്ങളെ സംബന്ധിച്ചും അദ്ദേഹം വിശദമായി പറഞ്ഞിട്ടുണ്ട്.

ഹദ്റത്ത് അഹ്മദി(അ) ന്റെ കാലത്ത് (1835-1908) സോവ്യറ്റ് യൂണിയൻ നിലവിൽ വന്നിട്ടില്ലായിരുന്നു. 1917ലെ റഷ്യൻ വിപ്ലവത്തോടെ നിലവിൽ വന്ന സോവ്യറ്റ് യൂണിയന്റെ നേതൃത്വത്തിൽ കമ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് ചേരിയും, ഇംഗ്ലീഷ് സംസാരിക്കുന്ന ബ്രിട്ടന്റേയും അമേരിക്കയുടേയും നേതൃത്വത്തിൽ മുതലാളിത്ത ചേരിയുമായി ലോകം ധ്രുവീകരിക്കപ്പെടുകയുണ്ടായി. തൊള്ളായിരത്തി നാല്പതുകളിലെ രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ശീതസമരത്തിന്റെ ദശാബ്ദങ്ങളിലേക്ക് അവർ പ്രവേശിക്കുകയുണ്ടായി. യുദ്ധങ്ങളും യുദ്ധശ്രുതികളും കൊണ്ട് മുഖരിതമായിരുന്നു ആ കാലഘട്ടം. ആയുധമത്സരങ്ങളിൽ ആവേശപൂർവ്വം പങ്കുകൊണ്ട ഇരുചേരികളും ലോകസമാധാനത്തിന് നിരന്തരം ഭീഷണിയുയർത്തി. ഭൂമിയിലെ ആയുധപ്പുരകൾ നിറഞ്ഞുകവിഞ്ഞു ബഹിരാകാശത്ത് പോലും ആയുധവിന്യാസത്തിന് വേദിയൊരുങ്ങി. പരസ്പരം പോരടിക്കുന്ന ഈ പൗരാണികശക്തികൾ ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരദശാബ്ദങ്ങളിൽ മുതലാളിത്തത്തിന്റേയും കമ്യൂണിസത്തിന്റേയും രാഷ്ട്രീയ ഭാവം എടുത്തണിയുകയായിരുന്നു.

റഷ്യ തങ്ങളുടെ പ്രത്യയശാസ്ത്രമായി സ്വീകരിച്ച കമ്മ്യൂണിസത്തിന് അപചയമുണ്ടായി. കമ്യൂണിസത്തിന്റെ ആഭ്യന്തരദൗർബല്യങ്ങളും അപ്രായോഗികതയും റഷ്യയെ തകർത്തുകളഞ്ഞു. 1991കളിൽ ദുർബലമായ സോവ്യറ്റ് റഷ്യ ഗോർബച്ചേവിന്റെ കാലത്ത്

സ്വയം പൊട്ടിത്തകരുകയും അമേരിക്കൻ ബ്രിട്ടീഷ് നേതൃത്വത്തിലുള്ള ആഗോളമുതലാളിത്ത സാമ്രാജ്യത്വം റഷ്യക്കുമേൽ മേൽകൈ നേടുകയും ചെയ്തു. റഷ്യയുടെ ഈ പിന്നോട്ടടി ഒരു താൽക്കാലിക പ്രതിഭാസമായിരുന്നുവെന്ന് വേണം മനസ്സിലാക്കാൻ. സോവ്യറ്റ് യൂണിയന്റെ ശിഥീലികരണത്തിന് ശേഷം വന്ന ബോറിസ് യെൽസിന്റെ കാലത്ത് റഷ്യ വീണ്ടും ദുർബലമായി. അതിന്ശേഷം അധികാരമേറ്റെടുത്ത വ്ളാദിമീർ പുട്ടിൻ ശക്തനായ ഒരു ഭരണാധികാരിയായിരുന്നു. പുട്ടിന്റെ നേതൃത്വത്തിൽ റഷ്യ തിരിച്ചുവരവ് നടത്തുകയാണ്. കമ്മ്യൂണിസത്തെ വലിച്ചെറിഞ്ഞ് സ്വയം തകർന്ന റഷ്യയെ നോക്കി അമേരിക്കയും പാശ്ചാത്യശക്തികളും 'റഷ്യക്കെതിരെ ഞങ്ങളുടെ കൈകൾ നിശ്ചലമായിരിക്കുമെന്ന്' അന്ന് പറഞ്ഞത് വെറും പൊയ്‌വാക്കുകളായിരുന്നുവെന്ന് ഗോർബച്ചോവ് തന്നെ കഴിഞ്ഞ ജൂലൈമാസത്തിൽ ഒരു പ്രസ് കോൺഫ്രൻസിൽ പറയുകയുണ്ടായി. താൻ വഞ്ചിക്കപ്പെട്ടുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പഴയ സോവ്യറ്റ് യൂണിയനിൽ നിന്നും വിട്ടുപോയ രാജ്യങ്ങളെക്കൂടി ഉൾപ്പെടുത്തി റഷ്യക്കെതിരെയുള്ള സൈനികസഖ്യമായ നാറ്റോ വിപുലീകരിക്കാനുള്ള അമേരിക്കയുടെ ശ്രമത്തോട് പ്രതികരിക്കുകയായിരുന്നു ഗോർബച്ചോവ്.

തിരുവെഴുത്തുകളിൽ പറയപ്പെട്ട യഅ്ജൂജ് മഅ്ജൂജിന്റെ ഇരുശക്തികളിൽ തളർന്നുപോയ റഷ്യൻ പക്ഷം പ്രവചിതമായ ഒരു മഹാസംഘട്ടനത്തെ ലക്ഷ്യം വെച്ച് ശാക്തിക സന്തുലനം വീണ്ടെടുക്കാനുള്ള കഠിനശ്രമത്തിലാണ്. പൂർവ്വാധികം ശക്തിയോടെ ഇംഗ്ലീഷ് ആധിപത്യത്തിലുള്ള പാശ്ചാത്യചേരിയോട് സംഘട്ടനാത്മകമായ ശീതയുദ്ധത്തിന് റഷ്യ അങ്കം കുറിച്ചിരിക്കുകയാണ്. (സത്യദൂതൻ 2007 മെയ് ലക്കത്തിലെ 'റഷ്യ ഉയർത്തെഴുന്നേൽക്കുന്നു', 2007 ആഗസ്തിലെ 'ആഗോളശീതയുദ്ധം ആരംഭിച്ചുവോ' എന്നീ ലേഖനങ്ങൾ കാണുക). റഷ്യയുടെ മിലിറ്ററി ബഡ്ജറ്റ് കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കുള്ളിൽ നാലിരട്ടിയായി വർദ്ധിക്കുകയുണ്ടായി. എങ്കി ലും അമേരിക്കയുമായി താരതമ്യപ്പെടുത്തുമ്പോൾ റഷ്യയുടെ സൈനിക ബഡ്ജറ്റ് വളരെ കുറഞ്ഞത് തന്നെയാണ്.

യഅ്ജൂജ് മഅ്ജൂജ് ശാക്തിക ചേരികളിൽ ഒരു കക്ഷിയായ റഷ്യ തങ്ങളുടെ ആയുധമത്സരത്തിൽ കഴിഞ്ഞ സപ്തംബറിൽ ഗണ്യമായ ഒരു കുതിച്ചുചാട്ടമാണ് നടത്തിയത്. അതീവ സംഹാരശേഷിയുള്ള തെർമോ ബാറിക് (Thermobaric) ടെക്നോളജി ഉപയോഗിച്ചുകൊണ്ടുള്ള വാക്വം ബോംബിന്റെ (Vaccum Bomb)ന്റെ നിർമ്മാണമാണത്. നാനോ ടെക്നോളജിയുടെ ചില രഹസ്യസങ്കേതങ്ങളും അവർ ഇതിൽ ഉപയോഗിച്ചിട്ടുണ്ട്. ആണവേതര ബോംബുകളിൽ അഗ്നിപ്രളയം സൃഷ്ടിക്കാൻ കഴിവുള്ള റഷ്യ നിർമ്മിച്ച ഈ ബോംബിന് ***'ബോംബുകളുടെ പിതാവ്'*** എന്നാണ് അതിന്റെ ഉപജ്ഞാതാക്കൾ തന്നെ പേരിട്ടിരിക്കുന്നത്. നാല് വർഷങ്ങൾക്ക് മുമ്പ് തെർമോബാറിക് ടെക്നോളജി ഉപയോഗിച്ചുകൊണ്ട് തന്നെ. അമേരിക്ക നിർമ്മിച്ച 'മാസ്സീവ് ഓർഡനൻസ് എയർ ബ്ളാസ്റ്റ് (MOAB) എന്ന 'ബോംബുകളുടെ മാതാവ്' എന്ന് നാമകരണം ചെയ്യപ്പെട്ട ബോംബിനുള്ള മറുപടിയാണ് റഷ്യയുടെ ഈ 'ബോംബുകളുടെ പിതാവ്'

തെർമോബാറിക് വാക്വംബോംബിന്റെ നിർമാണത്തിലൂടെ ഇത്തരം ബോംബ് നിർമ്മാണത്തിൽ റഷ്യ അമേരിക്കയെ മറികടന്നുവെന്നാണ് വിലയിരുത്തപ്പെടുന്നത്. അത്രക്ക് ഭയാനകമാണ് റഷ്യയുടെ ഈ തീ ബോംബ്. സാധാരണഗതിയിൽ ഒരു പേടകത്തിനകത്ത് സ്ഫോടകവസ്തുക്കൾ നിറച്ച് ഡിറ്റോണേറ്ററുകളിലൂടെ സ്ഫോടനമുണ്ടാക്കിയാണ് ബോംബ് പൊട്ടിക്കുന്നത്. എന്നാൽ തെർമോബാറിക് ടെക്നോളജി പ്രകാരമുള്ള ബോംബിന് അത്തരം പരിധികളൊന്നുമില്ല. വായു തന്നെയാണ് ബോംബിന്റെ പ്രധാന ഇന്ധനം. സ്ഫോടകപദാർത്ഥം പൊടിരൂപത്തിലോ ബാഷ്പശീലമുള്ള ദ്രവരൂപത്തിലോ അന്തരീക്ഷത്തിൽ വലിയ വൃത്തത്തിൽ വിതറിയതിന് ശേഷം സ്ഫോടകവസ്തുവിനെ ചാർജ് ചെയ്ത് സ്ഫോടനമുണ്ടാക്കുന്നു. വായുവാണ് ഇതിലെ പ്രധാന ഇന്ധനം. സ്ഫോടനസമയത്ത് പരിസരത്തുള്ള മുഴുവൻ വായുവും വലിച്ചെടുത്ത് അവിടമെല്ലാം ശൂന്യമാക്കപ്പെടുകയും പൊടുന്നനെ ആ പ്രദേശത്തെ അന്തരീക്ഷമാകെ കത്തിച്ച് അഗ്നിപ്രളയം സൃഷ്ടിക്കുകയും ചെയ്യുന്നു. വമ്പിച്ച വൃത്തത്തിൽ സംഭവിക്കുന്ന ഈ സ്ഫോടനത്തിന്റെ അഗാധത്തിലും ചൂടിലും പുറമെ ഓക്സിജന്റെ അഭാവത്തിലും മനുഷ്യനടക്കം സകല ജീവിജാലങ്ങളും ചത്തൊടുങ്ങുന്നു. ആ പ്രദേശത്തെ ബങ്കറിലും, ഗുഹകളിലും, ടണലുകളിലും രക്ഷ തേടിയ മനുഷ്യരെല്ലാം പ്രാണവായു ലഭിക്കാതെ മരിച്ചു വീഴും. അതാണ് തെർമോബാറിക്ക് വാക്വം തീ ബോംബിന്റെ ഏകദേശ പ്രവർത്തന രീതി.

അവസാനമായി ഒരു കാര്യം കൂടി പറയട്ടെ. ഖുർആൻ പ്രയോഗിക്കുന്ന ഓരോ പദവും സൂക്ഷ്മവും അഗാധവുമായ അർത്ഥധ്വനികളുള്ളതാണ്. യഅ്ജൂജ് മഅ്ജൂജ് എന്ന പദം അറബിയല്ലാത്ത രണ്ട് നാമങ്ങളുടെ അറബി തദ്ഭവമാണ്. അജ്, അവുജ്, മഊജ്, അജാഅ് എന്നിങ്ങനെയുള്ള ഏതെങ്കിലും ഒരു ധാതുവിൽ നിന്നാണ് 'യഅ്ജൂജ് മഅ്ജൂജ്' എന്ന പദം നിഷ്പന്നമായത്. കത്തിജ്വലിക്കുക, ശീഘ്രഗമനം ചെയ്യുക, ഇളകി മറിയുക, യുദ്ധം ചെയ്യുക, മേലോട്ടുയരുക എന്നെല്ലാമാണ് ഇതിനർത്ഥം. അവരുടെ നാമവിശേഷണത്തെ അന്വർത്ഥമാക്കുന്ന നാരകീയമായ ആയുധസന്നാഹങ്ങൾ നിർമ്മിച്ചും സംഭരിച്ചും യഅ്ജൂജ് മഅ്ജൂജ് ശാക്തിക മത്സരത്തിലേർപ്പെടുകയാണ്. ഈ ശക്തികൾ ലോകത്ത് നാശം വിതച്ച് സ്വയം ഏറ്റുമുട്ടി നശിക്കുന്നതാണ്. ബോംബുകളുടെ പിതാക്കളേയും ബോംബുകളുടെ മാതാക്കളേയും സൃഷ്ടിക്കുന്ന ഈ ശക്തികളെക്കുറിച്ചുതന്നെയാണ്. വിശുദ്ധ ഖുർആനിന്റെ ഒരദ്ധ്യാ

യത്തിൽ അല്ലാഹു ശാപം വർഷിക്കുന്നുമുണ്ട്. ആ ശക്തികൾ നശിച്ചുപോകുമെന്ന ഖുർആൻ വചനം ഉദ്ധരിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം.

***'അബൂലഹബിന്റെ (അഗ്നിയുടെ പിതാവിന്റെ) ഇരുകരങ്ങളും നശിക്കട്ടെ. അവന്റെ ധനമോ അവൻ പരിശ്രമിച്ചു സമ്പാദിച്ചതോ അവന് ഒരു പ്രയോജനവും ചെയ്തില്ല. താമസിയാതെ അവൻ ജ്വാലയുള്ള അഗ്നിയിൽ പ്രവേശിക്കുന്നതാണ്'***

**(സൂറ: അല്ലഹബ്)** ●

---

*(38-ൽ നിന്ന് തുടർച്ച)*

രുടെ അഭിപ്രായം ഈ ചലനങ്ങൾ ചെറുതരം ഞരമ്പുകേന്ദ്രങ്ങളിലുണ്ടാകുന്ന പ്രവർത്തനങ്ങളുടെ പ്രതികരണലക്ഷണങ്ങൾ മാത്രമാണെന്നാണ്". തുടർന്നുകൊണ്ട് വായുവിൽ പ്രാണവാതകം കുറച്ചാൽ ഒരു ജീവിയിൽ ഉണ്ടാവുന്ന പ്രത്യാഘാതങ്ങളെ വിവരിച്ച ശേഷം വിറയൽ ഉണ്ടാവുന്ന അവസരത്തിൽ മൃഗം തികച്ചും ബോധമില്ലാതെയാണിരിക്കുന്നതെന്നു അദ്ദേഹം സമർത്ഥിച്ചിരിക്കുന്നു. കണ്ഠം മുറിപ്പെട്ടാൽ നാഡിവ്യവസ്ഥയിലെ ചെറിയ കേന്ദ്രങ്ങൾ - സ്പൈനൽ ബൾബും സ്പൈനൽ കോർഡും - അല്പനേരത്തേക്കു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതാണെന്നു ഇംഗ്ലണ്ടിലെ ഒരു പ്രസിദ്ധ ശരീരശാസ്ത്രവിദഗ്ദ്ധൻ എഴുതിയിരിക്കുന്നു. പ്രസ്തുത ഉദ്ധാരണങ്ങളിൽ നിന്നു മൃഗത്തിന്നു അസഹനീയമായ വേദനയുള്ളതുകൊണ്ടല്ല വിറയലും മറ്റും ഉണ്ടാവുന്നതെന്നും കണ്ഠരക്ത ധമനികൾ മുറിപ്പെടുന്നതോടെ മസ്തിഷ്കം നിശ്ചലമാവുന്നുവെന്നും വ്യക്തമാകുന്നുണ്ടല്ലോ.

## നല്ല മാംസം

മേൽ ക്രമമനുസരിച്ചു അറുക്കപ്പെട്ട മൃഗത്തിന്റെ മാംസത്തിന്നും തോലിന്നും പൊതുവെ പല മെച്ചങ്ങളുമുണ്ട്. ലണ്ടനിലെ ബ്രിട്ടീഷ് ജൂതന്മാരുടെ ബോർഡ് ഓഫ് ഡെപ്യൂട്ടീസ് മൃഗവധക്രമങ്ങളെ കുറിച്ചുള്ള വൈദേശിക വിദഗ്ദ്ധന്മാരുടെ അഭിപ്രായങ്ങൾ ശേഖരിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഇസ്‌ലാമികരീതിയിലുള്ള അറവാണ് ഏറ്റവും ഗുണപ്രദമെന്നു പ്രസ്തുത അഭിപ്രായങ്ങൾ തെളിയിക്കുന്നു.

ബർലിനിലെ പ്രൊഫസർ ഗസ്റ്റാവ് ഫ്രീഷ് പറയുന്നു: "മരണത്തിന്നുശേഷം ധമനികളിൽ രക്തം കെട്ടിക്കിടക്കുന്ന മാംസത്തെക്കാൾ രക്തം തീരെ ഒഴിഞ്ഞുപോയ മാംസമാണ് കൂടുതൽ നല്ലതെന്നാണ് എന്റെ അഭിപ്രായം." ബുഡാപെസ്റ്റിലെ പ്രൊഫസർ ഫർഡിനാണ്ട് വോൺ ക്ലഗ് പറയുന്നു: "ബോധം കെടുത്തി കൊല്ലപ്പെട്ട മൃഗത്തിന്റെ ഇറച്ചി രക്തം നിഷ്കാസനം ചെയ്തുകൊണ്ട് അറുക്കപ്പെട്ട മൃഗത്തിന്റെ മാംസത്തെക്കാൾ വേഗത്തിൽ ചീത്തയായിപ്പോകുന്നു."

ഗ്ലീവിറ്റ്സിലെ ചീഫ് വെറ്ററിനറി ഓഫീസർ ഡോ: ഒ. വൊഹ്ള്ർ പറയുന്നു: "മാംസത്തിന്നു കൂടുതൽ നല്ല നിലയും നീണ്ടുനിൽക്കുന്ന ഗുണങ്ങളും സിദ്ധിക്കുന്നു."

ആൾഫെൽഡിലെ (ALFELD) കസായികൾ പറയുന്നു: "ഈ ക്രമം കൂടുതൽ രുചിപ്രദവും വേഗത്തിൽ ചീത്തയായിപ്പോകാത്തതുമായ മാംസം പ്രദാനം ചെയ്യുന്നു.".

ഗ്രാട്സിലെ (Gratz) മീറ്റ് ട്രെയിഡേർസ് ഫെഡറേഷന്റെ പ്രസിഡണ്ടു പറയുന്നു: "ഈ അറവുക്രമം ഏറ്റവും സുരക്ഷിതവും ഉത്തമവും ആയ ക്രമങ്ങളിൽ പെട്ടതാകുന്നു. വിശേഷിച്ചു മാംസം വേഗത്തിൽ ചീത്തയായിപ്പോകുന്നില്ല."

## നല്ലയിനം തോൽ

തോൽവ്യവസായത്തിൽ പ്രവർത്തിക്കുന്ന ഒരു ശാസ്ത്രജ്ഞൻ സർ ലോണാർഡ് ഹില്ലിനോടു ഇങ്ങനെ പറയുകയുണ്ടായത്രെ: "പച്ചത്തോലിൽ രക്തം ഉണ്ടാവുന്നതുകൊണ്ടു തോലിന്റെ ഗുണം കുറയുന്നു. രക്തം കാരണമായി തോലിന്നു നിറപ്പകർച്ചയുണ്ടാകുന്നുവെന്നു മാത്രമല്ല, മൃദുത്വം കുറഞ്ഞുപോകയും ചെയ്യുന്നു".

ഇങ്ങനെ ഇസ്‌ലാമിലെ മൃഗവധക്രമം ശാസ്ത്രലോകത്തിന്റെ ആനുകൂല്യത്തിന്നും പ്രശംസക്കും പാത്രീഭൂതമായിരിക്കുന്നു. ആധുനികശാസ്ത്രത്തിന്റെ ആവിർഭാവത്തിന് മുമ്പ് തന്നെ ശാസ്ത്രീയ നിയമങ്ങൾക്കനുസരിച്ചുള്ള ഒരറവുരീതി ഇസ്‌ലാം നിർദ്ദേശിച്ചിരിക്കുന്നുവെന്നതു അത്ഭുതാവഹമല്ലേ? ●

---

*(35-ൽ നിന്ന് തുടർച്ച)*

യിത്തീരുന്നതും ആണെന്നാണ്. വാസ്തവത്തിൽ ഇന്നുവരെ പാശ്ചാത്യ നാടുകളെ സംബന്ധിച്ചേടത്തോളം സത്യങ്ങളുമായുള്ള ബന്ധം വളരെ കുറഞ്ഞ രീതിയിലാണ്. ചുരുക്കത്തിൽ, അല്ലാഹു മതപരമായ അറിവും ബുദ്ധിശക്തിയും ഏഷ്യക്കും ഭൗതികമായ അറിവും ബുദ്ധിശക്തിയും യൂറോപ്പിന്നും അമേരിക്കക്കും ആണ് നൽകിയിരിക്കുന്നത്. നബിമാരും ആദ്യന്തം ഏഷ്യയുടെ ഭാഗത്താണ് അവതീർണ്ണരായിരിക്കുന്നത്. ഇനി മേൽ അല്ലാഹു ഇവരുടെ മേൽ കാരുണ്യ ദൃഷ്ടി പതിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. (ഇസാലയെ ഔഹാം പേ. 376, 377)". അതെ! ഇസ്‌ലാമിന്റെ സൂര്യനിതാ പടിഞ്ഞാറു നിന്നുദിച്ചു പൊങ്ങുകയാണ്! ●

---

## നബിവചനം:

അബുഹുറയ്റ (റ) നിന്ന് നിവേദനം: 'സൃഷ്ടിപ്പിന്റെ കാര്യം അല്ലാഹു നിർവ്വഹിച്ചുകഴിഞ്ഞപ്പോൾ എന്റെ കാരുണ്യം എന്റെ കോപത്തെ കവച്ചു വെക്കും' എന്ന് തന്റെ പക്കലുള്ള ഒരേടിൽ അല്ലാഹു എഴുതി വെച്ചു. ആ ഏട് സിംഹാസന (അർശ്)ത്തിന്റെ മുകളിലാണ് അവൻ സൂക്ഷിച്ചിരിക്കുന്നത്.

**(ബുഖാരി)**

അനുസ്മരണം

# എം.ടി. അഹ്മദ് സാഹിബ്



കൂടാളി : കൂടാളി ജമാഅത്തിലെ സജീവാംഗവും മുൻകാല മദ്രസ്സാ അദ്ധ്യാപകനുമായിരുന്ന ജനാബ് എം. ടി. അഹ്മദ് സാഹിബ് (69) ഒക്ടോബർ 7-ാം തിയ്യതി ഞായറാഴ്ച അന്തരിച്ചു. ഇന്നാലില്ലാഹി.....

'എം.ടി.' എന്ന രണ്ടക്ഷരങ്ങളിൽ കേരള അഹ്മദികൾക്ക് സുപരിചിതനായ പരേതൻ ത്യാഗോജ്ജ്വലമായ വഴിത്താരയിലൂടെ അഹ്മദിയ്യാ ജമാഅത്തിലേക്ക് ചേക്കേറിയ ഒരു സാഹസികനായിരുന്നു! മഞ്ചേരിക്കടുത്ത് ആമയൂരിൽ പ്രസിദ്ധ ഉൽപതിഷ്ണു പണ്ഡിതനും കച്ചവടക്കാരനും പൗരപ്രമുഖനുമായിരുന്ന എം.ടി. അബ്ദുറഹിമാൻ മൗലവിയായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. മുറ്റത്ത് ആനയെ തളച്ചിട്ട സ്വന്തം തറവാടിന്റേയും, കുലമഹിമയിൽ പേരുകേട്ട ഭാര്യാകുടുംബത്തിന്റേയും സമ്പന്നതയുടെ പറുദീസയിൽ ജീവിച്ചുവരുമ്പോഴാണ് എം.ടി. അഹ്മദ് സാഹിബ് അഹ്മദിയ്യാ പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടനാവുന്നത്! വിശ്വാസപരമായ ഈ വിചിന്തനത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചതും നിമിത്തമായതും സ്വന്തം പിതാവുതന്നെയായിരുന്നു.

മർഹൂം മൗലാനാ അബ്ദുല്ലാഹ് എച്ച്.എ.യുമായി സൗഹൃദത്തിലായിരുന്ന അബ്ദുറഹിമാൻ മൗലവി അഹ്മദിയ്യത്തിനെക്കുറിച്ച് തന്റെ മകൻ എം.ടി.യുമായി ആശയവിനിമയം നടത്തുക പതിവായിരുന്നു! തുടക്കത്തിൽ പിതാവ് അഹ്മദിയ്യത്തിന് അനുകൂലമായി സാരിച്ചപ്പോഴെല്ലാം നിഷേധാത്മകമായ പ്രതികരണമായിരുന്നു എം.ടി. യുടേത്! ഒരിക്കൽ നിലമ്പൂരിൽ വെച്ച് മൗലാനാ അബ്ദുല്ലാഹ് സാഹിബിനെ നേരിൽ കണ്ടപ്പോൾ ഭക്തനും പണ്ഡിതനുമായ ഈ നല്ല മനുഷ്യൻ പിഴച്ചുപോയല്ലോ എന്ന മുൻവിധിയാണ് അബ്ദുല്ലാഹ് സാഹിബിനെ കുറിച്ച് എം.ടി.ക്കുണ്ടായിരുന്നത്! എന്നാൽ മൗലവി സാഹിബുമായി ദീർഘനേരം സംസാരിച്ചുകഴിഞ്ഞപ്പോൾ അന്നേവരെ ഉണ്ടായിരുന്ന തെറ്റുധാരണകളുടെ അടിയൊഴുക്കുകൾ ഗതിമാറി ഒഴുകാൻ തുടങ്ങി!

അധികം വൈകാതെ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ച എം.ടി. യുടെ പിന്നീടുള്ള ജീവിതം തികച്ചും സ്ഫോടനാത്മകമായിരുന്നു! നാട്ടിലെ പ്രാമാണികത്വത്തിന്റെ തലപ്പത്ത് പ്രാമുഖ്യമുണ്ടായിരുന്ന രണ്ടു തറവാടുകളിലെ ഒരംഗം പെട്ടെന്ന് ഖാദിയാനിസത്തിലേക്ക് ചാടിപ്പോയത് സ്വന്തം പിതാവിനുപോലും അംഗീകരിക്കാൻ കഴിഞ്ഞില്ല! ഉടനെ എം.ടി.യെ വിശ്വാസത്തിൽ നിന്ന് പിന്തിരിപ്പിക്കാനുള്ള ഊർജ്ജിതശ്രമങ്ങളുണ്ടായി! ഫലമില്ലെന്നു കണ്ടപ്പോൾ ശാരീരിക പീഡനങ്ങൾക്കും അദ്ദേഹം വിധേയനായി! സ്വന്തം കുടുംബത്തിൽ നിന്നും ഭാര്യവീട്ടുകാരിൽ നിന്നും ബഹിഷ്കൃതനായ അദ്ദേഹത്തിന് ഒരു മാനേജ്മെന്റ് സ്കൂളിലുണ്ടായിരുന്ന അദ്ധ്യാപകജോലിയും നഷ്ടപ്പെട്ടു! മനസ്സിന്റെ സമനില തെറ്റാൻ പോലും ഈ സാഹചര്യങ്ങൾ കളമൊരുക്കി! സ്വന്തം നാട്ടിൽ രക്ഷയില്ലെന്നു കണ്ടപ്പോൾ ഒരു ഒളിച്ചോട്ടത്തിലൂടെ മർഹൂം മൗലാനാ കെ. അലവി മൗലവി സാഹിബിന്റെ സന്നിധിയിൽ അദ്ദേഹം അഭയം തേടി! മൗലവി അലവി സാഹിബ് എം.ടി.യെ കോഴിക്കോട്ടെത്തിക്കുകയും ചികിത്സിക്കുകയും അന്നത്തെ ജമാഅത്ത് പ്രസിഡണ്ടായിരുന്ന പരേതനായ കെ. പി. അസ്സുസാഹിബിന്റെ സ്ഥാപനത്തിൽ ഒരു ജോലി ശരിപ്പെടുത്തിക്കൊടുക്കുകയും ചെയ്തു.

ഇംഗ്ലീഷിൽ പ്രാവീണ്യവും ഉറുദു-അറബിക്ക് ഭാഷകളിൽ സാമാന്യ ജ്ഞാനവുമുണ്ടായിരുന്ന അദ്ദേഹം ജമാഅത്തിലെ പല തസ്തികകളിലും പ്രവർത്തിച്ചു. അദ്ദേഹം എവിടെയെല്ലാം ജീവിച്ചിട്ടുണ്ടോ അവിടങ്ങളിലെല്ലാം അഹ്മദിയ്യാസന്ദേശം പ്രചരിപ്പിക്കുന്നതിലും അഹ്മദിയ്യാ സാഹിത്യങ്ങൾ വിതരണം ചെയ്യുന്നതിലും ആവേശം പ്രകടിപ്പിച്ചിരുന്നു! മാതമംഗലം സ്വദേശിയും ഇപ്പോൾ ഖാദിയാനിലെ നാസിം ഖസായും 'മിശ്കാത്ത്' ഉർദുമാസികയുടെ പത്രാധിപരുമായ സൈനുദ്ദീൻ ഹാമിദ് സാഹിബ് പണ്ട് പുളിക്കൽ മുജാഹിദ് കോളേജിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ 'അഹ്മദിയ്യത്ത്' സ്വീകരിക്കാൻ നിമിത്തമായിത്തീർന്നത് എം.ടി.യുടെ തബ്ലീഗ് ആയിരുന്നു.

പരേതന്റെ ഭാര്യ നഫീസ സാഹിബ (കൂടാളി) മക്കൾ : മശ്ഹൂറ, വാജിദ് (അബൂദാബി), അബ്ദുൽ ഹാദി (കുവൈറ്റ്), നൌഷർ (മസ്ക്കറ്റ്) പ്രൊഫസർ കരീം, മരുമക്കൾ : വി.കെ. നസീർ (കടലായി) റാസിന, റസ്ന, സൂഫിയ. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ. ●

**കെ.പി. അഹ്മദ്**